# ഇമലയാളി ഡോട്ട്കോം

## അമേരിക്കൻ മലയാളികളുടെ ദിനപ്പത്രം

## സാഹിത്യ അവാർഡ് 2016



**www.emalayalee.com** estd: 1997

**Desi Life and Times www.dlatimes.com**

# PARK FUNERAL CHAPELS

## Generations of Dignified Personal Service




### Services

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Direct Cremation or Burial Service from $925.00*
- Traditional Funeral Services from $2,400.00*
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**

**Tel: (516) 747-4300**

**www.parkfuneralchapels.com**






# ഡോ. ഏ.കെ.ബി.പിള്ള ധിഷണാശാലിയായ മാനവ ശാസ്ത്രജ്ഞൻ

പ്രശസ്തപണ്ഡിതനും മാനവ വികാസ ശാസ്ത്രജ്ഞനും സാമൂഹ്യസേവകനും സാഹിത്യകാരനും കൂടാതെ കേരളവികാസ ഗവേഷകനുമെന്ന് പേരുകേട്ട ഡോ. എ കെ ബാലകൃഷ്ണ പിള്ള എന്ന പ്രതിഭാധനൻ ആഗോള മലയാളിസമൂഹത്തിനും അഭിമാന ഭാജനമാണ്. സാഹിത്യം, തത്വചിന്ത, മനുഷ്യസ്നേഹം എന്നീ നിലകളിലെ ഡോ. ഏ. കെ. ബി. പിള്ളയുടെ ലോകോത്തര നേട്ടങ്ങളും, മലയാളഭാഷക്കും അമേരിക്കൻ മലയാള സാഹിത്യത്തിന്റെ വികാസത്തിനും വേണ്ടിയുള്ള അദ്ദേഹത്തിന്റെ നിരന്തരശ്രമങ്ങളും കണക്കിലെടുത്താണ്, പ്രബുദ്ധതയുടെയും അനുഭവജ്ഞാനത്തിന്റെയും പ്രതിരൂപമെന്ന് വിശേഷിപ്പിക്കാവുന്ന ഡോ. പിള്ളയ്ക്ക് ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരത്തിലൂടെ 'ഈ മലയാളി'യുടെ ആദരം.

" ഇന്ന് ലോകമാകെ കൊടുങ്കാറ്റടിക്കുന്ന ഭൗതികഭോഗ സംസ്കാരത്തിന്റെ വലയിലാണ്, സ്വാഭാവികമായി അമേരിക്കയിലെ മലയാളികളും. എന്നാൽ മലയാളിക്ക് കേരള പാരമ്പര്യത്തിൽ നിന്നും ലഭിച്ച പ്രത്യേകമായ സാമൂഹ്യതയും സംസ്കാരവും ഉണ്ട്. ഈ കാഴ്ചപ്പാട് എല്ലാ മലയാളികളെയും ധന്യമാക്കും. സാഹിത്യം മാനുഷികമൂല്യങ്ങളുടെ - സ്നേഹം സാമൂഹ്യത, സഹകരണം, ക്ഷമ, നന്മ ചെയ്യാനുള്ള ധൈര്യം തുടങ്ങിയവയുടെ പ്രകാശനം ആകുന്നു. അവയുടെ ഇന്നത്തെ ച്യുതിയിൽ നിന്ന്, മനുഷ്യവർഗ്ഗത്തെ ഉദ്ധാരണം ചെയ്യാൻ എഴുത്തുകാർക്കു മാത്രമേ കൂടുതലായി കഴിയുകയുള്ളൂ. ഈ ഉദ്ധാരണത്തിലാണ് അമേരിക്കൻ മലയാളികളുടെ ഭാവിയും. ." ഈ മലയാളിഅവാർഡിനോട് അനുബന്ധിച്ച് നൽകിയ ചോദ്യത്തോട് ഡോ.എ കെ ബി മനം തുറന്നതിങ്ങനെ.

"മലയാളത്തിന്റെയും സാഹിത്യത്തിന്റെയും വളർച്ചയാണ് കഴിഞ്ഞ അനേകം കൊല്ലങ്ങളായി എന്റെ പ്രവർത്തനങ്ങളിൽ ഞാൻ ശ്രദ്ധിച്ചുവരുന്നത്. " എന്ന് വിശദീകരിക്കുന്നു സാഹിത്യ സൃഷ്ടിയിലും മാനസിക വൈദ്യത്തിലും ജീവകാരുണ്യ പ്രവർത്തികളിലും വ്യാപൃതനായി മനുഷ്യജീവിതത്തിന്റെ തത്വവും വികാസപ്രക്രിയകളും കണ്ടുപിടിക്കാൻ ശ്രമിക്കുന്ന, ഈ വലിയമനുഷ്യൻ. വികസിപ്പിച്ചെടുത്ത പ്രക്രിയകൾ ഉൾക്കൊള്ളുന്ന മാനവ വികാസശാസ്ത്രത്തിലൂടെയാണ്, വേറിട്ടതും വ്യതിരിക്തതയാർന്നതും ഉദാത്തവുമായ ദർശനങ്ങളിൽ, അദ്ദേഹത്തിന് എത്തിചേരാൻ കഴിഞ്ഞത്.

വിദ്യാഭ്യാസം, സാർവത്രികമായ ജീവിതപഠനം, സ്വന്തം ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ, മനുഷ്യന്റേയും ജീവിതത്തിന്റെയും എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്ന ഗവേഷണനിഗമനങ്ങൾ- ഇവയുടെ മൂല്യമാണ്, ഡോ.ഏ.കെ.ബി. പിള്ളയുടെ സർഗ്ഗാത്മകത്വത്തിന്റെയും, സാഹിത്യ-സംസ്കാരസിദ്ധാന്തങ്ങളുടെയും ഉറവിടം. അദ്ദേഹത്തിന്റെ ഉത്തമമായ സർഗ്ഗാത്മകത്വത്തിന് അടിസ്ഥാനം ഉന്നത വിദ്യാഭ്യാസവും ജീവകാരുണ്യ പ്രവർത്തനവുമാണ്.

മലയാള സാഹിത്യചരിത്രത്തിൽ സ്ഥാനം നേടിയിട്ടുള്ള ഡോ. ഏ. കെ. ബാലകൃഷ്ണപിള്ള അൻപതോളം ചെറുകഥകളുടേയും രണ്ടു സഞ്ചാരസാഹിത്യ ഗ്രന്ഥങ്ങളുടേയും (യൂണിവേഴ്സിറ്റി പാഠപുസ്തകങ്ങൾ) ഗ്രന്ഥകർത്താവാണ്.

## സാഹിത്യകാരന്റെ സൃഷ്ടി

കുട്ടനാട്ടിൽ ജനിച്ചുവളർന്ന ഡോ.ഏ.കെ.ബി.യ്ക്ക് ചെറുപ്പത്തിലേ പ്രകൃതിയും സാമൂഹ്യതയും ആത്മസത്തയായി. ആദ്യഗുരു, ഹിന്ദു-മത വിജ്ഞാന പണ്ഡിതനായിരുന്ന അപ്പൂപ്പൻ, കളരിയ്ക്കൽ പരമേശ്വരകുറുപ്പാണ്. രണ്ടു വയസ്സു മുതൽ മഹാഭാരതത്തിലേയും രാമായണത്തിലേയും കഥകളും കവിതകളും ചൊല്ലി പഠിപ്പിച്ചു. സാമ്പത്തികമായി തകർന്നു പോയ തറവാട്ടിൽ നിന്നാകണം, സാമൂഹ്യമായ അഭിനിവേശങ്ങൾ രൂപം കൊണ്ടത്.

ഗാന്ധിജി കോട്ടയത്ത്, സ്കൂളിൽ വന്ന സമയം രണ്ടാം ക്ലാസിൽ പഠിക്കുകയായിരുന്നു. ഗാന്ധിജിയെ കണ്ടു, തൊട്ടറിഞ്ഞു. ഒൻപതാം വയസ്സിൽ കവിതഎഴുത്ത് തുടങ്ങി. പതിനാലാം വയസ്സിനടുത്ത്, പ്രസിദ്ധീകരണം തുടങ്ങി. മണൽതരികൾ' എന്നൊരു താത്വികലേഖനം, മലയാളരാജ്യം വാരികയിലും, 'ഗാന്ധിജിയും അധഃകൃതരും', വിദ്യാഭിവർദ്ധിനി മാസികയിലും പ്രസിദ്ധീകരിച്ചു. യൗവനകാലത്ത് നടത്തിയ അഖിലേന്ത്യ പഠനപര്യടനത്തിൽ ഭാരതത്തിലെ ഗാന്ധിജിയുടെ ഏതാണ്ട് എല്ലാ ആശ്രമങ്ങളിലും താമസിച്ച് പരിപാടികളിൽ പങ്കെടുത്തു. ചെറുപ്പം മുതലേ ശ്രീകൃഷ്ണന്റെയും ബുദ്ധന്റെയും ഗാന്ധിജിയുടെയും സ്വാധീനം എ കെ ബിയുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചു. ഭഗവദ്ഗീതാപാരായണത്തിലൂടെയും മറ്റും വിജ്ഞാനാസക്തിയും സാമൂഹ്യമായ കർമ്മനിരതയും സ്വായത്തമായി.

സ്വാതന്ത്ര്യസമരകാലത്ത് (1945-46) കൊല്ലം ഹൈസ്കൂളിൽ വിദ്യാർഥിയായിരിക്കെ സമരത്തിൽ പങ്കെടുത്തു. എൻ. ശ്രീകണ്ഠൻനായർ, സി.വി.കുഞ്ഞുരാമൻ തുടങ്ങിയവരെ അടുത്തറിയാനിടയായി. ചങ്ങനാശ്ശേരി എൻഎസ്എസ്.കോളേജിൽ പഠിയ്ക്കുമ്പോൾ, മന്നത്തു പത്മനാഭൻ, എം. വി, മൻമഥൻ എന്നിവരുമായി പരിചയപ്പെടാനിടവന്നു. ഇക്കാലത്ത് ഗ്രാമസ്വരാജ്' വാരികയുടെ സഹപത്രാധിപരായി.

തിരുവനന്തപുരത്ത് കുറച്ചുകാലം, മലയാളി ദിനപത്രത്തിന്റെ പത്രാധിപരായി.

## അഭിനിവേശസാഹിത്യത്തിന്റെ കഥാകൃത്ത്

1946 മുതൽ 1960 വരെ ധാരാളം കഥകൾ എഴുതി. മാതൃ



ഭൂമി, കൗമുദി, ജനയുഗം പല വിശേഷാൽ പ്രതികൾ എന്നിവയിൽ, പ്രതിഫലം സ്വീകരിച്ചുകൊണ്ട് പ്രസിദ്ധീകരിച്ചു. 'മണ്ണിന്റെ മക്കൾ', 'ജയിച്ചുവരും!"പുതിയ രാജാവും പുതിയ പ്രജകളും' എന്നിവയാണ് പ്രധാന സമാഹാരങ്ങൾ. പതിനേഴാം വയസ്സിൽ വിവാഹം എന്ന നോവൽ പ്രസിദ്ധീകരിച്ചു. തകർന്ന ഒരു നായർ തറവാട്ടിലെ ഒരു യുവതിയുടെ ദാരുണമായ ജീവിതമായിരുന്നു ഇതിവൃത്തം .

1949 മുതൽ 55 വരെ, തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി കോളേജിൽ പഠിച്ചിരുന്ന കാലം, സാഹിത്യചരിത്രപണ്ഡിതൻ ആർ. നാരായണ പണിക്കർ, കെ.സരസ്വതിയമ്മ, ഇളംകുളം കുഞ്ഞൻപിള്ള, ഡോ.കെ.രാഘവൻപിള്ള, പ്രൊഫ.എൻ.കൃഷ്ണപിള്ള(മൂന്നു പേരും അദ്ധ്യാപകർ) ടി.എൻ.ഗോപിനാഥൻ നായർ, പ്രൊഫ.എസ്. ഗുപ്തൻനായർ, പ്രൊഫ.ഏ.ജി. കൃഷ്ണവാര്യർ, പ്രൊഫ.ആനന്ദക്കുട്ടൻ നായർ, പ്രൊഫ.എം. കൃഷ്ണൻനായർ ശാന്തിനികേതൻ, കെ.സി.പിള്ള, കെ.സുരേന്ദ്രൻ, ശൂരനാട് കുഞ്ഞൻപിള്ള, വൈസ് ചാൻസലർ, പി.കെ. സുകുമാരൻ നായർ, പി.ഗോവിന്ദപിള്ള, കെ.ദാമോദരൻ, വി.ടി. ഇന്ദുചൂഢൻ, ടി.വി.കെ. പവനൻ, എൻ.വി.കൃഷ്ണവാര്യർ, ഏ.വി.വി.നമ്പൂതിരി, ചെറുകാട്, എൻ.മോഹൻ തുടങ്ങി മലയാള സാഹിത്യനായകൻമാരുമായുള്ള ഉറ്റസമ്പർക്കത്തിന്റെതായിരുന്നു.

മാക്സിം ഗോർക്കിയിൽ നിന്നും സോമർസെറ്റ്മാരിൽ നിന്നും പ്രചോദനം ഉൾകൊണ്ട് സൃഷ്ട്യുൻമുഖനായ സാഹിത്യകാരൻ അഭ്യാസം ജീവിതപഠനമാണെന്ന വിശ്വാസത്തിൽ 1950-51 കാലത്ത് അഖിലേന്ത്യ പര്യടനം നടത്തി. അപ്പോഴേക്കും കേരളമാകെ പല പ്രാവശ്യം സഞ്ചാരപഠനം നടത്തി കഴിഞ്ഞിരുന്നു . വള്ളത്തോളിൽ നിന്നും മറ്റും പ്രചോദനംകൊണ്ട്, തന്റെ വ്യത്യസ്ത കോളേജ് വിദ്യാഭ്യാസവും സ്വയം വിട്ടാണ് കേരള സഞ്ചാരവും അഖിലേന്ത്യാപര്യടനവും നടത്തിയത്. യാത്രാപര്യടനങ്ങളിൽ പ്രാധാന്യം കൊടുത്തത് അധഃസ്ഥിതകേന്ദ്രങ്ങൾ, സാധാരണക്കാരുടെ ജീവിതസങ്കേതങ്ങൾ, ഇവയ്ക്കാണ്. ഒപ്പം

Printed and published by George Joseph, Editor; Samuel Easo (Sunil Tristar), Executive Editor.
Jose Kadapuram: Managing Editor; George Thumpayil: Senior Editor; Meenu Elizabeth, Features Editor; Vincent Emmanuel: Associate Editor (Philadelphia);
Sholy Kumpiluveli: Associate Editor (New York) Advisory Board: Thomas T Oommen, George Abraham, Leela Maret, Baby Uralil, Varkey Abraham.
Editors in Kerala: Kurian Pampady; PS Joseph; Anil Pennukkara; AS Sreekumar, Meetu Rahmath Kalam
editor@emalayalee.com 917-324-4907; 917-662-1122

സാഹിത്യകാരൻമാർ ഉൾപ്പെടെയുള്ള ബുദ്ധിജീവികളുമായുള്ള സമ്പർക്കവും. നീണ്ട ചർച്ച നടത്തിയവരിൽ, സാഹിത്യകാരൻമാരായ ആർ.കെ.നാരായൺ, ഡോ.മുൾക്ക് രാജ് ആനന്ദ്, കിഷൻ ചന്ദർ, അലി സർദാർ, ജാഫ്രി, ഡോ.രാം ബിലാസ് ശർമ്മ, ഹരീന്ദ്രനാഥ ചതോപാദ്ധ്യായ, ഗോപാൽറാവു, കൃഷ്ണ ചൈതന്യ, രാഷ്ട്രീയ-തൊഴിലാളി നേതാക്കളായ ജ്യോതിബാസു, പ്രൊ. അബുബക്കർ റഹ്മാൻ, (കിഴക്കേ ബംഗാൾ) മറ്റും ഉൾപ്പെടുന്നു. കൂടാതെ, സാധാരണക്കാർ ഉൾപ്പെടെ അനേകം ആളുകളുമായി, ഈ ഇരുപതു വയസ്സുകാരൻ ഭാരതത്തിലെ ജീവിതസ്വഭാവങ്ങളേയും പ്രശ്നങ്ങളേയും ഭാവിയേയും പറ്റി ചർച്ച നടത്തി. ഇത്, ഈ പര്യടനങ്ങൾ ഒരു ബുദ്ധിജീവി എന്ന നിലയ്ക്ക് ഏ.കെ.ബിയുടെ വലിയ പഠനശ്രമങ്ങളായിരുന്നു.

'സൗന്ദര്യ ഭൂമിയിലെ ജനത' (മംഗളോദയം, കാശ്മീർ)'കിഴക്കേ പാക്കിസ്ഥാനിൽ' (നാഷണൽ ബുക്ക്സ്റ്റാൾ) എന്ന രണ്ടു സഞ്ചാരസാഹിത്യഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. സഞ്ചാരസാഹിത്യത്തെ യാത്രാ വിവരണങ്ങളിൽ നിന്ന് ഏ.കെ.ബി വേർതിരിയ്ക്കുന്നു, ഏ.കെ.ബി. മലയാളസാഹിത്യത്തിനു നൽകിയ പ്രമുഖമായ സംഭാവനകളിൽ ഒന്നാണിത്.

തിരുവനന്തപുരം താമസത്തിൽ തുടങ്ങി കേരളമാകെ-സാഹിത്യപരിഷത്ത്, സാഹിത്യ അക്കാദമി, കേരള സാഹിത്യ സമിതി, തുടങ്ങിയവ ഉൾപ്പെടെ, അനേകം സ്ഥാപനങ്ങളിൽ പ്രസംഗങ്ങൾ ചെയ്തു. പ്രൊഫ.ഗുപ്തൻനായരുമൊത്ത് തിരുവനന്തപുരത്ത്, 'സാഹിത്യ സമിതി' എന്നൊരു ചർച്ചാസമിതി സംഘടിപ്പിച്ചു പ്രവർത്തിച്ചു. ശാന്തിനികേതനം കെ.സി.പിള്ള, എം.കെ.കുമാരൻ, പൂജപ്പുര കൃഷ്ണൻ നായർ തുടങ്ങിയവർ പതിവായി ചർച്ചകളിൽ പങ്കെടുത്തു. എൻ.വി.കൃഷ്ണവാര്യരുടെ നേതൃത്വത്തിലുണ്ടായിരുന്ന കേരളസാഹിത്യസമിതിയിൽ തുടക്കം മുതൽ, അമേരിക്കയിലേക്കു വരുന്നതുവരെ പ്രവർത്തക സമിതി അംഗമായിരുന്നു.

## മാനവശാസ്ത്രാഭ്യാസം മനുഷ്യജീവിതത്തിന്റെ പൂർണ്ണമായ കാഴ്ചപ്പാടിലേക്ക്

ബഹുവിജ്ഞാനവ്യാപ്തിയും അഗാധതയും ഡോ. എ കെ ബി സ്വായത്തമാക്കിയത്, കൊളംബിയാ യൂണിവേഴ്സിറ്റിയിലെ മാനവശാസ്ത്രത്തിന്റെ(Anthropology) അഭ്യാസത്തിലൂടെയാണ്. യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിലുള്ള ലോകപ്രമുഖരായ പണ്ഡിതസഭയിലെ(Universtiy Seminar) വിശിഷ്ടാംഗത്വം, അനേകം പ്രമുഖരുമായി ബുദ്ധിപരമായ സമ്പർക്കത്തിന് ഇടനൽകി വരുന്നു.

കേരള യൂണിവേഴ്സിറ്റിയിൽ നിന്നും അമേരിക്കയിൽ ഈസ്റ്റ് കരോളിന യൂണിവേഴ്സിറ്റിയിൽ നിന്നും താരതമ്യ സാഹിത്യത്തിൽ എം. എ. ബിരുദവും കൊളംബിയാ യൂണിവേഴ്സിറ്റിയിൽ നിന്നും പുരാശാസ്ത്രം, ഭാഷാശാസ്ത്രം, ശാരീരിക സാംസ്ക്കാരിക പരിണാമ ശാസ്ത്രങ്ങൾ എന്നീ വിഷയങ്ങളിൽ എം. എ, എം. ഫിൽ, പി എച്ച്. ഡി. ബിരുദങ്ങളും സ്വന്തമാക്കിയ ഡോ.പിള്ള ലോകോത്തരമായ National Institute of Mental Health U. S. A. യിൽ നിന്നും വൻപിച്ച തുകയോടുകൂടിയ ഗവേഷണ ഫെല്ലോഷിപ്പ് നേടി. അങ്ങനെ അൻപതിനായിരം ഡോളറോളം ചിലവഴിച്ച് കേരളമാകെ സാമൂഹ്യ-സംസ്കാര ഗവേഷണ പഠനങ്ങൾ നടത്തി, എഴുതിയ ഗ്രന്ഥമാണ് Culture of Social Stratification.

## സൃഷ്ടി: ആത്മസത്തയുടെ കണ്ടെത്തൽ കൃതികൾ

ഈസ്റ്റ് കരോളിനാ യൂണിവേഴ്സിറ്റിയിൽ, അദ്ധ്യാപകവൃത്തിയോടുകൂടി നേടിയ എം.എ.ഡിഗ്രിയിൽ, ഇൻഡോ-അമേരിക്കൻ താരതമ്യ സാഹിത്യവും തത്വശാസ്ത്രവും അഭ്യസിച്ചു. അതിന്റെ കൃതിയാണ് ലോകമാകെ പ്രശസ്തി നേടിയ Transcendental self (1969, 19785, 2016) . ഈ പുസ്തകം താരതമ്യസാഹിത്യത്തെയും ആത്മീയതയേയും പങ്കുവെക്കുന്നു. Transcendental self ന്റെ അനേകം പതിപ്പുകൾ വിറ്റു തീർന്നു. ചുരുക്കം പ്രതികൾ ഓരോന്നും ബ്രിട്ടനിലെ ആമസോൺ.കോം(amazon.com)ലൂടെ •989.99 വിലക്ക് വിറ്റുവരുന്നു.

ഏ.കെ.ബി, ഉളളരയ മനഃശാസ്ത്രസാഹിത്യം (Literature of Transcendental Psychology) അവതരിപ്പിച്ചു.

ലോകത്തിലെ ഏറ്റവും പ്രമുഖ മാനവശാസ്ത്ര (Anthropology) പഠനകേന്ദ്രമെന്ന്, അംഗീകാരം ലഭിച്ചിരുന്ന കൊളംബിയ യൂണിവേഴ്സിറ്റിയിൽ പ്രമുഖരായ അദ്ധ്യാപകർ, പ്രൊഫസ്സർമാർ മാർവിൻ ഹാരിസ്(Marvin Harris), മോർട്ടൺ ഫ്രീഡ്(Mortan Freed), കോൺ റാഡ് ആരെൻസ് ബർഗ് (Conred Arensberg), ഷാപ്പിറോ(Shapiro), തുടങ്ങിയവരുടെ ശിക്ഷണത്തിൽ, മാനവശാസ്ത്രത്തിന്റെ പൂർണ്ണമായ പഠനമാണ് ഏ.കെ.ബി.നേടിയത്. അതായത്, പുരാതന സംസ്കാരശാസ്ത്രം(Archeology), ശരീരശാസ്ത്രം(Human Biology), ഭാഷാശാസ്ത്രം(Linguistion), സംസ്കാരശാസ്ത്രം(Cultural Anthropology), കൂടാതെ, സാമൂഹ്യശാസ്ത്രസിദ്ധാന്തകനായ പ്രൊഫ.റോബർട്ട് മെർട്ടൺ (Robert Merton) ന്റെ കീഴിലുള്ള അഭ്യസനവും. പല സർവകലാശാലകളിലും മേൽപറഞ്ഞവയിൽ ഒരു വിഷയം മാത്രമാണ്, ഡോക്ടർ ബിരുദത്തിനു വിദ്യാർത്ഥികൾ അഭ്യസിച്ചിരുന്നത്. സാധാരണ ഏഴുമുതൽ ഒൻപതുവരെ കൊല്ലങ്ങൾ എടുക്കുന്ന അഭ്യസനം, ഡോ.ഏ.കെ.ബി. അഞ്ചു കൊല്ലം കൊണ്ട് ഏറ്റവും ഉന്നതമായ നിലവാരത്തിൽ നിർവ്വഹിച്ചു. അതും രാമപ്പോ കോളേജിൽ അദ്ധ്യാപകവൃത്തി ചെയ്തുകൊണ്ട്.

ഷേക്സ്പിയറുടെ കിംങ് ലിയർ (KingsLear) എന്ന വിശോത്തര കൃതി, ക്രിസ്തു മനുഷ്യന് ജീവിതം അനുശാസിക്കുന്ന നിരാശ ആണെന്ന് കാൽവനിസ്റ്റു(Calvanist) പണ്ഡിതർ എഴുതിയതിനെതിരെ ഏ.കെ.ബി. തന്റെ Shakespeare's KingsLear, A Study of Human Order എന്ന കൃതിയിൽ ക്രിസ്തുവിന്റെ സന്ദേശം 'മനുഷ്യന്റെ ഉദ്ധേയനിത്വം' ആണെന്ന് വിശദീകരിച്ചിട്ടുണ്ട്. മക്കളുടെ ചൂഷണവും മാനസിക മർദ്ദനവും കൊണ്ട് അനാഥനായിത്തീർന്ന അഹങ്കാരിയും ഏകഛത്രാധിപതിയും ആയിരുന്ന കിങ് ലിയർക്ക് എല്ലാ മനുഷ്യരും ഉയർന്നവരും തെണ്ടികളും മനുഷ്യർ എന്ന നിലയ്ക്ക് ഒന്നാണെന്നും, ഉപരിയായി, അനാഥരോട് അതിയായ സഹാനുഭൂതിയും ധർമ്മിഷ്ഠയായ മകളോട്, നിസ്വാർത്ഥമായ സ്നേഹവും ഉണ്ടാകുന്നു. ലിയറുടെ ആകെ സത്ത യാഥാർത്ഥ്യബോധത്തിൽ എത്തുന്നു.

ഈ വിശദീകരണങ്ങൾ നൽകികൊണ്ട്, തന്റെ ആത്മസത്ത സാഹിത്യസിദ്ധാന്തം ഏ.കെ.ബാലകൃഷ്ണപിള്ള അവതരിപ്പിക്കുന്നു. അദ്ദേഹത്തിന്റെ കിംങ്ലിയർ കൃതിയിൽ, ലിയർ ആത്മസത്ത കണ്ടെത്തിയതിന്റെ പ്രക്രിയകൾ വിശദീകരിച്ചിട്ടുണ്ട്.

ഭാരത മനശ്ശാസ്ത്രത്തെ ആധാരമാക്കി പടിഞ്ഞാറൻ വൈദ്യ ശാസ്ത്രത്തിന്റെ ചട്ടക്കൂട്ടിൽ ഡോ. ഏ. കെ. ബി. രൂപം കൊടുത്ത സമഗ്ര മാനസിക വൈദ്യത്തിന്റെ (Integral Development Therapy) അദ്ധ്യയനവും ചികിത്സയും മുപ്പതു വർഷങ്ങളായി പത്നി പ്രൊഫസർ ഡോണ (ധ്യാന) പിള്ളയ്ക്കൊപ്പം വിജയകരമായി പ്രാക്ടീസ് ചെയ്തു വരുന്നു. ഈ മാനസിക വൈദ്യത്തിന്റെ അദ്ധ്യയനത്തിന്റേയും ചികിത്സയുടെയും കാതൽ ഹിന്ദു വൈദ്യമാണ്. അത് കഴിഞ്ഞ അൻപതു കൊല്ലങ്ങളായി, യോഗ, ധ്യാനം, ആയുർവേദം, തുടങ്ങിയവയിലൂടെ അമേരിക്കയിലും യൂറോപ്പിലും ജനങ്ങളിലും, വൈദ്യശാസ്ത്രങ്ങളിലും ശക്തിപ്രാപിച്ചു കഴിഞ്ഞു. ഡോ. പിള്ളയുടെ,



'ഹിന്ദുവൈദ്യം'(Medical Hinduism) എന്ന പ്രബന്ധത്തിൽ, ഇന്നത്തെ മനുഷ്യന്റെ തകർച്ചയുടെ മൂലമായ മാനസികവ്യഥയ്ക്ക്, പരിഹാരവും, ശാന്തിയും നൽകുന്നതിന്, യോഗയ്ക്കും ധ്യാനത്തിനും അതീതമായി, പണ്ഡിതർക്ക് പോലും പൊതുവേ വശമില്ലാത്ത, ബ്രഹ്മയോഗത്തിന്റെ സാധനകളെ വേണ്ടവിധം എങ്ങനെ പ്രയോജനപ്പെടുത്തുമെന്ന്, വെളിവാക്കിയിട്ടുണ്ട്. ബ്രഹ്മയോഗം, പ്രകൃതി നാശം, സംസ്ക്കാരച്യുതി, മനുഷ്യന്റെ മൂല്യങ്ങളുടെ തേയ്മാനം തുടങ്ങിയ പ്രപഞ്ചത്തിന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കൂടിയാണ്. ആധുനികശാസ്ത്രങ്ങളോട് താരതമ്യപ്പെടുത്തുമ്പോൾ ഡോ. ഏകെ ബിയുടെ സാധനകൾ, മനുഷ്യവികാസ വൈദ്യത്തിന്റേതാകുന്നു.

## ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഒരു വലിയ അനുഭവം

കാലടി ശ്രീശങ്കരാ കോളേജിൽ പ്രൊഫസറായിരുന്ന കാലം, പലതു കൊണ്ടും ജീവിതത്തിൽ പ്രധാനമായി, സ്വതസിദ്ധമായ സാമൂഹ്യസേവനത്തിന്റെ അഗ്നിപരീക്ഷ ഇവിടെ നടന്നു. ഒരു ദേശത്തിലെ ജനങ്ങളുമായി ഏതാണ്ട് ആകെ, ഇടപഴകി സ്നേഹപാത്രമായി. 1961-ൽ പെരിയാറിൽ വെള്ളപ്പൊക്ക ഫലമായി, വീട് നഷ്ടപ്പെട്ടവർക്ക് നൂറിലധികം വീടുകൾ പണിതുകൊടുത്ത പരിപാടിക്കു നേതൃത്വം നൽകി.

ഇപ്പോഴും കാലടിയിലും കുട്ടനാട്ടിലും ബ്രഹത്തായ പദ്ധതികൾ നടപ്പാക്കി വരുന്നു.

## കേരള വിജ്ഞാന സാഹസങ്ങൾ

കേരളത്തിന്റെ സംഘകാലം മുതലുള്ള സാമൂഹ്യ പരിണാമത്തിന്റെ ബന്ധങ്ങളിൽ, സ്ത്രീയുടെ നിലപാടാണ്, വിഷയം. മരുമക്കത്തായികളായതുകൊണ്ട്, നായർ സ്ത്രീകളെപറ്റിയും, കേരളത്തിനെപ്പറ്റി പൊതുവേയും, പടിഞ്ഞാറൻ വിജ്ഞാനശാഖകളിലെല്ലാം തന്നെ (മാനവശാസ്ത്രം, മനഃശാസ്ത്രം, സ്ത്രീശാസ്ത്രം) ധാരാളം തെറ്റുകൾ എഴുതികൂട്ടിയിട്ടുണ്ട്. അവയുടെ പണ്ഡിതരെ എതിർത്തുകൊണ്ടും, വൻപിച്ച എതിർപ്പു നേരിട്ടുകൊണ്ടും ഏ.കെ.ബി, ആ തെറ്റുകൾ പലതും തിരുത്തി. ഡോ. ഏ.കെ.ബി.യുടെ ബുദ്ധിപരമായ വളർച്ചയുടെ അടിസ്ഥാനം, യാതൊരു സ്ഥാപിതതാല്പര്യ സ്ഥാപനങ്ങൾക്കും, കക്ഷികൾക്കും വഴങ്ങാതെ, സ്വതന്ത്രമായ ഗവേഷണമാണ്. ഈ സത്യബോധം, അദ്ദേഹത്തിന്റെ സ്വഭാവമൂല്യമത്രേ!

## 'സ്ത്രീയെ കണ്ടെത്തൽ'

സംസ്കാര-സാഹിത്യമണ്ഡലങ്ങളിൽ, അതിപ്രധാനവും അസാധാരണവുമായ ഒരു കാര്യം ഡോ.ഏ.കെ.ബി.വെളിപ്പെടുത്തി. ഇളനീചത്വ വ്യവസ്ഥിതിയിൽ മേധാവിത്വകക്ഷികൾ, സാമൂഹ്യ ചൂഷണത്തിന്, എങ്ങനെ ന്യൂനപക്ഷത്തെ-പ്രത്യേകിച്ച് സ്ത്രീയെ കെണിയിലാക്കുന്നു. സ്ത്രീയുടെ വളർച്ചയെ തടയുന്നു. ബലഹീനയാക്കുന്നു.

മുതലാളിത്വ വ്യവസ്ഥിതിയുടെ മേധാവിത്വ തന്ത്രങ്ങളിൽ ഇന്നും മേൽപറഞ്ഞ കാര്യം കാണാം. സാർവ്വത്രികമായിരിയ്ക്കുന്ന സ്ത്രീപീഡനത്തിനെതിരെ, സാഹിത്യപരമായും, സാമൂഹ്യപ്രവർത്തനപരമായും ഡോ.ഏ.കെ.ബി.യും, പ്രിയതമ പ്രൊഫ.ഡോണ പിള്ളയും (ധ്യാന) പ്രവർത്തിച്ചുവരുന്നു.

കർമ്മപരിപാടി, NewYork Institute of Integral Human Development, Inc. എന്ന സ്ഥാപനത്തിലൂടെയാണ്. കൂടാതെ, ഡോ.ഏ.കെ.ബി.യുടെ 'Women and Children', 'Sexual Abuse and Violence with A plan to stop now'(2013) എന്ന പുസ്തകത്തിന്റെ വ്യാപകമായ പ്രസിദ്ധീകരണവും.

ബാഹ്യമായി തിരിച്ചറിയാൻ വിഷമമുള്ള മേധാവിത്വ സ്വഭാവങ്ങളുടെ ഒളിഞ്ഞ ചുഴലികൾ കണ്ടെത്തി, അവയിൽ കുടുങ്ങിയ സ്ത്രീയുടെ ശാക്തീകരണമാണ്.

## സാർവ്വ ദേശീയപര്യടനങ്ങളിലൂടെ

1975 മുതൽ ഇന്നും തുടങ്ങുന്ന ഏതാണ്ട് ലോകമാകെയുള്ള ഗവേഷണ പഠനപര്യടനങ്ങളിൽ, (ഭാരതം, അമേരിക്ക, ചൈന, ജപ്പാൻ, നോർവേ, തായ്ലന്റ്, സിംഗപ്പൂർ, മെക്സിക്കോ, കോസ്റ്റ റിക്കാ, വിയറ്റ്നാം, ലാവോസ്, കംപോഡിയ തുടങ്ങിയ) സംസ്കാരത്തിന്റെയും മനുഷ്യത്വത്തിന്റെയും, തേയ്മാനത്തിനോടൊപ്പം, സ്ത്രീയുടെ അധഃപതിച്ച സ്ഥിതിയും അദ്ദേഹം വിലയിരുത്തുന്നു. മാനദണ്ഡം, സ്ത്രീയുടെ ശാക്തീകരണഘടകങ്ങളാണ്. പ്രിയതമ ധ്യാനയാണ്, ഗവേഷണത്തിൽ സഹകാരി.

## ഡോ.ഏ.കെ.ബി.യുടെ പെണ്ണുങ്ങൾ(കുറെ ആണുങ്ങളും)

(ഈ-മലയാളിയിൽ പ്രസിദ്ധീകരിച്ചു കൊണ്ടിരിയ്ക്കുന്ന കഥകൾ)

ഡോ.ഏ.കെ.ബി.പിള്ളയുടെ വീക്ഷണത്തിൽ, പ്രകൃതിയിലും, സാമൂഹ്യപരിണാമത്തിലും സ്ത്രീവൈരുദ്ധ്യമായി നിലകൊള്ളുന്നു. പ്രകൃതിയിൽ, പെണ്ണ് സൃഷ്ടിയുടെയും മനുഷ്യന്റെ നിലനിൽപ്പിന്റെയും 'മൂല'വും കാതലും ആണ്. എന്നാൽ സാമൂഹ്യപരിണാമത്തിൽ മേധാവിത്വ താൽപര്യങ്ങൾ കൊണ്ട്, സ്ത്രീയെ അവശയും ബലഹീനയും ആക്കിയിരിയ്ക്കുന്നു. അദ്ദേഹത്തിന്റെ ഒരു പ്രധാനലക്ഷ്യം, ഈ വൈരുദ്ധ്യം പരിഹരിച്ച് സ്ത്രീയുടെ പൂർണ്ണമായ സ്വാതന്ത്ര്യമാണ്.

## സാഹിത്യവും മനുഷ്യസ്വഭാവവും സംസ്കാരവും

സാഹിത്യരചനയുടെ തുടക്കം മുതൽ ഡോ.ഏ.കെ.ബി.യുടെ നിലപാട് 'കലയ്ക്കുവേണ്ടി' എന്നു വാദിയ്ക്കുന്നവരുടെ കൃതികൾക്കുള്ളതു ക്രിയാത്മകമോ, നാശോൻമുഖമോ ആയ സ്വഭാവം ഉണ്ട് എന്നാണ്. അതായത്, ഇതിവൃത്തവും കഥാപാത്രങ്ങളും, അവയുടെ ബന്ധങ്ങളിലൂടെയുള്ള വിചാരവികാരങ്ങളും വായനക്കാരിൽ വിചാരവികാരങ്ങൾ ഉതിർക്കുന്നു. അവ നാശോൻമുഖമോ ആകാം.

അതുകൊണ്ട് ഒരു സാഹിത്യകാരൻ, ജീവിതബോധത്തോട് കൂടി വേണം സാഹിത്യസൃഷ്ടിയെ ചെയ്യേണ്ടത്. തന്റെ കൃതി വായനക്കാരിൽ ഉളവാക്കുന്ന വിചാരവികാരങ്ങളുടെ സ്വഭാവത്തെ മനസ്സിലാക്കണം.

വിചാരവികാരങ്ങൾ മനുഷ്യന്റെ മൗനികമായ മാനസിക സ്വഭാവമാകുന്നു. പശ്ചാത്തലം, ശാരീരിക-മാനസിക ശാസ്ത്രങ്ങളാണ്. ഡോ.ഏ.കെ.ബി.വ്യക്തമാക്കുന്നത്, ഉത്തമസാഹിത്യം മാനസികസ്വഭാവങ്ങളുടെ ശാസ്ത്രീയതയ്ക്ക് ഇണങ്ങിയതായിരിയ്ക്കണം എന്നാണ്-അതാണ് ബോധപൂർവ്വമായ സാഹിത്യസൃഷ്ടി.

മനുഷ്യസ്വഭാവത്തിന്റെയും പെരുമാറ്റസ്വഭാവത്തിന്റെയും ഉറവിടം, പ്രകൃതി സംസ്കാരബന്ധങ്ങളാണ്.

## ഡോ.ഏ.കെ.ബി.യുടെ സമഗ്രവികാസവൈദ്യവും പ്രതിഭാശക്തിയും

സ്വന്തമായി രൂപംകൊടുത്ത മനുഷ്യന്റെ പൂർണ്ണമായ മാനവവികാസവൈദ്യത്തിന്റെ (Integral Development Therapy) ഊർജ്ജശക്തി ഓരോ വ്യക്തിയിലും ഉള്ള ബുദ്ധിയുടേയും പ്രതിഭാശക്തിയുടെയും വികാസത്തിലൂടെയാകുന്നു.

ബുദ്ധിയും പ്രതിഭാശക്തിയുടേയും പ്രവർത്തനപ്രവണതകൾ നിഷിദ്ധമായ വിചാരവികാരങ്ങളെ അതിജീവിച്ചും നിരാകരിച്ചും, സാത്വികത്വത്തിലേയ്ക്ക്, ആരോഗ്യത്തിലേയ്ക്കുള്ള പരിവർത്തനമാകുന്നു. ഈ തത്വം, സാഹിത്യസൃഷ്ടികളുടെ മൂല്യമാണ്. കൂടാതെ, ഡോ.ഏ.കെ.ബി.യുടെ സാങ്കേതികവിദ്യകളിലൂടെ എല്ലാഘടകങ്ങളിലും പ്രവർത്തിക്കുന്നവർ, നിരാശാബോധത്തിന് വഴങ്ങാതെ, ആരോഗ്യകരമായി ജീവിയ്ക്കാൻ കഴിയുന്നു. ജീവിതഘട്ടങ്ങളെ വികാസപരമായി നേടുന്നു. വാർദ്ധക്യത്തെ ഭയപ്പെടാതെ, ജീവിതശാന്തിയുടെയും ആത്മീയതയുടെയും ഘട്ടമായി സാർവദേശീയമായി ഡോ.ഏ.കെ.ബി.കാണുന്നു.

മനുഷ്യന്റെ ദൈനംദിന ജീവിതത്തിന് പ്രായോഗികമായി തീർന്നാൽ മാത്രമേ, ഈ വ്യാവസായിക, ഭൗതിക യുഗത്തിൽ മതത്തിനാണെങ്കിലും നിലനിൽപ്പുള്ളുവെന്നാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. എല്ലാ മതങ്ങൾക്കും, മനുഷ്യ ജീവിതം സുഖകരമാക്കാനുള്ള പ്രായോഗികത, മൂല്യങ്ങളിലുണ്ട്. താൻ അംഗമായിരിക്കുന്ന ഹിന്ദുമതത്തിന്റെ ചരിത്രത്തിൽ, വിപ്ലവകരമായ ദർശനങ്ങളാണ് ഡോ. ഏകെബി പങ്ക് വെക്കുന്നത്. ഉപനിഷത്തുകളിലും, ഭഗവത്ഗീത, പതഞ്ജലിയുടെ യോഗസൂത്രം, എന്നീ അടിസ്ഥാന കൃതികളിലും അടങ്ങിയിരിക്കുന്നത്, വ്യക്തിപരമായും സാമൂഹ്യമായും ഉള്ള മനുഷ്യവികാസ ശാസ്ത്രമാണെന്ന്, അതിന്റെ പ്രക്രിയകളോടുകൂടി അദ്ദേഹം വെളിവാക്കുന്നു. ഏ.കെ.ബിയുടെ ജീവിതത്തിനു വഴികാട്ടിയായ ഭഗവത്ഗീതയിലെ ജ്ഞാന കർമ്മ യോഗങ്ങളുടെ താദാത്മ്യപരമായ ഊർജ്ജമാണ് അദ്ദേഹത്തിന്റെ പ്രതിഭാസൃഷ്ടിക്ക് അടിസ്ഥാനമായത്.

## ഡോ.ഏ.കെ.ബി.പിള്ളയുടെ സമഗ്രവികാസ സാഹിത്യസിദ്ധാന്തവും മലയാളവും

ബാല്യം മുതൽ ലക്ഷ്യം, ഒരു ഉത്തമ സാഹിത്യകാരനാകുക ആയിരുന്നു - ആതുര സാമൂഹ്യ നന്മയെ ലക്ഷ്യമാക്കി അതിന്, മലയാളസാഹിത്യം, ഇംഗ്ലീഷ് സാഹിത്യം, താരതമ്യ സാഹിത്യം- ഉപരിയായി, ജീവിതശാസ്ത്രമായ മാനവശാസ്ത്രം (anthropology) പിന്നീട്, മാനസിക വൈദ്യം തുടങ്ങിയവ, സർവകലാശാലതലത്തിലും വ്യക്തിപരമായ ജീവിതാഭ്യാസങ്ങളിലും നിർവഹിച്ചു.

തന്റെ കൃതികളിലെല്ലാം ജീവിത പഠനഗവേഷണവും സാഹിത്യസൃഷ്ടിയും തമ്മിലുള്ള സമഗ്രമായ ബന്ധത്തെ അദ്ദേഹം പങ്കുവെക്കുന്നു. തന്റെ കാഴ്ചപ്പാടുകളുടെയും നിലപാടുകളുടെയും അടിസ്ഥാനത്തിൽ മലയാളത്തെ സാർവ്വദേശീയ പ്രമുഖമായ ഭാഷയും സാഹിത്യവുമാക്കാനുള്ള നിതാന്തശ്രമങ്ങളിലാണിന്ന് അദ്ദേഹം. ഡോ.ഏ.കെ.ബി.യുടെ യത്നവും നേട്ടവും സാർവദേശീയമായിത്തന്നെ സാഹിത്യകാരൻമാർക്ക് മാതൃകയാണ്.



## കാരൂർ സോമൻ

മാവേലിക്കരയ്ക്കടുത്ത് ചാരുംമൂട് താമരക്കുളത്ത് ജനനം. നാടകം, നോവൽ, കഥ, കവിത, ലേഖനങ്ങൾ, സഞ്ചാരസാഹിത്യം, ശാസ്ത്ര സാങ്കേതികം, കായികം, ടൂറിസം എന്നീ സാഹിത്യമേഖലകളിലെ സജീവ സാന്നിധ്യം. ഇംഗ്ലീഷിലും കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നാലു പതിറ്റാണ്ടുകളിലായി പ്രമുഖ പ്രസാധകർ പ്രസിദ്ധീകരിച്ച നാൽപ്പതിലധികം കൃതികൾ. സ്വദേശത്തും വിദേശത്തുമുള്ള പ്രമുഖ ആനുകാലികങ്ങളിൽ എഴുതുന്നു. സാഹിത്യ സാംസ്കാരിക രംഗവുമായി ബന്ധപ്പെട്ട് 35-ലധികം രാജ്യങ്ങളിൽ പര്യടനം നടത്തി. പ്രധാനമന്ത്രി, മുഖ്യമന്ത്രി, വിവിധ സാംസ്കാരിക സാമൂഹിക സാഹിത്യ നായകന്മാരിൽ നിന്നും ഇരുപതിലേറെ സാഹിത്യ പുരസ്ക്കാരങ്ങൾ നേടിയിട്ടുണ്ട്.

ബാലരമയിൽ കവിതകളെഴുതി സാഹിത്യലോകത്ത് പിച്ചവെച്ചു. 1972-73 കാലഘട്ടത്തിൽ ആകാശവാണി തിരുവനന്തപുരം-തൃശൂർ നിലയങ്ങൾ കർട്ടനിടു, കാർമേഘം നാടകങ്ങൾ പ്രക്ഷേപണം ചെയ്തു. 1970-73 വർഷങ്ങളിൽ മലയാളമനോരമയുടെ നേതൃത്വത്തിലുണ്ടായിരുന്ന കേരള യുവജന സാഹിത്യസഖ്യത്തിന്റെ മാവേലിക്കരയിൽ നിന്നുള്ള ഏക വ്യക്തി. 1972-ൽ ഇരുളടഞ്ഞ താഴ്‌വര എന്ന നാടകം വി.വി.എച്ച്.എസ്സിൽ അവതരിപ്പിച്ചു. പോലീസിനെതിരേയുള്ള നാടകമായിരുന്നതിനാൽ അവരുടെ നോട്ടപ്പുള്ളിയായി. നാടകം നൂറനാട് ലെപ്രസി സാനിട്ടോറിയത്തിൽ അവതരിപ്പിക്കുമെന്ന് അറിവ് ലഭിച്ചതിനെത്തുടർന്ന് നക്സൽ ബന്ധം ആരോപിച്ച് മാവേലിക്കര പോലീസ് അറസ്റ്റ് ചെയ്തു ലോക്കപ്പിലടച്ചു മർദ്ദിച്ചു. വീട്ടുകാർ ഇടപെട്ട് പുറത്തിറക്കി. പോലീസിൽ നിന്നും വീട്ടുകാരിൽ നിന്നുമുള്ള ഭീഷണിയെത്തുടർന്ന് ജ്യേഷ്ഠൻ ജോലി ചെയ്തിരുന്ന റാഞ്ചിയിലേക്ക് ഒളിച്ചോടി. ഏതാനും മാസങ്ങൾക്ക് ശേഷം അവിടുത്തെ എയ്ഞ്ചൽ തീയറ്റേഴ്സിനു വേണ്ടി നാടകങ്ങളും ഗാനങ്ങളുമെഴുതി. അവരുടെ സഹായത്താൽ ബൊക്കാറോ, ആഗ്ര, ഡൽഹി, മുംബൈ, ലുധിയാന തുടങ്ങിയ സ്ഥലങ്ങളിൽ നാടകങ്ങൾ അവതരിപ്പിച്ചു. റാഞ്ചി എക്സ്പ്രസ് ദിനപത്രത്തിലായിരുന്നു ആദ്യ കാലത്ത് ജോലി ചെയ്തിരുന്നത്. 1975-ൽ റാഞ്ചി മലയാളി അസോസിയേഷന്റെ മലയാളി മാസികയിൽ കലയും കാലവും എന്ന ലേഖനം ആദ്യമായി വെളിച്ചം കണ്ടു. 1985-ൽ ആദ്യ സംഗീതനാടകം കടൽക്കര, ശ്രീമൂലനഗരം വിജയന്റെ അവതാരികയോടെ വിദ്യാർത്ഥിമിത്രവും 1990-ൽ ആദ്യ നോവൽ കണ്ണീർപ്പൂക്കൾ തകഴി ശിവശങ്കരപ്പിള്ളയുടെ അവതാരികയോടെ സാഹിത്യസഹകരണ സംഘവും ഗൾഫിൽ നിന്നുള്ള ആദ്യസംഗീത നാടകം കടലിനക്കരെ എംബസി സ്കൂൾ തോപ്പിൽ ഭാസിയുടെ അവതാരികയോടെ അസ്സന്റ് ബുക്സും പുറത്തിറക്കി. 2005-ൽ പ്രവാസി മലയാളി മാസിക ലണ്ടനിൽ നിന്നും ആരംഭിച്ചു. 2012-ലെ ലണ്ടൻ ഒളിമ്പിക്സ് മാധ്യമം പത്രത്തിനു വേണ്ടി റിപ്പോർട്ട് ചെയ്തു. 2015-ൽ ആദ്യ ഇംഗ്ലീഷ് നോവൽ മലബാർ എ ഫ്ളെയിം മീഡിയ ബുക്സ് ന്യൂഡൽഹി പുറത്തിറക്കി.

വേൾഡ് മലയാളി കൗൺസിൽ മിഡിൽ ഈസ്റ്റ് ആഫ്രിക്കയുടെ കലാ സാംസ്ക്കാരിക വിഭാഗം ചെയർമാനായും യുകെയിലെ പ്രമുഖ സംഘടനയായ യുഗ്മയുടെ സാഹിത്യവിഭാഗം കൺവീനറായും ജ്വാല മാഗസിന്റെ ചീഫ് എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോഴും നിരവധി സ്വദേശി-വിദേശി മാസികകളുടെ അസോസിയേറ്റ് എഡിറ്ററായും, എഡിറ്റോറിയൽ ബോർഡ് അംഗമായും, പ്രതിനിധിയായും പ്രവർത്തിക്കുന്നുണ്ട്. ഭാര്യ ഓമന തീയാട്ടുക്കുന്നേൽ, മക്കൾ: രാജീവ്, സിമ്മി, സിബിൻ.

വിലാസം:
Karoor Soman
113, Oakfield Road, London- E61LN
Tel: 00447940570677, 02084701533
E Mail: Karoorsoman@yahoo.com
Web: Karursoman.com

> സാഹിത്യകാരൻ, കവി ഒരു സുപ്രഭാതത്തിൽ മുളച്ചു വരുന്നവരല്ല. തെളിഞ്ഞ ജലവിതാനത്തിൽ സൂര്യരശ്മികൾ മനോഹാരിതപൂക്കളും സൃഷ്ടിക്കുന്നതുപോലെയാണ് സാഹിത്യസൃഷ്ടികൾ രൂപപ്പെടുന്നത്. അതിന് ബഹുമുഖമായ അനുഭവ- വിജ്ഞാനത്തിന്റെ അടിത്തറയുണ്ട്.




# പ്രവാസി എഴുത്തുകാരന് എന്നും അവഗണന മാത്രം: കാരൂർ സോമൻ

? അംഗീകാരം കിട്ടിയപ്പോൾ എന്ത് തോന്നി?

• അമേരിക്കയിലെ പ്രമുഖ ഓൺലൈൻ പത്രമായ ഈമലയാളിയുടെ അവാർഡ് വാർത്തയറിഞ്ഞപ്പോൾ വളരെ സന്തോഷം തോന്നി. പഴയ കാലത്ത് വരേണ്യവർഗ്ഗത്തിന്റെ താൽപര്യങ്ങൾ അവാർഡുകളിൽ പോലും പ്രതിഫലിച്ചിരുന്നു. ഇന്നും നടക്കുന്ന മിക്ക അവാർഡ് മാമാങ്കങ്ങളിലും ഭ്രാന്തമായി കാണുന്നത് സമ്പത്ത്, മദ്യം, രാഷ്ട്രീയം അങ്ങനെ പലതിന്റെയും ബോധപൂർവ്വമായ ഇടപെടലുകളാണ്. അത് അക്കാദമി അവാർഡുകളിലും നോർക്കയിലും ഈ വ്യാപാരം നടക്കുന്നുണ്ട്. ഇതുമൂലം സർഗ്ഗധനരായ പലരുടെയും അംഗീകാരത്തിന്റെ വാതിൽ അടയുകയും അഭിനവപ്രതിഭകളുടെ വാതിലുകൾ തുറക്കുകയും ചെയ്യുന്നു. വിദേശ മലയാള മാധ്യമങ്ങളുടെ മണിയറയിൽ നിന്ന് രാവണനെപോലെയാകാതെ രാമനെപോലെ ആരുടെയും പക്ഷം ചേരാതെ സാഹിത്യത്തിന്റെ ആഴവും അന്തസ്സും മനസ്സിലാക്കി തന്നെപോലെയുള്ളവർക്കും ഒരു തുറന്ന വാതിൽ ഈമലയാളി ഒരുക്കിയതിൽ അഭിനന്ദിക്കുന്നു.

? അമേരിക്കയിലെ എഴുത്തുകാർക്കും അവാർഡ് കൊടുക്കുന്നതിനെ എന്തുകൊണ്ടാണ് പലരും പരിഹസിക്കുന്നത്?

• ആദ്യത്തേ ഉത്തരത്തിൽ ഒരു സൂചനയുണ്ട്. സാഹിത്യലോകത്ത് ഇതുസംഭവിക്കുന്നത് മനുഷ്യന് പണത്തോടുള്ള ആർത്തി പോലെ പ്രശസ്തിക്കും വേണ്ടിയുള്ള ആർത്തിയാണ്. സത്യത്തിൽ ഇത് നമ്മുടെ അജ്ഞതയും അറിവില്ലായ്മയുമാണ് വെളിവാക്കുന്നത്. സാഹിത്യകാരൻ, കവി ഒരു സുപ്രഭാതത്തിൽ മുളച്ചു വരുന്നവരല്ല. തെളിഞ്ഞ ജലവിതാനത്തിൽ സൂര്യരശ്മികൾ മനോഹാരിതപൂക്കളും സൃഷ്ടിക്കുന്നതുപോലെയാണ് സാഹിത്യസൃഷ്ടികൾ രൂപപ്പെടുന്നത്. അതിന് ബഹുമുഖമായ അനുഭവ- വിജ്ഞാനത്തിന്റെ അടിത്തറയുണ്ട്. അവരുടെ കൃതികൾ കാശ് കൊടുത്ത് അച്ചടിപ്പിക്കുന്നതല്ല. നമ്മുടെ വിദേശ മലയാളി എഴുത്തുകാരിൽ കാശ് കൊടുത്ത് പുസ്തകങ്ങൾ അച്ചടിപ്പിക്കാത്ത എത്ര പേരുണ്ട്? ധാരാളം പേർ കാശ് കൊടുത്ത് എഴുതിക്കുന്നു. പ്രമുഖ സാഹിത്യകാരന്മാർക്കൊപ്പം നിന്ന് ഫോട്ടോ എടുത്ത് കാശു കൊടുത്ത് പുറത്തിറക്കിയ പുസ്തകം പ്രകാശനം നടത്തിയ ഫോട്ടോ മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിലുള്ള വ്യഗ്രതയൊക്കെ കാണുമ്പോൾ പലർക്കും സംശയങ്ങൾ ഏറിവരും. അങ്ങനെയാണ് പലരും പലവിധത്തിൽ പരിഹാസ്യരാകുന്നത്. പുസ്തകങ്ങൾ പ്രകാശനം ചെയ്യുന്നത്, തെറ്റനല്ല ഞാൻ പറഞ്ഞത്. സർഗ്ഗധനരായവർ പ്രകാശനം ചെയ്യുമ്പോഴാണ് അത് അനശ്വരമാകുന്നത്. അത് നാട്യകലയെപ്പോലെ പേരുണ്ടാക്കാൻ നടത്തുന്ന ഒരു ചെപ്പടി വിദ്യയെന്ന് മറ്റുള്ളവർ തെറ്റിദ്ധരിക്കില്ല. മറ്റുള്ളവർ എത്ര പരിഹസിച്ചാലും ഈ കൂട്ടർക്ക് ഇതൊക്കെ ആനന്ദം പകരുന്ന കാര്യമാണ്. ഈ കൂട്ടർ സാഹിത്യത്തിൽ യജമാനന്മാരാകാതെ ആശ്രിതരായിട്ടിരിക്കുന്നതാണ് ഭാഷയ്ക്ക് നല്ലത്.

? സമൂഹത്തിൽ ഇന്ന് നടക്കുന്ന അംഗീകാരങ്ങളെ നിരസിക്കണമെന്ന് തോന്നുന്നുണ്ടോ?

• അംഗീകൃത അവാർഡുകൾ നിരസിക്കണമെന്നില്ല. എന്നാൽ അറിവില്ലാത്തവന്റെ സാമർത്ഥ്യം പോലെ ഇന്ന് അവാർഡ് കൊടുക്കുന്ന പ്രവണത ലജ്ജാകരമാണ്. മാലോകർ കുറ്റപ്പെടുത്താതിരിക്കാൻ പകുതി പങ്ക് യോഗ്യതയുള്ളവർക്കും ബാക്കി പകുതി അയോഗ്യർക്കുമെന്ന അഭ്യാസമാണ് ഇന്നുള്ളത്.

? അംഗീകാരങ്ങൾ, വിമർശനങ്ങൾ അതിൽ ഏതാണ് ഒരെഴുത്തുകാരനെ പ്രോത്സാഹിപ്പിക്കുക?

• ഇത് രണ്ടും ഒരെഴുത്തുകാരന് ആവശ്യമാണ്. എന്നാൽ ബുദ്ധിക്ക് ഗ്രഹിക്കാൻ കഴിയാത്ത ഒരു ചോദ്യമുണ്ട്. ആ ചോദ്യം അഭിനവഎഴുത്തുകാരുടെ കാര്യമോ അതോ സർഗ്ഗധനരായ എഴുത്തുകാർക്കുള്ളതോ? ഏതൊരു സൃഷ്ടിക്ക് പിന്നിലും ഒരു പ്രതിഭയുണ്ട്. അത്തരത്തിലുള്ളവരെ അംഗീകരിക്കണം- ഒപ്പം വിമർശിക്കയും വേണം. ഒരു സാഹിത്യ സൃഷ്ടിയിൽ കടന്നുവരുന്നതാണ് രചന, ആസ്വാദനം, വിമർശനം -ഒരു സൃഷ്ടിയില്ലെങ്കിൽ ഇതൊന്നുമില്ല. നല്ല സാഹിത്യസൃഷ്ടികൾക്ക് ആരോഗ്യകരമായ വിമർശനം ആവശ്യമാണ്. ഭാരതത്തിലെ ആദ്യത്തെ സാഹിത്യസൃഷ്ടി 'മാ-നിഷാദ'യിലൂടെ വാത്മീകി മഹർഷി സൃഷ്ടിയും വിമർശനവും നടത്തിയിട്ടുണ്ട്. അമേരിക്കയിലുള്ളവർക്ക് ആവശ്യത്തിന് വിദ്യാധരൻ എന്ന 'വിദ്വാൻ മഹർഷി'യുണ്ടല്ലോ.

? അമേരിക്കൻ എഴുത്തുകാർ അവിടുത്തെ കഥകൾ എഴുതണോ അതോ കേരളത്തിലെ കഥകൾ എഴുതണമെന്നുള്ളതിനോട് യോജിക്കുന്നുണ്ടോ?

• സാഹിത്യസൃഷ്ടികൾ എവിടെ നിന്നുള്ളതായാലും സൗരയൂഥവും തരിമണലും തമ്മിൽ വലിയ വിത്യാസമില്ലാത്തതുപോലെയാണ്. ഏതെഴുതിയാലും ആ പ്രതിഭ പ്രകാശിക്കണം. കേരളത്തിലെ പ്രമുഖ മാധ്യമങ്ങളുടെ ഓണപതിപ്പുകൾ, ഭാഷാപോഷിണി, കലാകൗമുദി, മാതൃഭൂമി, മനോരമ, മാധ്യമം, ദീപിക, കേരളകൗമുദി, ഗ്രന്ഥലോകം മുതലായ മാധ്യമങ്ങളിൽ ഞാനെഴുതുന്ന കാരണം എന്തെന്ന് ചോദിച്ചാൽ പ്രവാസി എഴുത്തുകാരെ അവരുടെ എഴുത്തിനെ മലയാളനാട് കാര്യമായി ചെവികൊള്ളുന്നില്ല. സത്യത്തിൽ സർഗ്ഗപ്രതിഭകളായ പ്രവാസി എഴുത്തുകാരെ സാഹിത്യത്തിലെ സവർണ്ണരായ മലയാളത്തിലെ എഴുത്തുകാർ കാണുന്നത് അവർണ്ണരായിട്ടാണ്. ഒന്നോ രണ്ടോ പ്രവാസികൾക്ക് അവാർഡു കിട്ടിയതുകൊണ്ട് തീരുന്നതാണോ നമ്മുടെ ഭാഷയുമായുള്ള ബന്ധം?

പരസ്പരം പുറംചൊറിഞ്ഞ് എത്രയോ അവാർഡുകൾ എല്ലാ വർഷവും അവർ വീതിച്ചെടുക്കുന്നു. പ്രവാസിക്ക് നൂറിന്റെ ഒരു ശതമാനം പോലും ലഭിക്കുന്നില്ല. നമ്മുടെ സാഹിത്യ-സാംസ്കാരിക രംഗത്തും അവഗണന മാത്രമല്ലെ പ്രവാസി എഴുത്തുകാർ അനുഭവിക്കുന്നത്. മറിച്ച് മറ്റുള്ളവ



രെപ്പോലെ വെറും കറവപശുക്കളാണ്. എന്നിട്ടും പല എഴുത്തുകാരുടെയും വാലാട്ടികളായി പലരും മുന്നോട്ട് പോകുന്നു. എത്രയോ രാജ്യങ്ങളിൽ ഭാഷയ്ക്ക് വേണ്ടി ത്യാഗങ്ങൾ സഹിക്കുന്നവരുണ്ട്. അവരോട് അവഗണനമാത്രമല്ലേ?

? ഒരെഴുത്തുകാരനായി തോന്നിയത് എപ്പോൾ? ആദ്യ രചന എവിടെ പ്രസിദ്ധീകരിച്ചു?

• നാലു പതിറ്റാണ്ടുകളിലധികമായി മുപ്പത്തിനാല് പുസ്തകങ്ങൾ, കാശു മുടക്കാതെ കേരളത്തിലെ പ്രമുഖ പ്രസാധകർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കഴിഞ്ഞ മാസങ്ങളിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും, മാതൃഭൂമിയും, മീഡിയ ഹൗസും പുസ്തകങ്ങൾ ഇറക്കിയിട്ടുണ്ട്. എട്ടാം ക്ലാസിൽ പഠിക്കുന്ന കാലത്താണ് സ്വന്തമായിട്ടെഴുതിയ കവിതയും നാടകങ്ങളും സ്കൂൾ മത്സരങ്ങളിൽ അവതരിപ്പിച്ചത്. സ്കൂളിൽ പഠിക്കുന്ന കാലത്താണ് ബാലരമയിൽ ഒരു പൊട്ടകവിത വന്നത്. തന്നെ വൃത്തവും അലങ്കാരവും പഠിപ്പിച്ചത് പണ്ഡിതകവി കെ.കെ പണിക്കരാണ്. രണ്ട് റേഡിയോ നാടകങ്ങളും അന്ന് പുറത്തു വന്നിട്ടുണ്ട്.

? കഥ, കവിത, ലേഖനം, നിരൂപണം, സഞ്ചാരസാഹിത്യം, നർമ്മം ഒരാൾതന്നെ എഴുതുന്നതിനെക്കാൾ ഒന്നിൽതന്നെ അമേരിക്കൻ എഴുത്തുകാർക്കും കാലൂന്നി നിന്നൂടെ?

• സുഹൃത്തേ, എപ്പോഴും അമേരിക്ക മാത്രം പറയാതെ ഈ യൂറോപ്പിലുള്ളവരെ കൂടി ഒന്നു തിരിഞ്ഞു നോക്കൂ. ഈ സങ്കുചിത ചിന്തയ്ക്ക് ഈ മലയാളി തനിക്കൊരു അവാർഡ് തന്ന് മാതൃക കാട്ടിയെങ്കിലും മറ്റുള്ളവർ എന്താണ് യൂറോപ്പിലെ എഴുത്തുകാരെ അകറ്റുന്നത്? കേരളത്തിലുള്ളവരും ചെയ്യുന്നത് ഈ സവർണ്ണ നയമാണ്. അമേരിക്കയിലെ എഴുത്തുകാരെ മാത്രം ഉയർത്തി കാട്ടുന്ന ഈ അന്തർനാടകങ്ങൾ ഒന്ന് പൊളിച്ചെഴുതണമെന്നുള്ളത് ഒരപേക്ഷയാണ്. എന്റെ അറിവിൽ നാടകം, നോവൽ, കഥ, കവിത, ലേഖനം, യാത്രാവിവരണം, ശാസ്ത്രം, കായികം, ബാലനോവൽ, ഇംഗ്ലീഷ്നോവൽ, ടൂറിസം തുടങ്ങിയ മേഖലകളിൽ കടന്നു കയറിയിട്ടുള്ള ഏക എഴുത്തുകാരനാണ് ഞാൻ. ഇന്നുവരെ ആരും ഈ റിക്കാർഡ് ഭേദിച്ചതായി അറിയില്ല. ഒന്നിൽതന്നെ ഒരെഴുത്തുകാരൻ ഉറച്ചു നില്ക്കണമെന്ന് യാതൊരു നിർബന്ധവുമില്ല. അടുത്തത് തന്റെ ലക്ഷ്യം ജീവചരിത്രമാണ്. സാഹിത്യഗംഗയുടെ തീരത്തുകൂടി നടക്കുന്നവർക്ക് സർഗ്ഗക്രിയയുടെ നിർവികാരമായ നിമിഷങ്ങളാണത്. അവർ മറ്റുള്ളവരെക്കാൾ ശ്രേഷ്ഠരായിട്ടാണ് ഞാൻ കാണുന്നത്.

? അമേരിക്കൻ എഴുത്തുകാരുടെ ഏതൊക്കെ രചനകൾ വായിച്ചിട്ടുണ്ട്?

• പലരുടെയും കൃതികൾ വായിച്ചിട്ടുണ്ട്. പേരെടുത്ത് പറഞ്ഞാൽ ധാരാളമുണ്ട്. ചിലരുടെ പേര് മാത്രം പറഞ്ഞ് എന്തിന് മറ്റുള്ളവരെ പിണക്കണം. ഇവരോടുള്ള എന്റെ ഒരു നിർദ്ദേശം കൈയിലിരിക്കുന്ന കാശ് കൊടുത്ത് കേരളത്തിലുള്ള പുസ്തകപ്രസാധകരെ ധനവാന്മാരാക്കാതെയിരിക്കുക.

? ഈമലയാളിയിൽ എഴുതുന്ന തൂലികനാമത്തിലുള്ളവരെപ്പറ്റി എന്താണ് അഭിപ്രായം? അത് നിറുത്തണോ?

• കഴിഞ്ഞ കാലങ്ങളിൽ ഞാനും തൂലികനാമത്തിൽ എഴുതിയിട്ടുണ്ട്. ഒരാൾ തൂലികനാമത്തിലെഴുതുന്നത് അയാളുടെ ഇഷ്ടമല്ലേ? എഴുതുന്നവ ആരോഗ്യകരമാണോയെന്ന് നോക്കിയാൽ പോരായോ?

? ഇതുവരെ എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു? ഇനിയും പ്രസിദ്ധീകരിക്കാനുള്ളത്?

• ഇതുവരെ പ്രസിദ്ധീകരിച്ചത് മുപ്പത്തിനാല് പുസ്തകങ്ങളാണ്. മൊത്തം നാല്പത്തിരണ്ട് പുസ്തകങ്ങളുണ്ട്. അതിൽ പലതും വർഷങ്ങൾക്ക് മുൻപേ കരാർ ചെയ്തതാണ്. പ്രസാധകരുടെ ഉത്തരം ഉടനടി പുറത്ത് വരുമെന്നാണ്. വരുമ്പോഴൊക്കെ മൂന്നും നാലും ഒന്നിച്ചുവരും. അവാർഡിലെ അപാകതപോലെ തന്നെയാണ് സർക്കാർ പുസ്തകസ്ഥാപനങ്ങളിലെ രാഷ്ട്രീയ ഉദ്യോഗസ്ഥന്മാരുടെ രാഷ്ട്രീയകളികൾ. അവന്മാരെ ഒന്നു സുഖിപ്പിച്ചാൽ കാര്യങ്ങൾ പെട്ടെന്ന് നടക്കും. ആ നിലയിൽ കാര്യങ്ങൾ എത്തിച്ചത് ചില അഭിനവ പ്രവാസി എഴുത്തുകാരാണ്. ബാലസാഹിത്യഇൻസ്റ്റിറ്റ്യൂട്ട്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വളരെ മാന്യമായിട്ടാണ് തന്റെ പുസ്തകങ്ങൾ ഇറക്കിയിട്ടുള്ളത്. പ്രതിഭ ഇല്ലാത്തവന്റെ പ്രക്രിയയും, രാഷ്ട്രീയ ഉദ്യോഗസ്ഥന്മാരുടെ രാഷ്ട്രീയ ശാസ്ത്രവുമാണ് പലയിടത്തും നടമാടുന്നത്.

? താങ്കൾ പൂർണ്ണസമയം എഴുത്തുകാരനോ അതോ വല്ലപ്പോൾ എഴുതുമോ?

• ഞാൻ പൂർണ്ണസമയ എഴുത്തുകാരനാണ്. അതുകൊണ്ട് എഴുതുന്നതെല്ലാം ലോകോത്തരമെന്നോ, സൗന്ദര്യം, ഭാവന, അലങ്കാരം, ശബ്ദം, അർത്ഥം ഞാൻ അവകാശപ്പെടാറില്ല. എല്ലാം അനുഭവവേദ്യമായി മാറണമെന്ന ആഗ്രഹമേയുള്ളൂ.

? ഈ മലയാളി സാഹിത്യകാരന്മാരുടെ വളർച്ചയ്ക്കായി എന്ത് ചെയ്യുന്നു. എന്ത് ചെയ്യണം?

• ഈ മലയാളി മലയാളി ഭാഷയെയും എഴുത്തുകാരെയും പ്രോത്സാഹിപ്പിക്കുന്നതിൽ നല്ലൊരു പങ്ക് വഹിക്കുന്നുണ്ട്. വായനയ്ക്കിടയിൽ ഇത് കവിതയാണോ? കേവല ഭാഷയാണോ, പദവാക്യപ്രമാണങ്ങളെപ്പറ്റി അല്ലെങ്കിൽ കാവ്യഭാഷ, ഈ കലാരൂപത്തിന് ചേർന്നതാണോ എന്നൊക്കെ ചിന്തിക്കാറുണ്ട്. എഴുത്തുകാരൻ ഒരു കാവ്യസൗന്ദര്യത്തിന്റെ മേൽക്കൂര കെട്ടിപ്പൊക്കുമ്പോൾ ഒടിഞ്ഞു പോകാതെ, ഇടിഞ്ഞുവീഴാതെ നോക്കണം ഒപ്പം തന്നെ സഹൃദയസംവേദനക്ഷമതയുള്ള ഹൃദയങ്ങളുമായി പരിചയിക്കുമോ എന്നതും ശ്രദ്ധിക്കണം. സാഹിത്യത്തിന്റെ യഥാർത്ഥരൂപം നല്ല വായനക്കാരെ ആശ്രയിച്ചാണ്. മറ്റുള്ളവർ എഴുതിക്കൂട്ടുന്നതെന്തും പ്രസിദ്ധീകരിക്കണമോ എന്നതും ചിന്തയ്ക്ക് വിധേയമാക്കണം. ഫെയ്സ് ബുക്കു പോലുള്ള സ്തുതിപാഠകരെ സൂക്ഷിക്കുക.

? 200 എഴുത്തുകാരും 7 വായനക്കാരുമാണെന്ന് അമേരിക്കൻ മലയാളി സാഹിത്യകാരൻ അഭിപ്രായപ്പെട്ടതിനെ എങ്ങനെ കാണുന്നു?

• അദ്ദേഹത്തിന്റെ വാദം തള്ളിക്കളയാനാകില്ല. 200 എഴുത്തുകാരെക്കാൾ ചേർന്നത് 200 വായനക്കാരും ഏഴ് എഴുത്തുകാരുമാണ്.

? അമേരിക്കയിൽ മലയാളി വായനക്കാരില്ലെന്ന് പറയുന്നത് ശരിയോ?

• ലോകത്തെമ്പാടും ഒരു പറ്റം മലയാളികൾ വായിക്കുന്നവരാണ്. മനുഷ്യനുള്ളിടത്തോളം വായനയുണ്ട്. വായിക്കാത്തവന് എന്തറിവാണുള്ളത്. വായിക്കാത്തവരുടെ ജീവിതം നാശമാണ് നല്കുന്നത്. തിന്മയിൽ നിന്നും രക്ഷ നേടാൻ അക്ഷരവും ആത്മാവും മനുഷ്യനാവശ്യമാണ്. ഈമലയാളിയിൽ നല്ല സൃഷ്ടികൾ മാത്രം പ്രസിദ്ധീകരിക്കുക. പ്രമുഖ എഴുത്തുകാരെയും പ്രവാസി എഴുത്തുകാരെയും ഒരേ ചരടിൽ കെട്ടാതിരിക്കുക. രണ്ട് കോളങ്ങൾ നല്ലതാണ്.

## കാരൂർ സോമന്റെ കൃതികൾ

**നോവൽ**

1. കണ്ണീർപൂക്കൾ
2. കദനമഴ നനഞ്ഞപ്പോൾ
3. കനൽ
4. കാരൂർ കൊച്ചുകുഞ്ഞ്
5. കിനാവുകളുടെ തീരം
6. കാണാപുറങ്ങൾ
7. കഥാ നായകൻ
8. കാൽപാടുകൾ (യൂറോപ്പിൽനിന്നുള്ള ആദ്യനോവൽ)
9. കൗമാരസന്ധ്യകൾ
10. കാവൽ മാലാഖ
11. കാവൽക്കാരുടെ സങ്കീർത്തനങ്ങൾ
12. കാലാന്തരങ്ങൾ
13. കാലയവനിക
14. കൽവിളക്ക്
15. കന്മദപൂക്കൾ
16. കാര്യസ്ഥൻ
17. കന്യാദളങ്ങൾ
18. കന്യാസ്ത്രി കർമൽ

**ബാലസാഹിത്യ നോവൽ**

19. കിളികൊഞ്ചൽ
20. കർഷക മന്ത്രി
21. കാറ്റാടിപ്പൂക്കൾ

**ഇംഗ്ലീഷ് നോവൽ**

22 Malabar a Flame

**കവിത**

23. കറുത്ത പക്ഷികൾ
24. കടലാസ്
25. കളിമണ്ണ്

**കഥകൾ**

26. കാട്ടുകോഴികൾ
27 കാലത്തിന്റെ മടിത്തട്ടിൽ

**ലേഖനം**

28. കഥകളുറങ്ങുന്ന പുണ്യഭൂമി
29. സൗദിയുടെ മണ്ണിൽ
30. കടലിനക്കരെ ഇക്കരെ

**യാത്രാവിവരണം**

31. കനക നക്ഷത്രങ്ങളുടെ നാട്ടിൽ
32. കാളപ്പോരിന്റെ നാട് (സ്പെയിൻ)
33. കൊളോസിയം - റോമൻ ചരിത്ര വീഥിയിൽ

**സംഗീത നാടകം**

34. കടൽക്കര
35. കടലിനക്കരെ എംബസി സ്കൂൾ (ഗൾഫിൽനിന്നുള്ള ആദ്യനാടകം)

**കായികം**

36. കളിക്കളം ലണ്ടൻ ഒളിംപിക്സ് ഒളിംപിക്സ് ചരിത്രം
37. കായിക സ്വപ്നങ്ങളുടെ ലണ്ടൻ ഡയറി (മാധ്യമം ദിനപത്രത്തിന് വേണ്ടി എഴുതിയ ലണ്ടൻ ഒളിംപിക്സ്)

**ശാസ്ത്ര സാങ്കേതികം**


38. ചന്ദ്രയാൻ
39. മംഗൾയാൻ
40. കാലമുദ്രകൾ

**ട്രാവൽ & ടൂറിസം**

41. കേരളം (ട്രാവൽ & ടൂറിസം)

**കൃതികൾ പ്രസിദ്ധീകരിച്ചിട്ടുള്ള കേരളത്തിലെ പ്രമുഖ പ്രസാദകർ**

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സാഹിത്യസഹകരണ സംഘം, ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കറന്റ് ബുക്സ്,
മാതൃഭൂമി ബുക്സ്, വിദ്യാർത്ഥി മിത്രം,
മീഡിയ ഹൗസ്, പ്രഭാത് ബുക്സ്, പൂർണ്ണ പബ്ലിക്കേഷൻസ്, അസെൻഡ് ബുക്സ്
www.karursomam.com




# കവിത്വത്തിലേയ്ക്ക്... കഥയരങ്ങിലേയ്ക്ക്... നടനരസത്തിലേയ്ക്ക്...

**എ.എസ് ശ്രീകുമാർ**

കല ജനങ്ങൾക്കുള്ളതാണ്. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളെ കല അതിജീവിക്കുമെന്നത് രാപ്പകൽ സത്യമാണ്. പ്രപഞ്ചത്തിന്റെ മൊത്തത്തിലുള്ള വികാരമായാണ് കല എക്കാലവും പ്രദർശിപ്പിക്കപ്പെടുന്നത്. എല്ലാത്തരത്തിലുള്ള കലകളും അതിന്റെ പേര് അന്വർത്ഥമാക്കും വിധം വിദ്യാദായകങ്ങളാണ്. അത് വികാരങ്ങളെ മഹത്വവൽക്കരിക്കുകയും സംസ്കരിച്ചെടുക്കുകയും ചെയ്യുന്നതോടൊപ്പം ഭാവുകത്വത്തെയും ചിന്താശേഷിയെയും കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. കലയുടെ നന്മയ്ക്കായി കലയെ ഹൃദയപൂർവം പിന്തുണയ്ക്കുന്നവർ ഒരു നിമിഷം പോലും അതിന്റെ സാമൂഹിക മൂല്യത്തെ തള്ളിപ്പറയുകയില്ല. കടന്നുപോകുന്ന എല്ലാവരുടെയും ചിന്തകളെയും ചപലതകളെയും സമ്പുഷ്ടമാക്കുന്ന ഒന്നാണ് കലയെന്ന്, അതായത് കല വ്യക്തിപരമായ സന്തുഷ്ടിക്കുവേണ്ടിയാണെന്ന ചിന്ത കടന്നു വരുന്നതോടെ ആ തത്വത്തിന്റെ മഹത്വം നഷ്ടപ്പെടുകയും തെറ്റിദ്ധരിക്കപ്പെട്ട പ്രമാണമായത് മാറുകയും ചെയ്യുന്നു...

ഇവിടെ ദൈവദത്തമായ, ജന്മസിദ്ധമായ കലയെ, അതിന്റെ മഹത്വത്തിന്റെ പാതയിലൂടെ കൂട്ടിക്കൊണ്ടുപോവുകയാണ് തമ്പി ആന്റണി. ഈ പേര് മലയാളികൾക്കു മാത്രമല്ല, അങ്ങ് ഹോളിവുഡ് വരെ എത്തിയ അമേരിക്കൻ മലയാളിയും കവിയും കഥാകാരനും നടനും നിർമാതാവുമായ ഒരു പൊൻകുന്നംകാരന്റെ പേരാണ്. മലയാള സിനിമയിലെ ആക്ഷൻ ഹീറോ ബാബു ആന്റണിയുടെ ജ്യേഷ്ഠനായ തമ്പി ആന്റണി ഒരു സ്വപ്നത്തിന്റെ രഥത്തിലേറിയാണ് അമേരിക്കയിലെത്തിയത്. വായനാശീലം അകമ്പടിയാക്കിയ കുട്ടിക്കാലം തൊട്ട് അമേരിക്കയെ പറ്റി ലഭിച്ച അറിവുകളാണ് അമേരിക്ക എന്ന സ്വപ്നസമാനമായ വിശാല ഭൂമികയിലേക്ക് തമ്പി ആന്റണിയെ നയിച്ചത്. പൊൻകുന്നം തെക്കേത്ത് ആന്റണിയുടെയും മറിയാമ്മയുടെയും പുത്രനായ ഇദ്ദേഹം കാലിഫോർണിയയിൽ തന്റെ ഹെൽത്ത് കെയർ ബിസിനസുമായി ബന്ധപ്പെട്ട തിരക്കുകൾക്കിടയിലും കഥയെഴുതാനും കവിത കുറിക്കാനും പിന്നെ തന്റെ മറ്റൊരു സ്വപ്നമായ സിനിമ അഭിനയത്തിന് സമയം കണ്ടെത്താനും ശ്രമിക്കുന്നത് കലയോടുള്ള സന്ധിയില്ലാത്ത ആ സ്നേഹം കൊണ്ടു തന്നെയാണ്.

ഇക്കൊല്ലത്തെ ഇ-മലയാളി സാഹിത്യ പുരസ്കാരത്തിൽ കവിതാ വിഭാഗത്തിൽ അംഗീകാരം ലഭിച്ച തമ്പി ആന്റണി ജന്മനാടിന്റെ നന്മയും കർമഭൂമിയുടെ സാദ്ധ്യതകളും ജീവിതത്തിന്റെ നിയോഗപുസ്തകത്തിൽ അടയാളപ്പെടുത്തിക്കൊണ്ടാണ് സർഗസപര്യയുടെ പുത്തൻ അദ്ധ്യായങ്ങൾ രചിക്കുന്നത്. നാട്ടിൽ നിന്ന് സിവിൽ എഞ്ചിനീയറിംഗ് ബിരുദം നേടി ഔദ്യോഗിക ജീവിതത്തിൽ ആർക്കിടെക്ടായി ഹ്രസ്വകാലം സേവനം അനുഷ്ടിച്ച ശേഷമാണ് 1984 ൽ അമേരിക്കയിൽ എത്തുന്നത്. അതായത് തന്റെ സ്വപ്ന ഭൂമികയിൽ. അവിടെ ജീവിതത്തിന്റെ അസ്ഥിവാരം കെട്ടിപ്പടുക്കുന്നതിനോടൊപ്പം അക്ഷരങ്ങളെ, മലയാള അക്ഷരങ്ങളെ തന്റെ സർഗവാസനയുടെ മേമ്പൊടിയിൽ സുഗന്ധമുള്ള വാക്കുകളായി കൂട്ടിച്ചേർത്തുകൊണ്ട് കഥയും കവിതയും നാടകങ്ങളും ഒക്കെയായി അരങ്ങിലും അണിയറയിലും പ്രവർത്തിച്ച് ഏവരുടെയും അംഗീകാരത്തിനും ആദരവിനും പാത്രീഭൂതനായിരിക്കുന്നു ഇദ്ദേഹം.

> സ്റ്റീവ് ആൻഡേഴ്സൺ സംവിധാനം ചെയ്ത ഹോളിവുഡ് ചിത്രമായ 'റൂട്ട് ഓഫ് ഈവിൾസ്'ൽ സുപ്രധാന കഥാപാത്രത്തെ അവതരിപ്പിച്ചുകൊണ്ട് ഹോളിവുഡിന്റെ തിരശീലയിൽ ഭാവങ്ങളുടെ കൈയൊപ്പു ചാർത്തിയ തമ്പി ആന്റണി, 'തമ്പി ആന്റണി തെക്കേക്ക്' എന്ന പേരിലാണ് അറിയപ്പെടുന്നത്. രാജീവ് അഞ്ചൽ സംവിധാനം ചെയ്ത 'ബിയോണ്ട് ദി സോൾ' എന്ന മറ്റൊരു ഹോളിവുഡ് ചിത്രത്തിലൂടെ മികച്ച നടനുള്ള അന്താരാഷ്ട്ര അവാർഡ് കരസ്ഥമാക്കി മലയാളത്തിന്റെ സിനിമ മാഹാത്മ്യം ലോക പ്രേക്ഷകരിലേയ്ക്ക് സന്നിവേശിപ്പിച്ചു ഈ നടൻ



ഇ-മലയാളിയുടെ സാഹിത്യപുരസ്കാരം താൻ ഹൃദയപൂർവം ഏറ്റുവാങ്ങുന്നുവെന്ന് തമ്പി ആന്റണി പറഞ്ഞു. നാട്ടിലെയും മറുനാട്ടിലെയും പല അവാർഡുകളും സ്നേഹപൂർവം നിരസിച്ചിട്ടുള്ള ഇദ്ദേഹത്തിന് അക്ഷരപ്പൊലിമയുള്ള ഇ-മലയാളിയുടെ  അവാർഡ് അർഹതയ്ക്ക് കിട്ടിയ അംഗീകാരപത്രമാണെന്ന് അദ്ദേഹത്തിന്റെ വിനയപൂർവമുള്ള വാക്കുകൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു. 'പച്ച' എന്ന കവിതയ്ക്കാണ് ഈ പുരസ്കാരം. 'സൗത്ത് സെൻട്രൽ', 'ഡെഡ് മാൻ കാണ്ട് ഡാൻസ്' തുടങ്ങിയ ചിത്രങ്ങളിലൂടെ പ്രശസ്തനായ സ്റ്റീവ് ആൻഡേഴ്സൺ സംവിധാനം ചെയ്ത ഹോളിവുഡ് ചിത്രമായ 'റൂട്ട് ഓഫ് ഈവിൾസ്'ൽ സുപ്രധാന കഥാപാത്രത്തെ അവതരിപ്പിച്ചുകൊണ്ട് ഹോളിവുഡിന്റെ തിരശീലയിൽ ഭാവങ്ങളുടെ കൈയൊപ്പു ചാർത്തിയ തമ്പി ആന്റണി, 'തമ്പി ആന്റണി തെക്കേക്ക്' എന്ന പേരിലാണ് അവിടെ അറിയപ്പെടുന്നത്. രാജീവ് അഞ്ചൽ സംവിധാനം ചെയ്ത 'ബിയോണ്ട് ദി സോൾ' എന്ന മറ്റൊരു ഹോളിവുഡ് ചിത്രത്തിലൂടെ മികച്ച നടനുള്ള അന്താരാഷ്ട്ര അവാർഡ് കരസ്ഥമാക്കി മലയാളത്തിന്റെ സിനിമ മാഹാത്മ്യം ലോക പ്രേക്ഷകരിലേയ്ക്ക് സന്നിവേശിപ്പിച്ച ഈ നടൻ 'പളുങ്ക്', 'മെയ്ഡ് ഇൻ യു.എസ്.എ', 'സൂഫി പറഞ്ഞ കഥ', 'ജാനകി', 'ആദാമിന്റെ മകൻ അബു', 'ഡാം 999', 'പറുദീസ', 'യാത്ര തുടരുന്നു', 'കളിമണ്ണ്', 'സെല്ലുലോയ്ഡ്', 'പാപ്പിലോ ബുദ്ധ', 'അപ്പോത്തിക്കിരി', 'കൽക്കട്ട ന്യൂസ്' തുടങ്ങി ഒട്ടേറെ മലയാള സിനിമകളിലൂടെ അഭിനയത്തിന്റെയും നിർമാതാവിന്റെയും വേഷവിധാനങ്ങളിൽ നമ്മെ രസിപ്പിച്ചിട്ടുണ്ട്.

ഇ-മലയാളിയുടെ മാന്യവായനക്കാർക്കും അഭ്യുദയകാംക്ഷികൾക്കുമായി തമ്പി ആന്റണി തന്റെ ജീവിതാനുഭവങ്ങളും സർഗസൃഷ്ടികളുടെ രചനാ പാഠങ്ങളും പങ്കുവയ്ക്കുകയാണ്. അഭിമുഖ സംഭാഷണത്തിന്റെ പ്രസക്തഭാഗങ്ങളിലേയ്ക്ക്.

> നീണ്ട കാത്തിരിപ്പിനും പ്രയത്നത്തിനും ഒടുവിൽ ഹോളിവുഡിലെ നടൻ എന്ന താരപദവി നേടിയ ഇദ്ദേഹത്തെ 'റൂട്ട് ഓഫ് ഓൾ ഈവിൾസ്'ന്റെ ഡയറക്ടർ സ്റ്റീവ് ആൻഡേഴ്സൺ വിശേഷിപ്പിച്ചത് 'മാജിക് മുഖമുള്ള മനുഷ്യൻ' എന്നായിരുന്നു. കാരണം, ഏത് കഥാപാത്രത്തിന്റെയും ഏത് രാജ്യക്കാരന്റെയും മുഖമായി മാറ്റാൻ കഴിയുന്നതാണ് തമ്പി ആന്റണിയുടെ മുഖം എന്നായിരുന്നു ആൻഡേഴ്സന്റെ പ്രശംസാ വാക്കുകൾ.



? അമേരിക്ക സ്വപ്നഭൂമിയായിരുന്നല്ലോ. അവിടേയ്ക്കുള്ള യാത്ര പോലെ എഴുത്തിലേക്കുള്ള സഞ്ചാരം എത്രമേൽ വേഗത്തിലായിരുന്നു...

• എന്നിൽ ഒരു എഴുത്തുകാരനുണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞത് വളരെ താമസിച്ചായിരുന്നു. കോതമംഗലം എം.എ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ പഠിക്കുന്ന കാലം. അന്ന് സാഹിത്യ ചർച്ചകളിൽ സജീവമായിരുന്നു. സഹപാഠികളും അധ്യാപകരും എന്നെ പിടിച്ച് കോളേജ് മാഗസിൻ എഡിറ്ററാക്കി. അങ്ങനെ അന്ന് ഏറ്റെടുത്ത ദൗത്യത്തെ സാധൂകരിക്കാൻ 'സ്വപ്നങ്ങൾ' എന്ന കവിത എഴുതി. എന്റെ ജീവിതത്തിൽ ആദ്യമായി അച്ചടിച്ചു വന്ന കവിത ആയിരുന്നു അത്. പിന്നെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ അവസാന വർഷം 'സെമസ്റ്റർ' എന്നൊരു കവിതയും എഴുതുകയുണ്ടായി.

? അതിന്റെ പശ്ചാത്തലം എന്തായിരുന്നു...

• ഒരു പെൺകുട്ടിയുമായിട്ടുള്ള സ്നേഹമായിരുന്നു. തെറ്റിദ്ധരിക്കരുത്, അത് ഒരിക്കലും പ്രേമം ആയിരുന്നില്ല, നല്ലൊരു സുഹൃത്ത് എന്ന നിലയിലായിരുന്നു ഞാൻ അവളെ കണ്ടത്. അന്നൊക്കെ സീനിയേഴ്സ് ജൂനിയേഴ്സിനെ കൊണ്ട് ചില അസൈൻമെന്റുകളൊക്കെ ചെയ്യിക്കുമായിരുന്നു. അത്തരത്തിൽ ഒരുപാട് വർക്കുകൾ ഈ പെൺകുട്ടി എനിക്ക് ചെയ്ത് തന്നിട്ടുണ്ട്. അതിന്റെ നന്ദി സൂചകമായിട്ട്, ജൂനിയേഴ്സിനോടുള്ള യാത്ര ചോദിക്കലായിരുന്നു ആ കവിതയുടെ പ്രമേയവും പശ്ചാത്തലവും.

? സ്വപ്നഭൂമിയിലേക്കുള്ള യാത്രയും സർഗ സൃഷ്ടികളും...

• അമേരിക്കയിൽ കാല് കുത്തിയ ശേഷം ജോലിയിൽ പ്രവേശിക്കുകയും സ്വാഭാവികമായും മലയാളി കൂട്ടായ്മയിൽ പ്രവർത്തിക്കണമെന്ന ആഗ്രഹത്തെ തുടർന്ന് മലയാളി അസോസിയേഷൻ ഓഫ് നോർത്ത് കാലിഫോർണിയയിൽ (മങ്ക) സജീവമാവുകയും ചെയ്തു. അന്നവിടെ ഒരു നാടക സമിതിയുണ്ടായിരുന്നു. ശ്യാം ദാസ്, പോൾ പഴയാറ്റിൽ തുടങ്ങിയവരായിരുന്നു ഡയറക്ടർമാർ. അവരുടെ നാടകങ്ങളിൽ മുഖ്യവേഷത്തിൽ അഭിനയിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഹാസ്യരസ പ്രധാനങ്ങളായ വേഷങ്ങളാണ് കൈകാര്യം ചെയ്തിരുന്നത്. കോമഡി നാടകങ്ങൾ ഇല്ലാതെ വന്നപ്പോൾ അസോസിയേഷൻ ഭാരവാഹികൾ എന്നോട് നാടകം എഴുതാൻ ആവശ്യപ്പെടുകയായിരുന്നു. എനിക്ക് നാടകം എഴുതാനുള്ള കഴിവ് ഉണ്ടെന്ന് അവർ എങ്ങനെയോ മനസ്സിലാക്കിയിരുന്നു.

? ആദ്യ നാടകവും അവതരണവും വിജയവും...

• അതൊരു ഫുൾ ലെങ്ത് കോമഡി നാടകമായിരുന്നു. ..'ഇടിച്ചക്ക പ്ലാമൂട് പോലീസ് സ്റ്റേഷൻ'. പണ്ട് സ്കൂളിൽ നിന്ന് എസ്കർഷൻ പോയപ്പോൾ കണ്ട, നെയ്യാറ്റിൻകരയ്ക്കു സമീപമുള്ള സ്ഥലമാണ് ഇടിച്ചക്ക പ്ലാമൂട്. ആ പേര് എന്റെ മനസ്സിൽ പച്ചപിടിച്ച് കിടക്കുന്നുണ്ടായിരുന്നു. ഏറെക്കാലത്തിനു ശേഷം ഒരു പത്രവാർത്ത വായിച്ചു. അതായത് നാട്ടിൽ കേസില്ലാതെ വന്നതിനാൽ ഒരു പോലീസ് സ്റ്റേഷൻ അടച്ചുപൂട്ടി എന്നത്. നാടകത്തിന്റെ സ്പാർക്കായിരുന്നു ആ വാർത്ത. കേസുണ്ടാക്കാൻ കഷ്ടപ്പെടുന്നതും അവസാനം മന്ത്രിയെത്തി പോലീസ് സ്റ്റേഷൻ അടയ്ക്കാൻ ഉത്തരവിടുന്നതുമെല്ലാം കോമഡി ട്രാക്കിൽ എഴുതുകയായിരുന്നു. അത് ഹിറ്റാവുകയും അമേരിക്കയിൽ പലയിടത്തും അവതരിപ്പിക്കുകയും ചെയ്തു.

? രചനയുടെ അടുത്ത രംഗങ്ങളിലേയ്ക്ക്...

• ആദ്യ നാടകം ആസ്വാദകർ സ്വീകരിച്ചതോടെ ഇനിയുമെഴുതാം എന്ന ആത്മവിശ്വാസമുണ്ടായി. അങ്ങനെയാണ് 'ഡോക്ടർ ദൈവസഹായം' എന്ന നാടകം എഴുതിയത്. അതും ഒരു സറ്റയർ ആയിരുന്നു. ഈ നാടകവും ഇടിച്ചക്ക പ്ലാമൂട് പോലീസ് സ്റ്റേഷനും കലാ കൗമുദിയിൽ ചെറുകഥയായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മൂന്നാമത്തെ നാടകമാണ് 'മേരിക്കുട്ടി ഇത് അമേരിക്ക'. ഇത് അമേരിക്കൻ പശ്ചാത്തലത്തിൽ എഴുതിയതാണ്. അരങ്ങിനു വേണ്ടി എഴുതിയ നാടകങ്ങൾ പിന്നീട് പുസ്തകമാക്കി.

? കവിതയിലേക്കുള്ള ചുവട് വയ്പ്പുകൾ...

• സ്വാഭാവികമായി എഴുതിപ്പോയതാണ്. ഒരു കവി ആകാനുള്ള ബോധപൂർവമായ ശ്രമമൊന്നും കവിതാ രചനയിൽ നിഴലിച്ചിട്ടില്ല. ഏറ്റവും കൂടുതൽ കവിത എഴുതിയിട്ടുള്ളത് മലയാളം പത്രത്തിനു വേണ്ടിയാണ്. ഒരിക്കൽ മലയാള മനോരമയിലെ സുഹൃത്ത് ഇവിടെ വരികയും നോട്ടുബുക്കിൽ കുത്തിക്കുറിച്ചിട്ടിരിക്കുന്ന എന്റെ കവിതകൾ കാണുകയും ചെയ്തു. അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് ഒരു കവിത എഴുതി. 'സ്വർണ്ണച്ചിറകുള്ള പക്ഷി' എന്ന ആ കവിത മലയാള മനോരമ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു. നാട്ടിലെ ഒരു ആനുകാലിക പ്രസിദ്ധീകരണത്തിൽ വരുന്ന എന്റെ ആദ്യ കവിതയാണത്. അതിന് നല്ല പ്രതികരണങ്ങളും കിട്ടി. അതേ കവിത ഇംഗ്ലീഷിലാക്കി ഇവിടുത്തെ ആനുകാലികത്തിലും പ്രസിദ്ധീകരിച്ചു. അതിനും തദ്ദേശീയരുടെ പ്രശംസകൾ ലഭിച്ചു. ഇത് ഒരു കാൽപ്പനിക കവിതയാണ്.

? കവിതാ രചനയുടെ പ്രചോദനം...

• ചില വാക്കുകളും സംഭവങ്ങളുമാണ് എനിക്ക് പ്രചോദനമാകുന്നത്. ഉദാഹരണത്തിന് 'പച്ച' എന്ന കവിതയെ പറ്റി പറയാം. പച്ച, മുസ്ലീമിന്റെ നിറമായി പറയപ്പെടുന്നു. ഞാൻ ആ നിറത്തെ കേരളത്തിന്റെ പച്ചപ്പായാണ് കാണുന്നത്. ആ പച്ചപ്പിന്റെ വെളിച്ചത്തിൽ അങ്ങനെയൊരു കവിത എഴുതി. ഇ-മലയാളിയിലാണ് ഈ കവിത ആദ്യം പ്രസിദ്ധീകരിച്ചത്. പിന്നീട് മാധ്യമത്തിലും വന്നു.

? കഥയിലേയ്ക്ക് കയറി എഴുത്തിന്റെ മറ്റൊരു മേഖല കീഴടക്കിയതിനെ പറ്റി...

• 2013 ലാണ് കഥയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അതിനു മുമ്പ് കഥയെഴുതാനുള്ള ചില ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. എഴുത്തിന്റെ കാര്യത്തിൽ ഞാനൊരു അലസനാണ്. 'ചില പെൺകുട്ടികൾ അങ്ങനെയാണ്' എന്ന കഥയാണ് കേരളത്തിൽ പ്രസിദ്ധീകരിച്ച എന്റെ ആദ്യത്തെ കഥ. 'മിസ് കേരളയും പുണ്യാളനും', 'ആൾ ദൈവം ആനന്ദ കല്യാണി', 'ക്യാപ്റ്റൻ ഇത്താക്ക് ചാക്കോ മലയാളം ബി.എ' തുടങ്ങിയ കഥകൾ നാട്ടിലും അമേരിക്കയിലും ഒരുപാടു പേർ വായിക്കുകയും അഭിപ്രായങ്ങൾ പറയുകയും ചെയ്തു. ഈ വരുന്ന ഓണം കഴിഞ്ഞ് എന്റെ ഒരു കഥാ സമാഹാരം പ്രസിദ്ധീകരിക്കുന്ന സന്തോഷ വിവരം ഏവരേയും ഈ സംഭാഷണത്തിലൂടെ അറിയിക്കുകയാണ്.

? വാസ്കോ ഡി ഗാമ എന്ന കഥയെ പറ്റി...

• എന്റെ കഥാ രചനയുടെ ഒരു ടേണിംഗ് പോയിന്റാണ് ഇത്. മലയാളത്തിലെ ഏറ്റവും വലിയ സംസ്കാരിക നായകന്മാരും എഴുത്തുകാരും ഒക്കെ തങ്ങളുടെ കഥകളും കവിതകളും വീക്ഷണങ്ങളും പങ്കു വയ്ക്കുന്ന മാതൃഭൂമി വീക്കിലിയിൽ വാസ്കോ ഡി ഗാമ എന്ന കഥ അച്ചടിച്ചു വന്നത് വലിയ നേട്ടമായി തന്നെ ഞാൻ കരുതുന്നു. പേര് സൂചിപ്പിക്കുന്നതു പോലെ ഇത് ഒരു ചരിത്രകഥയല്ല, ഒരു പട്ടിയുടെ കഥയാണ്. ഫെയ്സ് ബുക്കിൽ ഇത് അനുവാചകർക്ക് വായിക്കാനാവും.

? ഇ-മലയാളിയുടെ അവാർഡ് ലഭിച്ചപ്പോൾ തമ്പി ആന്റണി എന്ന സാഹിത്യകാരൻ അംഗീകരിക്കപ്പെട്ടു എന്നു ചിന്തിക്കാമോ...

• ഞാനൊരു എഴുത്തുകാരനാണോ എന്ന് അമേരിക്കൻ മലയാളികൾ മൊത്തത്തിൽ അറിഞ്ഞിട്ടുണ്ടോ എന്നതിനെ കുറിച്ച് എനിക്ക് സംശയം ഉണ്ട്. എന്നിൽ കുടികൊള്ളുന്ന എഴുത്തുകാരനെ സമൂഹ മധ്യത്തിൽ വെളിപ്പെടുത്താനുള്ള തുടക്കമായിരിക്കും ഈ പുരസ്കാരലബ്ധി എന്ന് വിശ്വസിക്കുന്നു.

? അമേരിക്കയിലെ സാഹിത്യ സംഘടനകളുമായി എപ്രകാരമാണ് പൊരുത്തപ്പെട്ടു പ്രവർത്തിക്കുന്നത്...

• അങ്ങനെ വലിയ പ്രവർത്തനം ഒന്നുമില്ല. പക്ഷെ എഴുത്തിൽ സജീവമാണിപ്പോൾ. പിന്നെ ലാനയുടെ ഇത്തവണത്തെ റീജണൽ കൺവൻഷൻ വരുന്ന ജൂൺ 17,18 തീയതികളിൽ കാലിഫോർണിയയിലാണ് നടക്കുന്നത്. ഈ കൺവൻഷന്റെ ചെയർമാനായി എന്നെ നിയോഗിച്ചിട്ടുണ്ട്. സേതുവും പാറക്കടവുമാണ് കൺവൻഷന്റെ ശ്രദ്ധാ കേന്ദ്രം. നാട്ടിലെ എഴുത്തുകാർക്കെല്ലാം എന്നെ അറിയാമെന്നുള്ളത് ഒരു സ്വകാര്യ അഹങ്കാരമായി മനസ്സിൽ സൂക്ഷിക്കുകയും ചെയ്യുന്നു.

? സിനിമയിലേക്കുള്ള സഞ്ചാരം...

• മൂന്നാലു വർഷമായി ഞാൻ മലയാള സിനിമയിൽ സജീവമാണ്. കൂടുതൽ ഓഫറുകൾ വരുന്നുമുണ്ട്. സിനിമാ സ്വപ്നം എനിക്ക് ഇല്ലായിരുന്നു. അമേരിക്കയിലെത്തുന്നതിനു മുമ്പ് കോളേജ് നാടകങ്ങളിൽ നല്ല കഥാപാത്രങ്ങളെ അവതരിപ്പിച്ചിട്ടുണ്ട്. എന്റെ അനുജൻ ബാബു ആന്റണി സിനിമയിൽ എത്തിയ ശേഷം പുള്ളി അഭിനയിച്ച 'അറേബ്യ' എന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് കാണാൻ ഞാനും പോയി. അന്ന് സംവിധായകൻ ജയരാജ്, ബാബുവിന്റെ അച്ഛനായി അഭിനയിക്കാമോ എന്ന് ചോദിച്ചു. അങ്ങനെയാണ് വെള്ളിത്തിരയിൽ ചമയമിടുന്നത്. പിന്നീടുള്ളതെല്ലാം സമീപകാല ചരിത്രം. ബിയോണ്ട് ദി സോളിലെ അഭിനയത്തിന് ലഭിച്ച അന്തർദേശീയ അവാർഡ് ഇത്തരത്തിൽ ഇന്ത്യയിൽ നിന്ന് ഒരാൾക്ക് ലഭിക്കുന്ന ആദ്യത്തെ പുരസ്കാരമാണ്. പുതിയ പ്രോജക്ടിനെ പറ്റി പറയുകയാണെങ്കിൽ, 'പത്തു കൽപ്പനകൾ' എന്ന സിനിമയാണത്. അനൂപ് മേനോൻ, പ്രശാന്ത് നാരായണൻ, മീരാ ജാസ്മിൻ എന്നിവരോടൊപ്പം ഞാനും ഒരു നല്ല കഥാപാത്രത്തെ അവതരിപ്പിക്കുന്നു. ആദ്യമായാണ് ഞാൻ ഈ സിനിമയിലൂടെ ഒരു പോലീസ് ഓഫീസറുടെ വേഷം കൈകാര്യം ചെയ്യുന്നത്.

? അമേരിക്കൻ സിനിമ പ്രേമികളുടെ മനസ്സിൽ തമ്പി ആന്റണിയെന്ന മലയാളിയുടെ സ്ഥാനം എന്താണ്...

• ഹോളിവുഡ് സിനിമയിലൂടെ ഇവിടെ അറിയപ്പെടുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. സ്ക്രീൻ ആക്ടേഴ്സ് ഗ്രിഡ് എന്ന സംഘടനയിലൂടെ അമേരിക്കൻ മീഡിയയിലും ശ്രദ്ധേയനാകാൻ കഴിഞ്ഞുവെന്ന് എളിമയോടെ പറയട്ടെ.

? മലയാള സിനിമയുടെ ന്യൂ ജനറേഷൻ ട്രെൻഡിനെ താങ്കൾ ഉൾക്കൊള്ളുന്നതെങ്ങിനെ...

• തീർച്ചയായും ന്യൂജനറേഷൻ സിനിമകൾക്ക് ചിന്താപരമായ പുതുമ ഉണ്ട്. മിനിട്ടുകളോളം ദീർഘിക്കുന്ന നെടുങ്കൻ ഡയലോഗുകൾക്ക് പകരം വിഷ്വലുകൾക്ക് പ്രാധാന്യം നൽകുന്ന ഈ ട്രെൻഡ് നല്ല സിനിമാ അനുഭവം പ്രദാനം ചെയ്യുന്നു. ഉദാഹരണത്തിന് 'പ്രേമം' തൊട്ടുള്ള സിനിമകൾ കൂടുതൽ ജനകീയമായി വരുന്നു.

? മനസ്സിൽ ഇനിയുള്ള മറ്റൊരു സിനിമാ മോഹം...

• ഒരു തിരക്കഥാകൃത്താവുക എന്നതാണ് ആ മോഹം. സമീപ ഭാവിയിൽ ഞാൻ ആ മേഖലയിലേക്ക് എത്തിപ്പെടും എന്ന് പ്രതീക്ഷിക്കുന്നു. നല്ല സിനിമയെ സ്നേഹിക്കുന്ന, കാമ്പുള്ള അനുവാചകരുടെ പിന്തുണയും പ്രോത്സാഹനവും എനിക്ക് വേണമെന്ന് പ്രാർത്ഥിക്കുകയാണ്.



* * *

തമ്പി ആന്റണി തന്റെ പുതിയ പ്രോജക്ടുകളുമായി ഹോളിവുഡിൽ നിന്ന് കോളിവുഡിലേക്ക് നിരന്തരം പറക്കുകയാണ്. നീണ്ട കാത്തിരിപ്പിനും പ്രയത്നത്തിനും ഒടുവിൽ ഹോളിവുഡിലെ നടൻ എന്ന താരപദവി നേടിയ ഇദ്ദേഹത്തെ 'റൂട്ട് ഓഫ് ഓൾ ഈവിൾസ്'ന്റെ ഡയറക്ടർ സ്റ്റീവ് ആൻഡേഴ്സൺ വിശേഷിപ്പിച്ചത് 'മാജിക് മുഖമുള്ള മനുഷ്യൻ' എന്നായിരുന്നു. കാരണം, ഏത് കഥാപാത്രത്തിന്റെയും ഏത് രാജ്യക്കാരന്റെയും മുഖമായി മാറ്റാൻ കഴിയുന്നതാണ് തമ്പി ആന്റണിയുടെ മുഖം എന്നായിരുന്നു ആൻഡേഴ്സന്റെ പ്രശംസാ വാക്കുകൾ. ഈ മുഖം നമ്മുടെ സിനിമാ സങ്കൽപ്പങ്ങളെ കൂടുതൽ സുന്ദരമാക്കുന്നു.


പ്രേമയാണ് തമ്പി ആന്റണിയുടെ ഭാര്യ. തമ്പി ആന്റണി -പ്രേമ ദമ്പതികളുടെ മൂന്ന് മക്കളുടെ പേരുകൾ ഏഷ്യാനെറ്റിലെ ബഡായി ബംഗ്ലാവിൽ രസകരമായ ചർച്ചയ്ക്ക് വഴി തുറന്നിട്ടുണ്ട്. മലയാള മനോരമയിലെ വിഖ്യാതനായ തോമസ് ജേക്കബ് സാർ തന്റെ 'കഥക്കൂട്ട്'ലും ഈ പേരുകൾ കൗതുകത്തോടെ പരാമർശിച്ചിട്ടുണ്ട്. തമ്പി ആന്റണിയുടെ മനസിൽ കവിതയുള്ളതുകൊണ്ടാണ് തന്റെ മക്കൾക്ക് അദ്ദേഹം നദി, സന്ധ്യ, കായൽ എന്ന് പേരിട്ടത്.

"പ്രശസ്തിക്കു വേണ്ടി ഒരിക്കലും കലയെ ഉപയോഗിക്കരുത്, വിപണനം ചെയ്യരുത്. ജന്മസിദ്ധമായ കഴിവിനെ ഊനം തട്ടാതെ പരിപോഷിപ്പിക്കുക. അത് ആത്യന്തിക വിജയത്തിൽ കലാശിക്കും..." മലയാളത്തെ ആനന്ദിപ്പിക്കുന്ന ഈ ബഹുമുഖ കലാകാരൻ പറയുന്നു...










# അംഗീകാരങ്ങൾ എഴുത്തിന് ഊർജ്ജം പകരും: ജോർജ് തുമ്പയിൽ



? ആദ്യമായി അഭിനന്ദനം. നിങ്ങൾക്കാണ് അഭിനന്ദനം എന്നറിഞ്ഞപ്പോൾ എന്തുതോന്നി?

ഏറെ സന്തോഷം തോന്നി.
അമേരിക്കൻ മലയാളികൾക്കിടയിലെ സാഹിത്യപ്രവർത്തനത്തിന് കിട്ടിയ അംഗീകാരത്തിന് ഇവിടുത്തെ വായനാസമൂഹത്തോട് പ്രത്യേകമായി കടപ്പെട്ടിരിക്കുന്നു. എല്ലാവർക്കും നന്ദി.

? എഴുത്തുകാർക്ക് അവാർഡ്/ അംഗീകാരം കൊടുക്കുന്നതിനെ അമേരിക്കൻ മലയാളികൾ എതിർക്കുകയോ പരിഹസിക്കുകയോ ചെയ്യുന്നുണ്ടല്ലോ, അതേക്കുറിച്ച് എന്തു പറയുന്നു?

• പരിഹാസം എല്ലാ തലത്തിലുമുണ്ട്. അംഗീകാരത്തിനാണ് പ്രസക്തി. എന്തെങ്കിലും ചെയ്യുന്നവർക്കാണല്ലോ അംഗീകാരം കിട്ടുന്നത്. അത് തികച്ചും നല്ലതാണ്. അംഗീകാരങ്ങൾ പിടിച്ചുവാങ്ങുന്നതിലല്ല, സ്വാഭാവികമായി വന്നുചേരുന്നതാണ് അനുയോജ്യം. അല്ലാത്തവ നിലനില്ക്കുകയില്ല. അവ ചോദ്യം ചെയ്യപ്പെടുകയും പരിഹസിക്കപ്പെടുകയും ചെയ്യും. ഇവിടെ ഇ- മലയാളി വേറിട്ട് നിൽക്കുന്നതിൽ ഏറെ അഭിമാനം തോന്നുന്നു. അമേരിക്കൻ മലയാളിയുടെ മനസ്സറിഞ്ഞുകൊണ്ടുള്ള അവാർഡ് പ്രഖ്യാപനവും അംഗീകരിക്കലും എല്ലാവരും ഹൃദയത്തിലേറ്റുക തന്നെ ചെയ്യും.ഒരു ഉദാഹരണം. കഴിഞ്ഞ വർഷം നാമം എന്ന ന്യൂജേഴ്സിയിലെ സംഘടന എന്റെ പത്രപ്രവർത്തന ജീവിതത്തെ പരിഗണിച്ച് എനിക്ക് ഒരു പുരസ്കാരം തന്നു. ഞാൻ അവരെക്കുറിച്ച് അതുവരെ ഒന്നും എഴുതിയിട്ടില്ല. പേട്രൻ മാധവൻനായർ, പിന്നെ വിനി നായർ എന്നിവരൊഴിച്ച് ഒട്ടുമിക്ക ഭാരവാഹികളെയും എനിക്കറിയുകയുമില്ല.

? പ്രസ്തുത മനോഭാവമുള്ള ഒരു സമൂഹത്തിൽ ഇത്തരം അംഗീകാരങ്ങൾ നിരസിക്കണമെന്നു തോന്നിയിട്ടുണ്ടോ?

• ഒരിക്കലുമില്ല. മനോഭാവങ്ങൾ പലതും മാറേണ്ടതാണ്. കിട്ടാത്ത മുന്തിരി പുളിക്കുമെന്ന കഥയാണ് ഇവിടെ ഓർമിക്കേണ്ടത്. സമൂഹത്തിലെ എല്ലാവർക്കും അംഗീകാരങ്ങൾ കിട്ടണമെന്നില്ല. അവ ചോദിച്ചോ വില കൊടുത്തോ വാങ്ങേണ്ടതുമല്ല. അത്തരം പുരസ്കാരങ്ങൾ വില കുറഞ്ഞവയാണ്. അവ നീതീകരിക്കപ്പെടുകയില്ല. അത് അമേരിക്കൻ മലയാളികൾക്കിടയിലെന്നല്ല ഒരിടത്തും നിലനില്ക്കുകയില്ലെന്നു തന്നെയാണ് എന്റെ അഭിപ്രായം. പിന്നെ സാമൂഹിക തലത്തിൽ വ്യക്തികൾക്കെല്ലാം തന്നെ ഇവ ലഭിക്കണമെന്നതും അചിന്തനീയമാണല്ലോ.

? അമേരിക്കൻ മലയാളി എഴുത്തുകാരൻ എന്ന് അറിയപ്പെടുന്നതോ, മലയാളത്തിലെ എഴുത്തുകാരൻ എന്നു അറിയപ്പെടുന്നതോ തൃപ്തികരമായി കണക്കാക്കുന്നു?.

• രണ്ടും ഒരുപോലെ തൃപ്തികരമാണ്. മലയാളമുണ്ടായതിനു ശേഷമാണല്ലോ അമേരിക്കൻ മലയാളവും ഇവിടുത്തുകാരുടെ വായനയും എഴുത്തും ഇടപെടലും കൈയ്യുണ്ടായത്. ശരിക്കും ഞാനൊരു മലയാളിയാണ്. എന്നാൽ പ്രത്യേകമായി അമേരിക്കൻ മലയാളികളെ പ്രതിനിധീകരിക്കുന്നു എന്നതിൽ അഭിമാനവുമുണ്ട്.

? അംഗീകാരങ്ങൾ/ വിമർശനങ്ങൾ/ നിരൂപണങ്ങൾ/പരാതികൾ/ അഭിനന്ദനങ്ങൾ ഇവയിൽ ഏതാണ് നിങ്ങളുടെ അഭിപ്രായത്തിൽ ഒരു എഴുത്തുകാരന് പ്രോത്സാഹനമാകുക?

• എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം അയാളുടെ സാഹിത്യ പത്രപ്രവർത്തനത്തിൽ ഏതു തരത്തിലുള്ള ഇടപെടലും അയാളുടെ അത്തരത്തിലുള്ള വളർച്ചയെ സഹായിക്കുക തന്നെ ചെയ്യും. തനിക്ക് ഒരു വേദിയുണ്ടെന്നും താൻ പറയുന്നത് കേൾക്കാൻ ആളുണ്ടെന്നുമാവുമ്പോഴാണ് ഒരു എഴുത്തുകാരന് കൂടുതൽ ഊർജ്ജത്തോടെ എഴുതാനാവുക. ഇതെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ എഴുത്തിനെ ഉത്തേജിപ്പിക്കുക തന്നെ ചെയ്യും.

? അമേരിക്കൻ മലയാളികൾ ഇവിടുത്തെ കഥകൾ എഴുതണം അവർ വിട്ടിട്ടുപോന്ന നാടിനെക്കുറിച്ചുള്ള ഗൃഹാതുരത്വമല്ല എന്നു പറയുന്നതിനോട് യോജിക്കുന്നുണ്ടോ?

• അതിനോടു യോജിപ്പില്ല. യഥാർത്ഥത്തിൽ ഇത് പ്രവാസ ജീവിതമാണ്. അത് അല്ല എന്ന് എത്ര ആണയിട്ടു പറഞ്ഞാലും നമുക്കെല്ലാം അറിയാം, അതു സത്യസന്ധമല്ലെന്ന്. നാം നടന്ന വഴികൾ, നാം അനുഭവിച്ച ഗന്ധങ്ങൾ. കേട്ടുകേഴ്വികൾ ഇതൊക്കെയാണ് ഗൃഹാതുരത്വം. ആ മടങ്ങിപ്പോക്ക് ആഗ്രഹിക്കാത്തവർ ആരുമില്ലെന്നതാണ് സത്യം. അത് എഴുത്തിന്റെ കാര്യത്തിലാണെങ്കിൽ കൂടി. നിലനില്പിന് ഇവിടുത്തെ തട്ടകത്തിനെ ഉപയോഗപ്പെടുത്തി എന്നുവരാം. എന്നാൽ ആത്യന്തികമായി നാം എഴുതുന്നത് മലയാളത്തിന്റെ മണമുള്ള രചനകളാണ്.

? ഒരു എഴുത്തുകാരനാകണമെന്ന് സ്വയം തോന്നിയതെപ്പോൾ? ആദ്യത്തെ രചന എപ്പോൾ നടത്തി, എവിടെ പ്രസിദ്ധീകരിച്ചു?

• കോളേജ് തലത്തിലാണ്. മത്സരത്തിൽ എഴുതിയപ്പോൾ സമ്മാനം കിട്ടി. ജീവിതസന്ധാരണത്തിനായി സൗദിയിൽ എത്തിയപ്പോൾ മനവും മരുഭൂമിയായി. പിന്നീട് വായനയുടെ വിവിധ തലങ്ങൾ പിന്നിട്ടപ്പോൾ അറിയാതെ എഴുത്തിന്റെ വഴിയെ അനുഗമിച്ചു എന്നതാണ് സത്യം.

? കഥ, കവിത, ലേഖനം, നിരൂപണം, സഞ്ചാരസാഹിത്യം, നർമ്മം അങ്ങനെ സാഹിത്യശാഖയിലെ മിക്ക മേഖലകളും ഒരാൾ തന്നെ കൈകാര്യം ചെയ്യുന്ന അവസ്ഥ അമേരിക്കൻ മലയാളി എഴുത്തുകാരിൽ മാത്രം കാണുന്ന ഒരു വിശേഷതയാണ്. എന്താണ് ഒരു മേഖലയിൽ മാത്രം കാലൂന്നി അതിൽ വിജയം നേടാൻ ശ്രമിക്കാത്തത്. താങ്കൾ ഏത് കാറ്റഗറിയിൽപ്പെടുന്നു?

• എഴുത്തുകാരൻ ഒരു തലത്തിൽ മാത്രം എഴുതണമെന്നത് വെറും മിഥ്യയാണ്. എഴുതുന്നത് കാറ്റഗറൈസ് ചെയ്യപ്പെടുന്നത് വായനക്കാരുടെ സൗകര്യത്തിനുവേണ്ടിയാണ്. എഴുത്ത് ഒന്നേയുള്ളൂ. അത് മനസ്സിൽ നിന്നും വരുന്നതാണ്. അതിനെ വായിക്കുന്നവർ സൗകര്യപ്രദമായി അതു വിവിധ മേഖലകളിലായി തരം തിരിക്കുന്നുവെന്നേയുള്ളൂ. അത് അമേരിക്കൻ എഴുത്തുകാരന്റെ പ്രശ്നമല്ല.

? നിങ്ങൾക്കിഷ്ടമുള്ള സാഹിത്യകൃതി? എഴുത്തുകാരൻ?

• എം.ടി വാസുദേവൻനായർ. എംടിയെക്കുറിച്ച് ഒരു പുസ്തകം പ്രസിദ്ധീകരിക്കുവാനും, അത് അദ്ദേഹത്തെ കൊണ്ട് തന്നെ പ്രകാശിപ്പിക്കുവാനും കഴിഞ്ഞത് ഭാഗ്യമായി കരുതുന്നു. എം.ടി വാസുദേവൻനായരുടെ 'കാല'വും 'രണ്ടാമൂഴ'വും. ഒ.വി വിജയനെയും ഇഷ്ടമാണ്.

? നിങ്ങളുടെ അഭിപ്രായത്തിൽ അമേരിക്കൻ മലയാള സാഹിത്യം എന്നൊന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ പുരോഗതി എവിടെ എത്തി നില്ക്കുന്നു?

• അങ്ങനെ ഒന്നുണ്ടോ എന്നു ചോദിക്കുമ്പോൾ മാത്രമാണ് അത് ഉണ്ടെന്ന വസ്തുത ഇവിടെ നിലനില്ക്കുന്നു എന്നു മനസ്സിലാകുന്നത്. സാങ്കേതികമായി അതിന്റെ ആവശ്യമില്ലെങ്കിൽകൂടി, അമേരിക്കൻ മലയാളി സമൂഹത്തിന്റെ വായനയെ പരിപോഷിപ്പിക്കുന്ന നിലയിൽ അത് പ്രസക്തമാണ്. വിവിധ തലത്തിൽക്കൂടി ഇന്നത് മുൻനിരയിൽ തന്നെയാണ്. മലയാളത്തിലുള്ള പല കൃതികളെക്കാൾ ഉയരത്തിൽ, അല്ലെങ്കിൽ അവയെ വെല്ലുവിളിക്കാവുന്ന രീതിയിലൊക്കെ പുരോഗതിയുടെ പന്ഥാവിലാണ്.

? അമേരിക്കൻ മലയാളി എഴുത്തുകാരിൽ ആരുടെ രചനയൊക്കെ നിങ്ങൾ വായിച്ചിട്ടുണ്ട്. അവയിൽ നിങ്ങൾക്കിഷ്ടമായവ?

• രാജുമൈലപ്രയുടെ എഴുത്ത് ഇഷ്ടമാണ്. പിന്നെ, ഒട്ടനവധിയാളുകളുണ്ട്. മണിച്ചേട്ടൻ എന്ന ഡോ. എം വി പിള്ളയുടെ പേരെടുത്ത് പറയാതിരിക്കുന്നത് ശരിയാവില്ല. അദ്ദേഹത്തിന്റെ ഗഹനമായ എഴുത്തും കാര്യമാത്രപ്രസക്തമായ പ്രസംഗങ്ങളും എല്ലാം താൽപര്യപൂർവം വീക്ഷിക്കാറുണ്ട്, എനിക്ക് ഊർജം പകരുന്ന ഒരു വ്യക്തിത്വത്തിന് ഉടമയാണ് അദ്ദേഹം.

? ഇവിടെ എഴുത്തുകാരില്ല, വായനക്കാരില്ല.. നിങ്ങളുടെ കമന്റ്?

• എഴുത്തും വായനയുമൊക്കെയുണ്ട്. അവയ്ക്ക് അതിന്റേതായ ഇടങ്ങൾ കിട്ടുന്നില്ലെന്നതാണ് സത്യം. അത് അമേരിക്കൻ മലയാളികൾ സൗകര്യപ്രദമായി സ്വകാര്യമായി ഉപയോഗപ്പെടുത്തുന്നുണ്ട്. അത് യാഥാർത്ഥ്യമാണ്.

? ഇ-മലയാളിയിൽ എഴുതുന്നവരുടെ രചനകളെക്കുറിച്ച് തൂലികാനാമത്തിൽ കമന്റ് എഴുതുന്നവരെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്. അത് തുടരുന്നത് നല്ലതാണോ? അതോ നിറുത്തണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവൊ?

• ഇടപെടലുകൾ ഉണ്ടാവണം. അത് തൂലികാനാമത്തിലായാലും അല്ലെങ്കിലും. വിദ്യാധരനും പിന്നെ ഒട്ടനവധി പേരും ഇ. മലയാളിയുടെ പേജുകളെ പ്രകാശിപ്പിക്കുന്നവരല്ലേ?

? ഇതുവരെ എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു, അല്ലെങ്കിൽ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു?

• ഇതേവരെ അഞ്ച് പുസ്തകങ്ങൾ പ്രകാശം കണ്ടു. മൺമറഞ്ഞുപോയ മൾബറി ബുക്സിന്റെ ഷെൽവിയെ കൃതജ്ഞതാപുരസരം ഓർക്കുന്നു. Greece/Turkey യാത്രാവിവരണം എൻ. ബിഎസിന്റെ പ്രസിലെത്തി നില്ക്കുന്നു. കേരളത്തിലുടനീളം നടത്തിയ യാത്രാക്കുറിപ്പുകൾ ഈ മലയാളിയിൽ ഒരു വർഷത്തിലധികം പ്രസിദ്ധീകരിച്ചത് പുസ്തകമാക്കണമെന്ന് വായനക്കാരിൽ പലരും ആവശ്യപ്പെട്ടിട്ടുണ്ട്.

? നിങ്ങൾ പൂർണ്ണസമയ എഴുത്തുകാരനോ അതോ സമയമുള്ളപ്പോൾ കുത്തിക്കുറിക്കുന്നയാളോ? എഴുത്തിനെ ഗൗരവമായി കാണുന്നുണ്ടോ? അതോ ജോലിതിരക്കിൽ നിന്നും വീണുകിട്ടുന്ന സമയം സാഹിത്യത്തിനു പയോഗിക്കാമെന്ന ചിന്തയാണോ?

• മോർട്ട്ഗേജും കുട്ടികളുടെ വിദ്യാഭ്യാസ ലോണും മറ്റും ഉള്ളതുകൊണ്ട് പൂർണ്ണസമയ എഴുത്തുകാരൻ എന്ന് ഒരിക്കലും പറയുവാൻ സാധിക്കുകയില്ല. തീർച്ചയായും - എഴുത്തിനെ ഗൗരവമായി തന്നെ കാണുന്നു. സമയം - അതല്ലേ എല്ലാം.

? നിങ്ങൾ ഇപ്പോൾ വായിച്ച്കൊണ്ടിരിക്കുന്ന പുസ്തകം ഏതാണ്, ഇ മലയാളിയിൽ ഈയിടെ വായിച്ച നിങ്ങൾക്കിഷ്ടപ്പെട്ട രചന.?

• ഇപ്പോൾ വായിച്ചുകൊണ്ടിരിക്കുന്ന പുസ്തകം- എന്റെ സുഹൃത്ത് അജീഷ് ചന്ദ്രൻ സമ്മാനിച്ച 'മഞ്ഞുമലകളും സമതലങ്ങളും' - ഇന്ത്യൻ യാത്രകൾ. കെ. രാജേന്ദ്രൻ എഴുതിയത്. മുഴുവൻ വായിച്ചതേയുള്ളൂ. എനിക്ക് ഇഷ്ടമുള്ള മേഖലയായ യാത്രാവിവരണം ആണ്. ഈ മലയാളിയിലെ എല്ലാം ഇഷ്ടം.

? നിങ്ങളെ കോപിപ്പിക്കുന്ന തരത്തിൽ നിങ്ങളുടെ രചനകൾക്ക് വിമർശനം/അഭിപ്രായം ഉണ്ടായിട്ടുണ്ടോ? എങ്കിൽ എന്താണു നിങ്ങളെ കോപിപ്പിച്ചത്?

• എനിക്ക് കിട്ടിയ വിമർശനങ്ങൾ പോലും സ്നേഹബുദ്ധ്യാ ഉള്ളതായിരുന്നു. പറഞ്ഞതൊക്കെ നല്ലതാഗ്രഹിക്കുന്ന സുഹൃത്തുക്കളും. എഴുത്തിന്റെ കാര്യത്തിൽ കോപത്തെ ഒരു വിളിപ്പാടകലെ നിർത്തിയിരിക്കുകയാണ്.

? എഴുത്തുകാരുടെ മനസ്സിൽ ഒരു ശൂന്യത വരാറുണ്ട്. അപ്പോൾ അവർക്ക് ഒന്നുമെഴുതാൻ കഴിയുന്നില്ല. നിങ്ങൾക്ക് അങ്ങനെ ഒരു അനുഭവം ഉണ്ടായിട്ടുണ്ടോ? എങ്കിൽ അതിനെ എങ്ങനെ തരണം ചെയ്തു?

• ശൂന്യത. ജീവിത യാഥാർത്ഥ്യങ്ങളുമായി താദാത്മ്യം പ്രാപിച്ചു നില്ക്കുന്ന സമയങ്ങളിൽ, മനസ് പ്രക്ഷുബ്ധമാകുന്ന വേ

# ജോർജ് തുമ്പയിൽ



എഴുത്തിന്റെ വഴിയിൽ കാൽനൂറ്റാണ്ടിന്റെ മധുരിമ പിന്നിട്ട് മാധ്യമപ്രവർത്തകൻ എന്ന നിലയിൽ പ്രയാണം തുടരുകയാണ് ഈ മലയാളി ജനപ്രിയ എഴുത്തുകാരൻ എന്ന അവാർഡിന് അർഹനായ ജോർജ് തുമ്പയിൽ. അമേരിക്കൻ മലയാളി പത്രപ്രവർത്തകർക്കിടയിൽ നാളിതുവരെ മറ്റാർക്കും കൈവരിക്കാൻ കഴിയാതിരുന്ന അഭൂതപൂർവ്വമായ നേട്ടത്തിന്റെ നെറുകയിൽ നിൽക്കുമ്പോഴും ജോർജ് എഴുത്തിനെ മറക്കുന്നില്ല. കോട്ടയം പാമ്പാടി തുമ്പയിൽ പരേതരായ ടി.വി ആൻഡ്രൂസിന്റെയും അന്നമ്മയുടെയും മകനായ ജോർജ് തുമ്പയിൽ തിരക്കാർന്ന ജീവിതചര്യകൾക്കിടയിലും അക്ഷരസ്നേഹത്തെ മാറോടു ചേർക്കുന്നു. മാധ്യമ പ്രവർത്തകൻ എന്ന നിലയിൽ ദൃശ്യ, ശ്രാവ്യ, അച്ചടി മേഖലകളിലെല്ലാം സ്വന്തം നിലയിൽ തട്ടകമൊരുക്കിയ ജോർജ് തുമ്പയിൽ ഈ നിലയിൽ അമേരിക്കൻ മലയാളികൾക്കിടയിൽ പേരും പെരുമയുമുണ്ടാക്കിയിട്ട് കാൽ നൂറ്റാണ്ട് പിന്നിടുന്നു. മാധ്യമപ്രവർത്തകൻ എന്ന നിലയിൽ നിന്നും തൂലികയുടെ അക്ഷരത്തുമ്പിൽ നിന്നും ഇറ്റുവീണ പുസ്തകങ്ങളും നിരവധി. പത്രപ്രവർത്തനത്തിന്റെ ദൈനംദിന ജോലിത്തിരക്കുകൾക്കിടയിൽ നിന്നും ഗ്രന്ഥരചനയ്ക്കും സമയം കണ്ടെത്താൻ ജോർജിനു കഴിഞ്ഞുവെന്നത് ചില്ലറ കാര്യമല്ല.

സമയരഥമുരുളുന്ന പുണ്യഭൂമി (വിശുദ്ധനാടുകളിലേക്കുള്ള യാത്രാവിവരണം), ജന്മഭൂമിയുടെ വേരുകൾ തേടി (ഇന്ത്യൻ യാത്രാവിവരണം), ഒരു പിറന്നാളിന്റെ ഓർമ്മയ്ക്ക് (എം.ടി വാസുദേവൻ നായരെക്കുറിച്ച്), ഭൂമിക്കുമപ്പുറത്തു നിന്ന് (ചെറുകഥ സമാഹരണം), ദേശാന്തരങ്ങൾ (യാത്രാവിവരണം) എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. രണ്ട് പുസ്തകങ്ങൾ പ്രസിദ്ധീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലും. ഇന്ത്യൻ ചരിത്രത്തെയും സംസ്കാരത്തെയും മൂല്യങ്ങളെയും ഇഷ്ടപ്പെടുകയും അവ ജീവിതത്തിൽ പകർത്താൻ ആഗ്രഹിക്കുകയും ചെയ്യുന്ന ജോർജ് അമേരിക്കയിലെ വിവിധ മലയാളി പ്രസ്ഥാനങ്ങളുടെ വക്താവ് കൂടിയാണ്.

അമേരിക്കയിലുടനീളം അവതരിപ്പിച്ച ഇരുനൂറ്റിയമ്പതിൽ പരം വിവിധ കലാസാംസ്കാരിക പരിപാടികളുടെ സ്റ്റേജ് പ്രോഗ്രാമിന്റെ അവതാരകൻ എന്ന നിലയിൽ ശ്രദ്ധേയൻ. കേരള സർക്കാർ, ഫൊക്കാന, ഫോമ, വേൾഡ് മലയാളി ഓർഗനൈസേഷൻ എന്നീ സംഘടനകളുടെ വിവിധങ്ങളായ പരിപാടികൾ ആസ്വാദകർക്കായി അവതരിപ്പിച്ചിട്ടുണ്ട്. ഗാനഗന്ധർവ്വൻ യേശുദാസ് ഏറെക്കാലത്തിനു ശേഷം ലൈവ് പ്രോഗ്രാം നടത്തിയ ദാസേട്ടൻ യസ്റ്റർഡേ, ടുഡേ എന്ന പരിപാടിയുടെയും അവതാരകനായിരുന്നു. 1996 മുതൽ ക്രൈസ്തവ ഭക്തിഗാന ഗായകൻ ബിനോയ് ചാക്കോയുടെ പരിപാടികളുടെ ഓർഗനൈസറായിരുന്നു. ബിനോയ് ചാക്കോയുമായി ചേർന്ന് സ്നേഹം, ഹൃദ്യം, സോൾഫുൾ മെലഡീസ് എന്നീ ഓഡിയോ ആൽബങ്ങൾ നിർമ്മിച്ചു. ഫൈൻ ആർട്സ് മലയാളം ആർട്സ് ക്ലബ്ബിന്റെ സ്ഥാപകസെക്രട്ടറി, പിന്നീട് മൂന്നുതവണ സെക്രട്ടറി, ഒരു തവണ പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിക്കുകയും നാടകാവതരണത്തിൽ പങ്കാളിയാകുകയും ചെയ്യുന്നു. അമേരിക്കയിലും കാനഡയിലും മലേഷ്യയിലും വിവിധ സ്റ്റേജുകളിൽ നാടക അഭിനേതാവായി കൈയടി നേടുകയും ചെയ്തു.

പ്രമുഖ വാർത്താവാരിക 'മലയാളംപത്ര'ത്തിന്റെ നാഷണൽ കറസ്പോണ്ടന്റ്, ഇ – മലയാളി സീനിയർ എഡിറ്റർ, മനോരമ ഓൺലൈൻ കറസ്പോണ്ടന്റ്, ഒട്ടനവധി സംഘടനകളുടെ മീഡിയ ലയസൺ ഓഫീസറും പബ്ലിക് റിലേഷൻസ് ഓഫീസറുമായി സേവനമനുഷ്ഠിക്കുന്നു. നിരവധി ദൃശ്യ മാധ്യമങ്ങൾ അമേരിക്കയിലേക്ക് കേരളത്തിൽ നിന്നും കുടിയേറിയ സമയത്ത് അവരോടൊപ്പം സഹകരിച്ചിട്ടുണ്ട്. വിമാനറാഞ്ചികളെന്നു കരുതി സംയുക്തയും സംഘവും അറസ്റ്റിലായ വാർത്ത (2002 മലയാള മനോരമ) ചൂടും ചൂരും നഷ്ടപ്പെടുത്താതെ ലോകമെമ്പാടുമുള്ള മലയാളികളിലെത്തിച്ച തുമ്പയിൽ 9/11 വാർത്തകൾ മനോരമയുടെ 1-ാം പേജിൽ വരത്തക്കവണ്ണം റിപ്പോർട്ട് ചെയ്യുകയും ചെയ്തു. മാർത്തോമാ സഭയുടെ പരമാദ്ധ്യക്ഷൻ വിമാനത്തിൽ ജന്മദിനം ആഘോഷിച്ച കഥ ആദ്യമായി റിപ്പോർട്ട്ചെയ്തു. ചുഴലികൊടുങ്കാറ്റ് ഐറീൻ അമേരിക്കയിൽ വരുത്തിയ നാശനഷ്ടങ്ങൾക്കു നടുവിൽ നിന്നും വാർത്താവിനിമയ ബന്ധങ്ങൾ പോലും തകരാറിലായ സമയത്തും കൃത്യമായി റിപ്പോർട്ട് ചെയ്യാൻ തുമ്പയിലിനു കഴിഞ്ഞത് ഏറെ പ്രശംസനീയമായി. ഇതിനു പുറമെ, കേരളത്തിൽ പ്രശസ്തരായ നിരവധി പ്രമുഖരെ അഭിമുഖം നടത്താനും അവസരം ലഭിച്ചു.

അമേരിക്കൻ മലയാളികളുടെ മാധ്യമകൂട്ടായ്മയുടെ തുടക്കം മുതൽക്കുതന്നെ ജോർജിന്റെ സഹകരണമുണ്ട്. ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ 2010–2012 വർഷങ്ങളിൽ നാഷണൽ ട്രഷററായിരുന്നു. സംഘടനയുടെ ന്യൂയോർക്ക് ചാപ്റ്ററിന്റെ പ്രസിഡന്റായും സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. 2008 – 2009ൽ ന്യൂജേഴ്സി കേരള അസോസിയേഷന്റെ മീഡിയ പബ്ലിക്കേഷൻസ് ലയസൺ ഓഫീസറായിരുന്നു. അതേ വർഷം തന്നെ ന്യൂജേഴ്സി എക്യൂമെനിക്കൽ പ്രസ്ഥാനത്തിന്റെ പി.ആർ.ഒ യുമായിരുന്നു. അമേരിക്കൻ ഭദ്രാസന ഇന്ത്യൻ ഓർത്തഡോക്സ് ഫാമിലി കോൺഫറൻസിന്റെയും മാധ്യമ പ്രതിനിധിയായി 2009 മുതൽ പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ ഭദ്രാസന മീഡിയാ കറസ്പോണ്ടന്റും.

പുരസ്കാരങ്ങളും അവാർഡുകളും നിരവധി തവണ ജോർജിനെ തേടിയെത്തി. മികച്ച ന്യൂസ് റിപ്പോർട്ടിംഗിന് ആദ്യമായി ന്യൂജേഴ്സി കേരള കൾച്ചറൽ ഫോറം 1994ൽ പുരസ്കാരം നൽകി. മികച്ച അന്വേഷണാത്മക പത്രപ്രവർത്തനത്തിന് ഫൊക്കാനയുടെ പുരസ്ക്കാരം 1994ലും 1996ലും ലഭിച്ചിട്ടുണ്ട്. മികച്ച വികസനാത്മക റിപ്പോർട്ടിനുള്ള പുരസ്ക്കാരവും ഈ വർഷങ്ങളിൽ ഫൊക്കാനയിൽ നിന്നും ലഭിച്ചു. ക്രിസ്ത്യൻ ആർട്സ് ആൻഡ് കൾച്ചറൽ ഫോറത്തിന്റെ മികച്ച പെർഫോമൻസിനുള്ള 2003ലെ പുരസ്കാരമാണ് ശ്രദ്ധേയമായ മറ്റൊന്ന്. പുറമേ ഇന്ത്യൻ കാത്തലിക് അസോസിയേഷന്റെ മികച്ച ലേഖനത്തിനുള്ള അവാർഡും ആ വർഷം തന്നെ ലഭിച്ചത് നേട്ടമായി. തുടർന്ന് ഇതേ പുരസ്ക്കാരം 2004ൽ ഫൊക്കാനയിൽ നിന്നും ലഭിച്ചു. ഫോമ, നാമം, ഇന്ത്യാ പ്രസ് ക്ലബ് എന്നീ സംഘടനകളും പുരസ്ക്കാരം നൽകി ആദരിച്ചിട്ടുണ്ട്.

2006ൽ അമേരിക്കൻ മലയാളികൾക്കിടയിലെ സാഹിത്യസംഭാവനകൾക്ക് ഫൊക്കാനയിൽ നിന്നുള്ള പുരസ്ക്കാരം ഏറ്റുവാങ്ങി. മലയാളത്തെയും കേരളത്തെയും വിദേശരാജ്യങ്ങളിൽ പരിപോഷിപ്പിക്കാൻ ആവേശം കാണിക്കുന്ന ജോർജ് തന്റെ മാധ്യമമണ്ഡലങ്ങളിലൊക്കെ ഈ വിഷയത്തിന് കാര്യമായ സംഭാവനകൾ നൽകാറുണ്ട്. ദൃശ്യമാധ്യമ രംഗത്ത് വൈഡ് ആംഗിൾ പ്രൊഡക്ഷൻസിന്റെ ബാനറിൽ സുഹൃത്തുക്കളുമായി രൂപപ്പെടുത്തിയെടുത്തു വിജയിപ്പിച്ച യു.എസ് റൗണ്ടപ്പ് പരിപാടികൾക്ക് 2006ൽ ഏഷ്യാനെറ്റ് പുരസ്ക്കാരം ജോർജിനെ തേടിയെത്തി. ബോം ടി.വി.എസി.എൻ ചാനലിലെ കാഴ്ച ഈ ആഴ്ച എന്ന പരിപാടിയുടെ ചീഫ് ന്യൂസ് എഡിറ്ററായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2008ൽ മികച്ച ലേഖനങ്ങൾക്കും മികച്ച മ്യൂസിക്കൽ ആൽബത്തിനും ഫോമ അവാർഡുകൾ നൽകി ആദരിച്ചു. 2009ൽ അന്നത്തെ മന്ത്രിയായിരുന്ന ബിനോയ് വിശ്വം പത്രപ്രവർത്തനത്തിലെ മികവിന് ഇന്ത്യ പ്രസ് ക്ലബ് നാഷണൽ കോൺഫറൻസിൽ പൊന്നാട ചാർത്തിയാണ് ആദരിച്ചത്. 'മലയാളംപത്ര'ത്തെ പ്രതിനിധീകരിച്ച് വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ ബ്രസീൽ സമ്മിറ്റിൽ പങ്കെടുത്ത് റിപ്പോർട്ട് ചെയ്തു. 2000ൽ ഓസ്ട്രേലിയയിൽ ഒളിമ്പിക്സും റിപ്പോർട്ട് ചെയ്തു. യാത്രാനുഭവങ്ങൾ തേടി ഓസ്ട്രേലിയ, ന്യൂസിലൻഡ്, ബ്രസീൽ, സിംഗപ്പൂർ, മലേഷ്യ, ജർമ്മനി, നെതർലൻഡ്സ്, ബെൽജിയം, ടർക്കി, ഗ്രീസ്, ഇസ്രയേൽ, ഇറ്റലി, വത്തിക്കാൻ, ജോർദാൻ, ഈജിപ്ത് എന്നീ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഏറെക്കാലം സൗദി അറേബ്യയിൽ ജോലി ചെയ്തിരുന്നതു കൊണ്ട് ഒട്ടുമിക്ക ഗൾഫ് രാജ്യങ്ങളും സന്ദർശിക്കാനായി. കേരള ഗവൺമെന്റ്, ഇന്ത്യൻ ടൂറിസം ഡിപ്പാർട്ട്മെന്റ് എന്നിവരുടെ പ്രത്യേക ക്ഷണിതാവായി ഇന്ത്യ ഒട്ടാകെ സന്ദർശിച്ചു.

2007 മുതൽ തുടർച്ചയായി 'മലയാളംപത്ര'ത്തിൽ കോളം ചെയ്തു വരുന്നു. ഗ്രൗണ്ട് സീറോ എന്ന കോളം ഏറെ ശ്രദ്ധിക്കപ്പെട്ടു. തുടർന്ന് 2008ൽ സമസ്യ എന്ന പേരിലും 2009ൽ ദേശാന്തരങ്ങൾ എന്ന പേരിലും തുടർച്ചയായി എഴുതി. 2010ൽ ലാളിത്യത്തിന്റെ സങ്കീർണതകൾ എന്ന പേരിലെഴുതിയ കോളത്തിന് ഏറെ വായനക്കാരെ ലഭിച്ചു. തുടർന്ന് തൊട്ടടുത്ത വർഷം പരിണാമഗാഥകൾ എന്ന പേരിൽ ഒരു വർഷം തുടർച്ചയായി 'മലയാളംപത്ര'ത്തിലൂടെ മികച്ച വായനാനുഭവം നൽകി. ടർക്കി/ഗ്രീസ് യാത്രാവിവരണം 2012–2013ൽ തുടർച്ചയായി പ്രസിദ്ധീകരിച്ചു. 'മലയാളംപത്ര'ത്തിനു പുറമേ, പ്രകൃതിയുടെ നിഴലുകൾ തേടി എന്ന പേരിൽ 2014ൽ കേരളത്തിലെ പ്രസിദ്ധങ്ങളായ സഞ്ചാരഭൂപടത്തെക്കുറിച്ച് പ്രമുഖ വാർത്താ വെബ്സൈറ്റായ ഇ-മലയാളിയിലും എഴുതി. മൂന്നു വർഷം ന്യൂവാർക്കിലുള്ള ബെത്ത് ഇസ്രയേൽ മെഡിക്കൽ സെന്ററിൽ ഇന്ത്യ ഹെറിറ്റേജ് ഡേ സെലിബ്രേഷന്റെ മുഖ്യസംഘാടകനായിരുന്നു. നാലായിരത്തിലേറെ പേർ ജോലി ചെയ്യുന്ന ന്യൂവാർക്ക് ബെത്ത് ഇസ്രയേൽ മെഡിക്കൽ സെന്ററിലെ എംപ്ലോയ് ഓഫ് ദി മന്ത്, കോർവാല്യൂ അവാർഡ് ജേതാവ്, ഡിപ്പാർട്ട്മെന്റ് വിഷണറി അവാർഡ് ജേതാവ് മാനേജർ ഓഫ് ദി മന്ത് ആയും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ റെസ്പിറേറ്ററി ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റന്റ് ഡയറക്ടറായി സേവനമനുഷ്ഠിക്കുന്നു. ബെർഗൻ കൗണ്ടി കമ്യൂണിറ്റി കോളജിൽ അഡ്ജങ്റ്റ് ഫാക്കൽറ്റി അംഗവുമാണ്. ഭാര്യ ഇന്ദിര ന്യൂവാർക്ക് ബെത്ത് ഇസ്രയേൽ മെഡിക്കൽ സെന്ററിൽ നേഴ്സ് പ്രാക്ടീഷണർ, മകൻ ബ്രയൻ ന്യൂജേഴ്സിയിൽ എഞ്ചിനീയർ, മകൾ ഷെറിൻ ന്യൂയോർക്കിൽ ഫിസിഷ്യൻ. മരുമകൻ ജയ്സൺ അക്കൗണ്ടന്റ്.

---

ളയിൽ മാത്രം –തല്ക്കാലത്തേക്ക്.

? 200 എഴുത്തുകാരും 7 വായനക്കാരുമാണു അമേർക്കൻ മലയാളി സാഹിത്യരംഗത്ത് എന്ന് ഒരു എഴുത്തുകാരൻ അഭിപ്രായപ്പെട്ടു. നിങ്ങൾ അതെക്കുറിച്ച് എന്തു പറയുന്നു?

• അഭിപ്രായ സ്വാതന്ത്ര്യമുള്ള ഒരു നാട്ടിൽ നിന്ന് വന്ന് അഭിപ്രായസ്വാതന്ത്ര്യമുള്ള മറ്റൊരു നാട്ടിൽ വന്ന് താമസിക്കുന്നവരാണ് നാം. ഇവിടെ ആർക്കും എന്തും പറയാം.

അത് ഉലക്കയാകാതെ നോക്കണമെന്ന് മാത്രം.

? പ്രതിദിനം അമേരിക്കൻ മലയാളികളിൽ പുതിയ പുതിയ എഴുത്തുകാർ, ചിലരൊക്കെ അറുപതും എഴുപതും കടന്നവർ പ്രത്യക്ഷപ്പെടുന്നു. അവരൊക്കെ ശരിക്കും സർഗ്ഗ പ്രതിഭയുള്ളവരായിരിക്കുമോ? അത്തരക്കാരുടെ കടന്നാക്രമണം സാഹിത്യത്തെ ദുഷിപ്പിക്കുമെന്ന് പറഞ്ഞാൽ നിങ്ങൾ എങ്ങനെ പ്രതികരിക്കും.?

• പ്രായം നോക്കണ്ട. അത് ഒരു അളവുകോലുമല്ല. എല്ലാവരും എഴുതട്ടെ. ആരെയും നിരാശപ്പെടുത്തേണ്ട. പ്രതിഭയുള്ളവരെ കാലം അംഗീകരിക്കും.

? അമേരിക്കൻ മലയാള സാഹിത്യത്തിൽ ഒരു കോക്കസ്സ് വർക്ക് ചെയ്യുന്നുണ്ടോ? അതായത് ചിലർ എഴുതുന്നത് നല്ലത് എന്നു പറയാൻ, അയാളെ സഹായിക്കുന്നവർ. ചിലർ എത്ര നല്ല രചന നടത്തിയാലും അതിനെക്കുറിച്ച് മോശം പറയുന്നവർ. ഇതെപ്പറ്റി എന്തഭിപ്രായം?

• അങ്ങിനെ തോന്നിയിട്ടില്ല.

? നിരൂപണമെന്നാൽ എഴുത്തുകാരനെ ആക്ഷേപിക്കുന്നതാണോ? രചനയിലെ നന്മകൾ കണ്ടെത്തി എഴുത്തുകാരനു പ്രോത്സാഹനം നൽകുന്ന നിരൂപണരീതി നല്ലതോ ചീത്തയോ? ചീത്തയെങ്കിൽ എന്തുകൊണ്ട്?

• എഴുത്തുകാരനെയല്ല, എഴുതിയതിലെ എസ്സൻസിനെപ്പറ്റിയാണ് നിരൂപണം നടത്തേണ്ടത്. നന്മകൾ കണ്ടെത്തുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് വഴി പ്രശോഭിതമാകുന്നത് ഭാഷയാണ്. ദോഷൈകദൃക്കുകളെ അവരുടെ വഴിക്ക് വിടുക. ഒരിക്കൽ അവർക്ക് വഴിമുട്ടും.

? അമേരിക്കൻ മലയാള സാഹിത്യ രംഗത്ത് നിരൂപണമേയില്ലെന്ന ഒരു മുറവിളി കേൾക്കുന്നു. നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു. തൂലിക നാമത്തിലാണെങ്കിലും ഇ മലയാളിയിൽ നിത്യവും രചനകളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ വരുന്നത് ശ്രദ്ധിച്ചിരിക്കുമല്ലോ?

• നാം ഭക്ഷണം കഴിക്കുമ്പോൾ, ശരീരത്തിന് ആവശ്യമായത് ശരീരം എടുക്കും. ബാക്കിയുള്ളത് ശരീരം പുറന്തള്ളും. ഇത് ഒരു ലോകസത്യം ആണ്. ഈ മലയാളിയിൽ വരുന്ന കമന്റുകളെയും ആ രീതിയിൽ കണ്ടാൽ മതി.

? ഒരു പുസ്തകത്തെപ്പറ്റി ഒരു നിരൂപകനും ഒരു കൂട്ടം വായനക്കാരും പറയുന്ന അഭിപ്രായം നിങ്ങളെ സ്വാധീനിക്കാറുണ്ടോ? അതോ നിങ്ങൾ നിങ്ങളുടേതായ അഭിപ്രായം രൂപികരിക്കാറുണ്ടോ?

• മുകളിലത്തെ ചോദ്യത്തിന്റെ ഉത്തരം തന്നെ. ഭാവിക്ക് ആവശ്യമെന്ന് തോന്നുന്നവ എടുക്കും.

? രചനയ്ക്ക് മുമ്പ് വായനയും, ഗവേഷണങ്ങളും നടത്തുന്ന എഴുത്തുകാർ ഉണ്ട്. നിങ്ങൾ ഏത് വകുപ്പിൽപ്പെടുന്നു?

• തീർച്ചയായും. വായനയും ഗവേഷണവും മാത്രമല്ല, നിരീക്ഷണവും ഒരു എഴുത്തുകാരന് ഊർജ്ജം പകരുകതന്നെ ചെയ്യും. ഞാൻ ഒട്ടും വ്യത്യസ്തനല്ല.

? നിങ്ങൾ ഒരു നല്ല വായനക്കാരനാണോ? ഒന്നിൽ കൂടുതൽ പ്രാവശ്യം നിങ്ങൾ വായിച്ച കൃതിയേത്?

• നൂറുശതമാനം. അഭിമാനപുരസരം പറയട്ടെ 'ആടു ജീവിതം'

? അവാർഡുകൾ, അംഗീകാരങ്ങൾ, അനുമോദനങ്ങൾ ഇവ നേടിയവരെ മാധ്യമങ്ങൾ കൊട്ടിഘോഷിക്കുന്നു. അതവർ അർഹിക്കുന്നില്ല, അർഹിക്കുന്നവർ വേറെ ചിലരാണു എന്ന് തോന്നിയിട്ടുണ്ടോ. ഒരു ഉദാഹരണം. സാഹിത്യ അക്കാദമി അവാർഡ് പോലുള്ളവ?

• സത്യത്തെ, നീതിയെ ദീർഘകാലം മൂടിവെക്കുവാൻ സാധിക്കുകയില്ല. ദാസേട്ടൻ പറഞ്ഞുവച്ചിട്ടുണ്ട്. എനിക്കുള്ള പാട്ട് എനിക്കു തന്നെ കിട്ടും. ഓരോ അരിമണിയിലും അതാര് കഴിക്കണമെന്ന് എഴുതിവെച്ചിട്ടുള്ളതുപോലെ.

? അമേരിക്കൻ മലയാളികളിൽ വായനക്കാരില്ലെന്ന് കേൾക്കുന്നു. അത് ശരിയെങ്കിൽ അതിനു കാരണമെന്തായിരിക്കും.?

• മോർട്ട്ഗേജ്, ലോൺ, മദ്യം.

? ആട് ജീവിതം പോലെ അമേരിക്കയുടെ പശ്ചാതലത്തിൽ എഴുതാൻ മാത്രം ഒരു ജീവിതകഥ അമേരിക്കൻമലയാളികൾക്കുണ്ടോ?

• ഉണ്ട്, ഉണ്ടാവണം.

? ഇവിടത്തെ വെള്ളക്കാരുടേയും, കറുത്തവരുടേയും, സ്പാനിഷ്കാരുടേയും ജീവിതം കുത്തഴിഞ്ഞ പുസ്തകം പോലെയെന്ന ഒരു ധാരണ മലയാളികൾ വച്ച് പുലർത്തുന്നുണ്ട്. അതെക്കുറിച്ച് പൊടിപ്പും തൊങ്ങലും വച്ച് എഴുതുന്നതാണോ അമേരിക്കൻ പാശ്ചാത്തലത്തിൽ എഴുതുന്ന കഥകൾ?

• ചുറ്റും നടക്കുന്ന കാര്യങ്ങൾ അല്പസ്വല്പം പൊടിപ്പും തൊങ്ങലും വെച്ചെഴുതിയാലേ വായനക്കാർ ഉണ്ടാവുകയുള്ളു. എരിവും പുളിയുമില്ലാത്ത കറി ആർക്ക് വേണം?

? നാട്ടിലെ ഏതെങ്കിലും എഴുത്തുകാരന്റെ രചനകൾ നിങ്ങളെ സ്വാധീനിച്ചിട്ടുണ്ടോ? ഇവിടത്തെ എഴുത്തുകാരിൽ ആരുടെ രചനകൾ നിങ്ങളെ സ്വാധിനിക്കാൻ മാത്രം കൊള്ളാവുന്നവയായിട്ടുണ്ട്?


• നാട്ടിൽ എംടിയും ബന്യാമിനും. ഇവിടെ രാജുമൈലപ്ര, മണ്ണിക്കരോട്ട്, എൽസി യോഹന്നാൻ ശങ്കരത്തിൽ അങ്ങനെ അങ്ങനെ.... ഒരുകാര്യം കൂടി വ്യക്തമാക്കട്ടെ. എഴുത്തിന്റെ വഴിയിൽ എനിക്ക് മാർഗദർശനം നൽകിയവരും ഞാൻ മനസാ നമിക്കുന്നവരുമായ രണ്ടേ രണ്ടുപേർ. 1. ഇ-മലയാളിയുടെ ശ്രീ ജോർജ് ജോസഫ്, 2. ശ്രീ ടാജ് മാത്യു. എന്റെ മനസ്സിൽ ഇവർ ഗുരുക്കൾ ആണെന്ന് പറഞ്ഞാൽ പോരാ. അതിനും മേലെ...

? ഇ മലയാളി ദിവസവും വായിക്കാറുണ്ടോ? എന്ത് മാറ്റങ്ങൾ, ഭേദഗതികൾ നിങ്ങൾ ശുപാർശ ചെയ്യുന്നു.

• ഉണ്ട്. ദിവസവും മൂന്നു തവണയെങ്കിലും. മാറ്റങ്ങളെ സംബന്ധിച്ച് പറഞ്ഞാൽ കാലത്തിനൊപ്പിച്ച് കോലം മാറുകതന്നെ വേണം. കോലം മാറിയാൽ മാത്രം പോര അതിനുമുണ്ടാവണം ഒരു വ്യത്യസ്തത.

# Indian National Overseas Congress, USA - KERALA CHAPTER

## (Overseas Indian Cultural Congress - OICC)






WE CARE FOR THE WHOLE YOU
At Hillside Family Care Center, you get comprehensive collaborative care at one location. Experienced physicians from specialties like Internal Medicine, Geriatrics, Nephrology, Neurology, Gastroenterology and Cardiology take a multidisciplinary approach to diagnose and treat individual patients. In addition to this, we also provide the most modern medical technology, conveniences like electronic medical records, ample parking facilities and a caring environment. So, if you are searching for the best one-stop medical practice in the region, head straight to Hillside.
INTERNAL MEDICINE & GERIATRICS
CARDIOLOGY
GASTROENTEROLOGY
NEUROLOGY
NEPHROLOGY
Dr Thomas P Mathew MD, FACP
Dr Wilbert B Maniego MD
Dr Satheesh Joseph MD, FACC
Dr Deepu Alexander MD
Dr Nilesh Mehta MD
Dr Preethi Mehta M D
Dr Clair Cascella MD
Dr Jeffrey E Mallin MD
Dr Sayed Ali MD
Practices: Internal Medicine & Geriatrics | Cardiology | Gastroenterology | Neurology | Nephrology
Hospital Affiliations Long Island Jewish Medical Center, Winthrop University Hospital, Flushing Hospital Medical Center
Hillside Family Care Center
915 Hillside Ave, New Hyde Park, New York 11040, Phone: (516) 502-9070
Email: info@hillsidefamilycarecenter.com, www.hillsidefamilycarecenter.com


WESTCHESTER AYYAPPA SWAMI TEMPLE
901 NORTH BROADWAY - SUITE 14
WHITE PLAINS - NY - 10603
WORLD AYYAPPA SEVA TATWA SAMAJ INC- WAST
HANUMAN CHALISA - EVERY TUESDAY 7 PM | MAHASHANI POOJA - EVERY SATURDAY 7 PM | LALITHA SAHASRANAMAM - 1ST FRIDAY OF THE EVERY MONTH
WWW.FACEBOOK.COM / WORLDAYYAPPASEVATRUST
WAST EVENTS LIVE STREAM LINK HTTP://USTRE.AM/1UHAS
WWW.WORLDAYYAPPASEVATRUST.ORG / WWW.NEWYORKAYYAPPATEMPLE.ORG
PHONE 914-439-4303 | 201-805-5425 | 914-886-2655 | 914-682-8400
WORLD AYYAPPA SEVA TATWA SAMAJ, INC (WAST)
PO BOX 215, ELMSFORD, NY, 10523

Douglas Elliman
EST. 1911
REAL ESTATE



23 YEARS OF EXPERIANCE
IN
BUYING
SELLING
FOURCLOSURE PROPERTY
ALL CASH DEAL

**Jose Jacob, CBR**
Associate Broker
Dir:516 281 3846
Cell:917 291 0499

192 Hillside Ave,
Williston Park , NY 11596
email: jose.jacob@elliman.com

# N & B DIAMONDS

306 5th Ave ,Pelham ,NY 10803
Phone: 914 365 2044 Fax: 914 365 2043
E-mail: nogg222@gmail.com Website :nandbdiamonds.com

Specialist in quality Diamonds.........



- Diamond
- Platinum
- White Gold
- Rose Gold
- Fancy color Diamond Solitaire
- Diamond Engagement Rings
- Wedding Diamond Nacklace

All kind of Jewalary repair

**We buy**
Gold ,Diamond ,Platinum & Watches

Sales & Service
Rolex ,Breitling & Rado watches



Authorised dealer of Citizen watches

# THENORTHSTARTEAM

## AT DOUGLAS ELLIMAN REAL ESTATE



**Are you thinking of Selling or Buying a Home?**

**Call us for a Free Compartive Market Analysis!**

**There's a reason why 95% of our business comes from referrals!**



**JOHNSON JOHN**
Associate Broker
Cell - 631-617-7737
TheNorthStarTeam@gmail.com

NORTH STAR
TEAM
GUIDING YOU HOME

**BINTA CHERIAN**
Lic. Real Estate Agent
Cell - 917-557-9355
FineHomes4You@gmail.com



## Call The North Star Team...We'll Guide You Home

Established in 1911, Douglas Elliman has grown to become the largest regional and the nation's fourth largest real estate company, with a current network of more than 5,000 agents in over 70 offices throughout Manhattan, Brooklyn, Queens, Long Island (including the Hamptons and North Fork).

390 Franklin Ave Franklin Square, NY 11010 Office: (516) 327-6297 F: (516) 354-5442

# കൈരളി ടി. വി.

KAIRALI
THE MALAYALAM CHANNEL

## ഒരു ജനതയുടെ ആത്മാവിഷ്ക്കാരം

എന്നും ജനങ്ങളോടൊപ്പം

KAIRALI THE MALAYALAM CHANNEL · People · We



Mammootty
Chairman, Kairali TV




John Brittas
Managing Director, Kairali TV



Jose Kadapuram
Director in USA
Tel: 914 954 9586
email: kairalitvny@gmail.com



Shivan Muhamma,
Director
Tel: 630 363 0436



Jose Plackatt,
Director - Production
Tel: 972 839 9080



## AMERICAN CAFE

Call:1855-734-0444
Time: SUNDAY - 9.00PM to 10.00PM.
Eastern time zone (New York)


## AMERICAN FOCUS

Time: SUNDAY 8.30PM to 9.00PM
Eastern time zone (New York)



## KAIRALI NEWS USA

Time: SATURDAY 8.30PM to 9.00PM
Eastern time zone (New York)



American Cafe

AMERICAN Focus

OUR PRODUCTION TEAM:

| | | |
|---|---|---|
| New York:- | Binu Thomas | Tel: 516 322 3919 |
| New York:- | Jacob Manual | Tel: 516 418 8406 |
| Houston, Texas :- | Abyson Abraham | Tel: 914 439 6715 |
| New Jersey:- | Seje Thiruvalla | Tel: 267 298 0494 |
| Philadelpia, :- | Jiji M. Koshy | Tel: 215 820 2125 |
| Chicago | Anil Mattathikunnel | Tel: 773 280 3632 |
| Milwaukee :- | Ramesh | Tel: 414 324 7341 |
| Canada:- | Biju Thayilchira | Tel: 647 892 7650 |




KAIRALI
THE MALAYALAM CHANNEL


People · We · dish NETWORK
Tel:1-888-605-7572

sling TELEVISION
ESPN, AMC, TNT
CNN, HISTORY
HDTV, DISNEY
Call: 972-839-9080
: 914-954-9586
10 MALAYALAM
CHANNELS
ONLY FOR
$20 00/100



'സരോജയുടെ കഥകൾ
മലയാളിയുടെ മനസ്സിലേക്ക് വീണ
പൊള്ളുന്നതും, കുളിർന്നതുമായ
അനുഭവങ്ങളുടെ
ഉൾപകർച്ചയാണ്.
നാണം കുണുങ്ങിയായ
ഒരു നാലുമണിപൂവിന്റെ
ശാലീനതയുണ്ട് ആ
രചനാശൈലിയ്ക്ക്.
ആധുനികതയെന്ന പേരിലറിയപ്പെടുന്ന
യാതൊരുവിധത്തിലുള്ള
കെട്ടുപാടുകളും
ആ രചനസിദ്ധിയിലില്ല.'

# കഥാ സരസ്സിലെ സരോജം

ഇ മലയാളിയുടെ 2015ലെ സാഹിത്യത്തിനുള്ള പ്രത്യേക അംഗീകാരം നേടിയ സരോജ വർഗീസ് അമേരിക്കൻ മലയാളി സമൂഹത്തിലെ പഴയ കാല എഴുത്തുകാരിൽ ഒരാളാണ്. പഴയകാല എന്ന് പറയുമ്പോൾ അവർ എഴുത്തിൽ നിന്നും വിരമിച്ചുവെന്നർത്ഥമില്ല. അവർ നിരന്തരം എഴുതികൊണ്ടിരിക്കുന്നു.

ബാല്യകാല കൗതുകം പോലെ എഴുതിത്തുടങ്ങിയ അവർ എഴുത്ത് ഒരു വ്രതമാക്കി. വളരെ തിരക്ക്പിടിച്ച അമേരിക്കൻ ജീവിതത്തിൽ നിന്നും സർഗ്ഗസപര്യക്കായി അവർ സമയം കണ്ടെത്തുന്നു.

ഒരു പക്ഷെ അമേരിക്കൻവനിത എഴുത്തുകാരികളിൽ ഇവരായിരിക്കും സാഹിത്യത്തിന്റെ ഓരോ മേഖലകളിലേക്ക് ആദ്യമായി തന്റെ കയ്യൊപ്പ് നൽകിയത്. ജീവിതത്തെ വളരെ അടുത്ത്നിന്ന് വീക്ഷിക്കുന്ന ഈ എഴുത്തുകാരിയുടെ രചനകൾ ലളിതവും വായനാസുഖം തരുന്നതുമാണ്. അതോടൊപ്പം തന്നെ അവർ ഓരോ സന്ദേശങ്ങളും നൽകുന്നു.

അഹങ്കാരമുള്ളവർ ആശുപത്രികളും, ശ്മശാനങ്ങളും സന്ദർശിക്കട്ടെ എന്നവർ ഒരിക്കൽ പ്രതികരിക്കുകയുണ്ടായി. സമൂഹനന്മയും ഈശ്വരവിശ്വാസത്തിലധിഷ്ടിതമായ ഒരു ജീവിതവും നയിക്കുമ്പോൾതന്നെ തന്റെ രചനകളിലും അതിനു അവർ ഊന്നൽ കൊടുക്കുന്നു. അവരുടെ നേട്ടങ്ങളിലേക്ക് ഒരു തിരിഞ്ഞ്നോട്ടം നടത്താം.

അമേരിക്കൻ മലയാളസാഹിത്യത്തിന്റെ ആരംഭദശയിലെ പ്രഥമവനിത എഴുത്തുകാരി.

നൈസ്സർഗ്ഗികമായ സർഗ്ഗപ്രതിഭ വരദാനമായി കിട്ടിയ എഴുത്തുകാരി. ബാല-കൗമാര കാലങ്ങളിൽനിന്ന് തുടങ്ങിയ സാഹിതി സപര്യയിൽ ഇന്നും മുഴുകിയിരിക്കുന്ന അതുല്യ പ്രതിഭ.

ഉദ്യോഗാർത്ഥം പ്രവാസിയായി കഴിയേണ്ടി വന്നപ്പോഴും സ്വന്തം ഗ്രാമത്തിന്റെ, നാടിന്റെ ശാലീനതയും, സൗന്ദര്യവും രചനകളിൽ കലർത്തി മലയാളഭാഷയ്ക്ക് ഒരു പുതിയ മാനം പകരുന്ന അനുഗ്രഹീത എഴുത്തുകാരി.

മനുഷ്യമനസ്സുകളുടെ വിചാരവികാരങ്ങൾ അതിഭാവുകത്വമില്ലാതെ ലളിതമായശൈലിയിൽ അവതരിപ്പിക്കാൻപ്രാവീണ്യമുള്ള കലാകാരി.

ഈശ്വരചൈതന്യത്തിന്റെ പാവനദീപം കെടാതെ കാത്ത് സൂക്ഷിക്കുകയും നന്മയുടെ വഴികളിലേക്ക് വായനക്കാരനെ നയിക്കുകയും ചെയ്യുന്ന ഉദാത്തരചനകളുടെ ദേവശിൽപ്പി.

ഈടുറ്റ നിരവധി ലേഖനങ്ങളിലൂടെ ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങൾ തന്മയത്വമായി ചിത്രീകരിച്ച് പ്രവാസവായനക്കാരുടെ ലോകത്ത് നിത്യവിസ്മയമായ ലേഖിക.

മതസൗഹാർദ്ദത്തിന്റെ ഉലയാത്ത സ്വർണ്ണപുടവകൾ മാനവസമുദായത്തിന് സമ്മാനിച്ച് അവരിലെ മതാന്ധതയുടെ നഗ്നത മാറ്റുന്ന ഹൃദയനൈർമ്മല്യം രചനകളിൽ പ്രതിഫലിപ്പിക്കുന്ന വിശുദ്ധജ്യോതി.

മാതൃഭാഷയും, സംസ്കാരവും പ്രവാസികളുടെ പുതിയതലമുറയിൽനിന്നകലുന്നത് കണ്ട് അത്തരക്കാർക്ക് അറിവ് പകരാൻ തന്റെ കഥകളെ ആംഗലഭാഷയിലേക്ക് തർജ്ജിമ ചെയ്ത ആദ്യത്തെ അമേരിക്കൻ മലയാളി എഴുത്തുകാരി. കൂടാതെ നാടൻ മുത്തശ്ശി കഥകളും ബാലികാ-ബാലന്മാർക്കായി സ്വയം എഴുതിയ കഥകളും ഇംഗ്ലീഷിൽ എഴുതി പുസ്തകമാക്കി പ്രസിദ്ധീകരിച്ച സ്നേഹമയിയായ മുത്തശ്ശി.



ലോകം മുഴുവൻ അറിയുന്ന ഇംഗ്ലീഷ്ഭാഷയിലൂടെ കേരളത്തിലെ മുത്തശ്ശിമാരേയും അവർ പറഞ്ഞ മലയാള കഥകളേയും വിശ്വസാഹിത്യത്തിലേക്ക് എത്തിച്ച മാതൃസ്നേഹി.

മത-സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ മാതൃഭാഷയുടെയും, ജന്മനാടിന്റേയും മഹത്വത്തെ ഉയർത്തിപിടിക്കുന്ന പ്രഭാഷണങ്ങളും അവയെ മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച് തന്റെ സന്ദേശം അനേകരിലെത്തിക്കുകയും ചെയ്യുന്ന ഭാഷാസ്നേഹിയായ എഴുത്തുകാരി.

പ്രവാസികളായ എഴുത്തുകാരിൽപലരും അവർ പ്രവാസമനുഭവിക്കുന്നദേശത്തെ കുറിച്ച് അപ്രിയമായ കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ ഈ എഴുത്തുകാരി ആ ദേശത്തെ നന്മയെപറ്റിയും ആ നാട് നേടി തന്ന സൗഭാഗ്യങ്ങൾക്ക് ഈശ്വരനെ സ്തുതിക്കുകയും ചെയ്യുന്നു. മനസ്സിൽ നന്മയുള്ള എഴുത്തുകാർ സമൂഹത്തിന്റെ ആവശ്യവും അനുഗ്രഹവുമാണ്.

കഥ, ലേഖനം, കവിത, ഗാനങ്ങൾ, പ്രഭാഷണം, യാത്രവിവരണം, ഓർമ്മക്കുറിപ്പുകൾ എന്നീ മേഖലകളിൽ കഴിവും, നൈപുണ്യവും തെളിയിച്ച ബഹുമുഖ സർഗ്ഗ പ്രതിഭ.

സഞ്ചാരസാഹിത്യവും, സഞ്ചാരസാഹിത്യത്തിനു ഒരു നിർവ്വചനം കൂടികൊടുത്ത് സഞ്ചാരക്കുറിപ്പുകളും ഓർമ്മക്കുറിപ്പുകളും, ആത്മകഥയും എഴുതിയ ആദ്യത്തെ അമേരിക്കൻ മലയാളി വനിത എഴുത്തുകാരി. 'പ്രിയ ജോ നിനക്കായി ഈ വരികൾ' -പ്രിയഭർത്താവിന്റെ വേർപാടിൽ വിരഹദു:ഖ പീഡിതയായി എഴുതിയ കൃതിയാണു. അത്തരം കൃതികൾ വളരെ കുറച്ച്മാത്രമേ മലയാള സാഹിത്യത്തിൽ ഉണ്ടായിട്ടുള്ളു എന്ന വസ്തുത സരോജയുടെ സർഗ്ഗ പ്രതിഭയ്ക്ക് തിളക്കം കൂട്ടുന്നു.

സരോജ വർഗ്ഗീസിന്റെ കൃതികളെ കുറിച്ച് ഒരു പഠന ഗ്രന്ഥം (കഥ ലോകത്തിലെ നറുനിലാവ്) പുറത്തിറങ്ങിയിട്ടുണ്ട്. ഇതും അമേരിക്കൻ മലയാളി എഴുത്തുകാരിൽ ആദ്യമായി ഈ എഴുത്തുകാരിയ്ക്ക് കിട്ടിയ അംഗീകാരമാണ്. മലയാള സാഹിത്യത്തിലെ പ്രമുഖരായ വ്യക്തികൾ അതിൽ കൃതികളെ കുറിച്ച് പ്രബന്ധമെഴുതിയിരിക്കുന്നു. പ്രസ്തുത പുസ്തകം എഡിറ്റ്ചെയ്ത തോമസ് നീലാർമഠത്തിന്റെ ചില വരികൾ ഇവിടെ പകർത്തുന്നു. (page 11)

'സരോജയുടെ കഥകൾ മലയാളിയുടെ മനസ്സിലേക്ക് വീണ പൊള്ളുന്നതും, കുളിർന്നതുമായ അനുഭവങ്ങളുടെ ഉൾപകർച്ചയാണ്. നാണം കുണുങ്ങിയായ ഒരു നാലു് മണിപൂവിന്റെ ശാലീനതയുണ്ട് ആ രചനാശൈലിയ്ക്ക്. ആധുനികതയെന്ന പേരിലറിയപ്പെടുന്ന യാതൊരുവിധത്തിലുള്ള കെട്ടുപാടുകളും ആ രചനസിദ്ധിയിലില്ല.'

പ്രശസ്ത ബാല സാഹിത്യകാരനായ ജോയൻ കുമരകം സരോജയെ കഥാ സരസ്സിലെ സരോജം എന്ന് വിശേഷിപ്പിക്കുകയുണ്ടായി.



പ്രതികരണം വളരെ കുറവായ അമേരിക്കൻ മലയാളി സമൂഹം എന്ന ചെളികുണ്ടിൽ നിന്നിട്ടും സർഗ്ഗ സൂര്യന്റെ പ്രകാശരശ്മികൾ ഏറ്റ്വാങ്ങി ആത്മാവിഷ്കാരത്തിന്റെ ശോഭ പരത്തുന്ന രചനകളുടെ ഉജ്ജ്വല കാന്തിയുമായി ഈ എഴുത്തുകാരി തളരാതെനിൽക്കുന്നു. ആ നിശ്ചയദാർഢ്യത്തിന്റേയും നിഷ്ഠാബോധത്തിന്റേയും തെളിവാണ് അവരുടെ പത്ത് പുസ്തകങ്ങൾ.

അമേരിക്കൻമലയാളി എഴുത്തുകാരുടെ സംഘടനയായ 'ലാന" യുടെ 2013-2015ലെ ജോയിന്റ് സെക്രട്ടറിയായിരുന്നു. ഇപ്പോൾ കേരള സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിന്റെ 2016ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയർപേർസണാണ്.







# എന്റെ എഴുത്ത് എന്റെ സ്വകാര്യം: ലൈല അലക്സ്

അമേരിക്കൻ പ്രവാസ ചരിത്രത്തിന്, അതായത് അറുപതുകളുടെ അവസാനത്തോടെ ആരംഭിച്ച കുടിയേറ്റത്തിന് മറ്റ് സ്ഥലങ്ങളിൽ പ്രവാസികൾ അനുഭവിച്ച തിക്തത ഒരിക്കലും ഉണ്ടായിരുന്നില്ല. എന്നു മാത്രമല്ല, വിട്ടുപോന്ന ഭാഷയെയും സംസ്കാരത്തെയും പാടെ തിരസ്കരിച്ച് കൊണ്ട് ഇവിടുത്തെ ജീവിതസാഹചര്യങ്ങളോട് ഇഴുകിച്ചേരാനുള്ള ആവേശമായിരുന്നു ആദ്യകാല കുടിയേറ്റക്കാർക്ക് എല്ലാം തന്നെ. ആ ആവേശത്തിന്റെ ചരിത്രത്തിന് ജീവിതഗന്ധിയായ ഒരു കഥ മെനയാൻ വേണ്ടുന്ന സൈക്കോളജിക്കൽ ഡെപ്ത് ഇല്ല.

? അംഗീകാരം അറിഞ്ഞപ്പോൾ എന്തു തോന്നി?

•സന്തോഷം.

? എഴുത്തുകാർക്ക് അവാർഡ്/അംഗീകാരം കൊടുക്കുന്നതിനെ അമേരിക്കൻ മലയാളികൾ എതിർക്കുകയോ, പരിഹസിക്കുകയോ ചെയ്യുന്നുണ്ടല്ലോ? അതേക്കുറിച്ച് എന്തു പറയുന്നു.

•അംഗീകാരങ്ങൾ അർഹിക്കാത്തവർക്ക് കൊടുക്കുന്നതാണ് ഇതിന്റെ കാരണം. സ്വന്തം പോക്കറ്റിൽ നിന്ന് പണം മുടക്കി അവാർഡുദാന ചടങ്ങുകൾ സംഘടിപ്പിക്കാനും അവാർഡുകൾ വാങ്ങിക്കാനും ആളുകൾ ഉള്ളിടത്തോളം കാലം എതിർപ്പും, പരിഹാസവും നിലനില്ക്കും. അവാർഡ് നിർണയത്തിൽ വ്യക്തിതാല്പര്യങ്ങൾ കടന്നു കൂടുമ്പോൾ ഉണ്ടാവുന്ന മൂല്യത്തകർച്ച പരിഹസിക്കപ്പെടേണ്ടത് തന്നെയാണെന്ന് എനിക്കു തോന്നുന്നു. ഒരു കാലത്ത് 'പ്രസ്റ്റീജിയസ്' ആയി കരുതിയിരുന്ന പല അവാർഡുകൾക്കും പഴയ വില ഇന്നാരും കല്പിക്കാത്തത് അവാർഡ് നിർണയത്തിലെ പാകപ്പിഴകൾകൊണ്ട് തന്നെയല്ലേ?

? പ്രസ്തുത മനോഭാവമുള്ള ഒരു സമൂഹത്തിൽ ഇത്തരം അംഗീകാരങ്ങൾ നിരസിക്കണമെന്നു തോന്നിയിട്ടുണ്ടോ?

•എന്റെ എഴുത്ത് എന്റെ സ്വകാര്യമാണ്. എനിക്ക് സന്തോഷം നല്കുന്ന ഒരു പ്രവർത്തി. അതിനു കിട്ടുന്ന പ്രതികരണങ്ങൾ, സമൂഹത്തിന്റെ മനോഭാവം, അംഗീകാരങ്ങൾ എന്നതിനൊന്നും വലിയ പ്രാധാന്യം നല്കുന്നില്ല.

? അമേരിക്കൻ മലയാളി എഴുത്തുകാരി എന്ന് അറിയപ്പെടുന്നതോ, മലയാളത്തിലെ എഴുത്തുകാരി എന്നു അറിയപ്പെടുന്നതോ തൃപ്തികരമായി കണക്കാക്കുന്നു?

•മലയാളത്തിലെ എഴുത്തുകാരി എന്ന് അറിയപ്പെടുന്നതാണ് എനിക്ക് ഇഷ്ടം. കാരണം, അമേരിക്കൻ മലയാളം എന്ന് ഒരു സാഹിത്യശാഖ ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. പ്രവാസ സാഹിത്യം എന്നതിൽ തീരെയും പെടില്ല ഇവിടുത്തെ എഴുത്തുകൾ.

? അംഗീകാരങ്ങൾ/വിമർശനങ്ങൾ/നിരൂപണങ്ങൾ/പരാതികൾ/അഭിനന്ദനങ്ങൾ ഇവയിൽ ഏതാണു നിങ്ങളുടെ അഭിപ്രായത്തിൽ ഒരു എഴുത്തുകാരനു പ്രോത്സാഹനമാകുക?

•വിമർശനങ്ങൾ. ഒരു നല്ല ക്രിട്ടിക് ആയിരിക്കും എഴുത്തുകാരന്റെ/ എഴുത്തുകാരിയുടെ വളർച്ചയിൽ സഹായിക്കുന്നത്. ഒരു സാഹിത്യ കൃതിയുടെ വിമർശനം എന്ന് പറയുന്നത് ആ കൃതിയെക്കുറിച്ച് ഒരു അഭിപ്രായം പറയൽ മാത്രം അല്ല. വസ്തുനിഷ്ഠമായ വിമർശനങ്ങൾ നടത്താനുള്ള അറിവ്/ പരിജ്ഞാനം ക്രിട്ടിക്കിനും, മനസിലാക്കാനുള്ള ആർജവം എഴുത്തുകാരനും ഉണ്ടായിരിക്കണം. ക്രാഫ്റ്റ്, സ്റ്റൈൽ എന്നതിനെക്കുറിച്ചൊക്കെ പ്രാഥമികമായ അറിവെങ്കിലും വിമർശകന് ഉണ്ടായിരിക്കണം.

? അമേരിക്കൻ മലയാളികൾ ഇവിടത്തെ കഥകൾ എഴുതണം അവർ വിട്ടിട്ട് പോന്ന നാടിനെക്കുറിച്ചുള്ള ഗൃഹാതുരത്വമല്ല എന്നു പറയുന്നതിനോട് യോജിക്കുന്നുണ്ടോ?

തീം, കഥയുടെ പശ്ചാത്തലം, കഥാപാത്രങ്ങൾ, ഇതൊക്കെ എഴുത്തുകാരിയുടെ മനസിൽ രൂപപ്പെടുന്നതാണ്. അമേരിക്കൻ മലയാളികൾ കേരളത്തിന്റെ പശ്ചാത്തലത്തിൽ കഥകൾ എഴുതരുത് എന്ന് പറയുന്നതിൽ അർഥമില്ല. മലയാളി കേരളത്തിൽ നിന്ന് മാറിയിരുന്ന് എഴുതുന്നതിൽ എല്ലാം ഗൃഹാതുരത്വം ആരോപിക്കുന്നതും ശരിയല്ല. ഗൃഹാതുരത്വം ഒരു സെൻസിബിലിറ്റിയാണ്. അത് ദേശം മാറിയതുകൊണ്ട് മാത്രം ഉണ്ടാവണമെന്നില്ല. ഇവിടെ എഴുതപ്പെടുന്നതിൽ മിക്ക കഥകളുടെയും പശ്ചാത്തലം കേരളവും അവിടുത്തെ എഴുപതുകളിലെയും എൺപതുകളിലെയും സംസ്കാരവും ആണെന്നല്ലാതെ, ഗൃഹാതുരത്വത്തിന്റെ ആർദ്രതയോ, നഷ്ടബോധമോ ഉള്ളതായി എനിക്കു തോന്നിയിട്ടില്ല. പല കഥകളിലും ഒരുതരം 'നിരാശ' സ്ഥായിഭാവമായി ഉണ്ടെന്ന് തോന്നിയിട്ടുണ്ട്. അത് ഗൃഹാതുരത്വം അല്ല; ആഗ്രഹിച്ചത് കൈവരിക്കാൻ കഴിയാത്തവന്റെ ദുഃഖവും, പരാജയബോധവും ആണെന്ന് ഞാൻ പറയും.

? ഒരു എഴുത്തുകാരിയാകണമെന്ന് സ്വയം തോന്നിയതെപ്പോൾ? ആദ്യത്തെ രചന എപ്പോൾ നടത്തി, എവിടെ പ്രസിദ്ധീകരിച്ചു?

•ഒരിക്കലും തോന്നിയിട്ടില്ല. അങ്ങനെ എഴുത്തുകാരിയാകാൻ വേണ്ടി എഴുതിയിട്ടുമില്ല. ആദ്യത്തെ രചന Competition Sucess Review. ഹൈസ്കൂളിൽ ആയിരുന്നു, പിന്നെ, Mirror, Treasure& Leisure. All in India and in English. Remuneration for first Rs. 25 and for second Rs. 140.

? കഥ, കവിത, ലേഖനം, നിരൂപണം, സഞ്ചാരസാഹിത്യം, നർമ്മം അങ്ങനെ സാഹിത്യശാഖയിലെ മിക്ക മേഖലകളും ഒരാൾ തന്നെ കൈകാര്യം ചെയ്യുന്ന അവസ്ഥ അമേരിക്കൻ മലയാളി എഴുത്തുകാരിൽ മാത്രം കാണുന്ന ഒരു വിശേഷതയാണ്. എന്താണു ഒരു മേഖലയിൽ മാത്രം കാലൂന്നി അതിൽ വിജയം നേടാൻ ശ്രമിക്കാത്തത്? താങ്കൾ ഏത് കാറ്റഗറിയിൽപ്പെടുന്നു?

• ഇതിൽ കഥ, കവിത, നർമം ഒഴിച്ച് എല്ലാം ഭാഷ കൈകാര്യം ചെയ്യാൻ കഴിവുള്ള ഏതൊരാൾക്കും എഴുതാൻ കഴിയേണ്ടതാണ്. ഭാഷാശുദ്ധിയും, അക്ഷരവും - വ്യാകരണവും തെറ്റില്ലാതെ എഴുതാനുള്ള കഴിവും വിഷയത്തിൽ അറിവും ഉണ്ടെങ്കിൽ അത്യാവശ്യം ഏതൊരാൾക്കും എഴുതാൻ കഴിയും. അതുകൊണ്ട് എഴുത്തിൽ താൽപര്യമുള്ള ആളുകൾ എല്ലാ ശാഖകളും കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നതിൽ അസാധാരണമായി ഒന്നും എനിക്കു കാണാൻ കഴിയുന്നില്ല. പിന്നെ, എത്രത്തോളം റീഡബിൾ ആയിരിക്കും എന്നയിടത്താണ് എഴുത്തുകാരന്റെ സാമർഥ്യം തെളിയുന്നത്.

ഞാൻ എഴുതുന്നത് 'ഫിക്ഷൻ' ആണ്. അതിന് ഭാവനയും, 'എംപതി'യും ജന്മസിദ്ധമായി കിട്ടുന്ന കഥ പറയാനുള്ള കഴിവും വേണം. ഭാഷാശുദ്ധിയും മറ്റും വേണ്ടെന്നല്ല; അത് മാത്രം കൊണ്ട് ഒരു ഉൽകൃഷ്ട രചന ഉണ്ടാവുകയില്ല. ഒരു മേഖലയിൽ മാത്രം കാലൂന്നി അതിൽ മാത്രം വിജയം നേടാൻ ശ്രമിക്കുക എന്നൊക്കെ പറയുന്നതിനോട് യോജിപ്പില്ല. കാരണം 'പ്രാക്ടീസ്' കൊണ്ട് ഭാഷ, ശൈലി മുതലായവ മാത്രമേ നന്നാവുകയുള്ളൂ. ഭാവനയും, 'എംപതി'യും ഒക്കെ 'ഇൻബോൺ' ആണ്. എഴുതി തെളിയുന്നതല്ല.

? നിങ്ങൾക്കിഷ്ടമുള്ള സാഹിത്യകൃതി? എഴുത്തുകാരൻ?

•Favorite Novel: Whuthering Heights by Emily Bronte. ഈയിടെ വായിച്ചതിൽ ഇഷ്ടപ്പെട്ടത്: റ്റി.ഡി രാമകൃഷ്ണന്റെ നോവൽ 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'

? നിങ്ങളുടെ അഭിപ്രായത്തിൽ അമേരിക്കൻ മലയാള സാഹിത്യം എന്നൊന്നുണ്ടോ? അതിന്റെ പുരോഗതി എവിടെ എത്തിനിൽക്കുന്നു?

• ഇന്റർനെറ്റിന്റെയും ഇ-പ്രസിദ്ധീകരണങ്ങളുടെയും ഈ കാലത്ത് രാജ്യാതിർത്തികൾ അനുസരിച്ച് അമേരിക്കൻ മലയാളസാഹിത്യം, ജർമ്മൻ മലയാളസാഹിത്യം എന്നൊക്കെ പറയുന്നതിൽ വലിയ അർഥം ഞാൻ കാണുന്നില്ല.

അമേരിക്കയിൽ എഴുതപ്പെടുന്നതോ, പ്രസിദ്ധീകരിക്കപ്പെടുന്നതോ എന്ന അർഥത്തിലാണ് ചോദ്യം എന്നു കരുതുന്നു. ഒരുപാട് കൃതികളും പ്രസിദ്ധീകരണങ്ങളും ഉണ്ടെങ്കിലും മൂല്യമുള്ളത് എന്നു പറയാവുന്നത് വിരലിൽ എണ്ണാവുന്നതേയുള്ളൂ. നല്ല കൃതികൾ കാലക്രമത്തിൽ ഉണ്ടായേക്കാം.

? ഇ മലയാളിയിൽ എഴുതുന്നവരുടെരചനകളെക്കുറിച്ച് തൂലികനാമത്തിൽ കമന്റ് എഴുതുന്നവരെകുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്.? അത് തുടരുന്നത് നല്ലതാണൊ? അതോ നിറുത്തണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവൊ?

അത് പ്രസിദ്ധീകരണത്തിന്റെ പത്രാധിപരുടെ തീരുമാനമായിരിക്കണം. പ്രസിദ്ധീകരണത്തിന്റെ മിഷൻ, കച്ചവടസാദ്ധ്യത എന്നതിനെയൊക്കെ ആസ്പദമാക്കി പത്രാധിപർ എടുക്കുന്ന തീരുമാനം, അതിൽ, ഒരു എഴുത്തുകാരന്റെ എഴുത്തുകാരിയുടെ അഭിപ്രായത്തിന് എന്തു പ്രസക്തിയുണ്ടെന്ന് അറിയില്ല. വായനക്കാരന്റെ 'ആവിഷ്കാര സ്വാതന്ത്ര്യ'ത്തെ ഏതു വിധത്തിലും പരിപോഷിപ്പിക്കുകയാണ് ഉദ്ദേശമെങ്കിൽ, തുടരണം.

സാഹിത്യത്തെ പോഷിപ്പിക്കുന്നോ എന്നാണ് ചോദ്യമെങ്കിൽ 'ഇല്ല' എന്ന് പറയും

? ഇത് വരെ എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു, അല്ലെങ്കിൽ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു?

• രണ്ടു പുസ്തകങ്ങൾ. കഥാസമാഹാരങ്ങൾ. 'കടൽ കടന്നെത്തിയ കഥകൾ' പ്രഭാത് ബുക്സ് ഹൗസ് തിരുവനന്തപുരം, 'ലിലിത്' പ്രിയദർശിനി പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

(ശേഷം 18-ാം പേജിൽ)





> ഏതു തരത്തിലുള്ള നിരൂപണങ്ങളേയും നേരിടാൻ തക്കവണ്ണം എഴുത്തുകാരൻ കരുത്തനായിരിക്കണം. അഴുകിയ ഇലകളും വസ്തുക്കളും കമ്പോസ്റ്റാക്കി ചെടിക്ക് വളമാക്കുന്നതുപോലെ ചീത്ത നിരൂപണങ്ങളെ ഒരെഴുത്തുകാരൻ അവന്റ വളർച്ചക്ക് വളമാക്കി മാറ്റണം.

# ആട് ജീവിതങ്ങൾ ഇവിടെയും; പക്ഷെ എഴുതപ്പെടുന്നില്ല: ജി. പുത്തൻ കുരിശ്



പേര്: ജോർജ് ഉമ്മൻ
തൂലികാ നാമം: ജി. പുത്തൻകുരിശ്
ജന്മനാട്: പുത്തൻകുരിശ്, എറണാകുളം
ഭാര്യ, രണ്ടു കുട്ടികൾ, രണ്ടുപേരക്കുട്ടികൾ
പ്രസിദ്ധീകരണങ്ങൾ: 46 കവിതകളുടെ ഒരു സമാഹാരം
15 കവിതകളുടെ ഒരു ഓഡിയോ സീഡി
വർണ്ണചെപ്പ് വിഷ്വൽ ഓഡിയോ
മറ്റു പ്രവർത്തനങ്ങൾ: സെക്രട്ടറി മലയാളം സൊസൈറ്റി ഓഫ് അമേരിക്ക, ഹൂസ്റ്റൺ.
എഡിറ്റർ, മലയാളി പത്രം, ഹൂസ്റ്റൺ

? ആദ്യമായി അഭിനന്ദനം. അവാർഡ് ലഭിച്ചപ്പോൾ എന്തു തോന്നി?

• വായനക്കാർ എഴുത്തുകാരന്റെ സൃഷ്ടിയെ തിരിച്ചറിയുമ്പോൾ സ്വാഭാവികമായി ഉണ്ടാകുന്ന സന്തോഷം തോന്നി

? അവാർഡ് കൊടുക്കുന്നതിനെ അമേരിക്കൻ മലയാളികൾ എതിർക്കുകയോ, പരിഹസിക്കുകയോ ചെയ്യുന്നുണ്ടല്ലോ?

• അമേരിക്കൻ മലയാളികൾ എന്നു പറയുന്നതിനേക്കാൾ വായനക്കാർ എന്നു പറയുന്നതായിരിക്കും ഉചിതം. എഴുത്തുകാരും വായനക്കാരും തമ്മിലുള്ള ആശയ വിനിമയവും ബന്ധവും ദൃഢീകരിക്കാത്തിടത്തോളം കാലം ഈ എതിർപ്പും പരിഹാസവും തുടർന്നു കൊണ്ടെയിരിക്കുമെന്നാണ് ഞാൻ കരുതുന്നത്.

? പ്രസ്തുത മനോഭാവമുള്ള ഒരു സമൂഹത്തിൽ ഇത്തരം അംഗീകാരങ്ങൾ നിരസിക്കണമെന്നു തോന്നിയിട്ടുണ്ടോ?

• ഇമലയാളിയുടെ വായനക്കാർ നൽകിയ ഈ അംഗീകാരം ഏറ്റവും വിലമതിയ്ക്കുന്നതാണ്. അത് നിരസിക്കാൻ യാതൊരു ഉദ്ദേശ്യവുമില്ല.

? അമേരിക്കൻ മലയാളി എഴുത്തുകാരൻ എന്ന് അറിയപ്പെടുന്നതോ, മലയാളത്തിലെ എഴുത്തുകാരൻ എന്നു അറിയപ്പെടുന്നതോ തൃപ്തികരമായി കണക്കാക്കുന്നു.?

• മലയാളത്തിലെ എഴുത്തുകാരൻ എന്നറിയപ്പെടുന്നതാണ് തൃപ്തികരം

? അംഗീകാരങ്ങൾ/വിമർശനങ്ങൾ/നിരൂപണങ്ങൾ/പരാതികൾ/അഭിനന്ദനങ്ങൾ ഇവയിൽ ഏതാണു നിങ്ങളുടെ അഭിപ്രായത്തിൽഒരു എഴുത്തുകാരനു പ്രോത്സാഹനമാകുക.?

• എല്ലാം തന്നെ എഴുത്തുകാരനെ പ്രോത്സഹിപ്പിക്കുന്നവയാണ്.

? അമേരിക്കൻ മലയാളികൾ ഇവിടത്തെ കഥകൾ എഴുതണം അവർ വിട്ടിട്ട് പോന്ന നാടിനെക്കുറിച്ചുള്ള ഗ്രഹാതുരത്വമല്ല എന്നു പറയുന്നതിനോട് യോജിക്കുന്നുണ്ടോ?

• രണ്ടും തുല്യ പ്രാധാന്യമുള്ളവയാണ് കാരണം അത് ഒരു വലിയ വിഭാഗത്തോട് ആശയ വിനിമയം ചെയ്യാനുള്ള അവസരം തരുന്നു.

? ഒരു എഴുത്തുകാരനാകണമെന്ന് സ്വയം തോന്നിയതെപ്പോൾ? ആദ്യത്തെ രചന എപ്പോൾ നടത്തി, എവിടെ പ്രസിദ്ധീകരിച്ചു.?

• ഈ പ്രപഞ്ചവും അതിലെ സൃഷ്ടികളും എന്നും അത്ഭുതത്തോടെ കണ്ടിട്ടുള്ളു.

ഇതിന്റെ പിന്നിലെ കലാകാരൻ ആരെന്നറിയാനുള്ള കൗതുകം എന്നും ഉള്ളിൽ ഒതുക്കി വച്ചിരുന്നു. അതറിയാനുള്ള ജിജ്ഞാസയും അത് നമ്മിൽ തന്നെ കുടികൊള്ളുന്ന ചൈതന്യം തന്നെയെന്ന തിരിച്ചറിവിൽ നിന്ന് ആദ്യത്തെ കവിത നാട്ടിൽ വച്ചു രചിച്ചെങ്കിലും ഇവിടെ വന്നതിനു ശേഷം ഇവിടെ വച്ചാണ് പ്രസിദ്ധീകരിച്ചത്.

കേൾപ്പൂ നാം ആ നിസ്വനം ചൈതന്യ സംഭാഷണം
നാൾക്കുനാൾ ഉൾക്കാമ്പിൽ നിന്നാദ്യമൂലമാം ശബ്ദം
കൊടിയോരിരുട്ടിലും വെളിച്ചമേകീടുന്ന
തുടിക്കും തേജസ്സിന്റെ സ്ഫുരിക്കും പ്രഭാപൂരം
തിരഞ്ഞീടുന്നും മർത്യൻ ഗ്രഹിയാതിൻ സാരം
തിരഞ്ഞു ചുഴലുന്നു ധരയിൽ നിരന്തരം
വരിഷ്ഠമായുള്ളൊരു മുത്തിനെ കാണാതുള്ളിൽ
വിരഞ്ഞു ദൂരെ തപ്പിത്തടയും ജനത്തെപ്പോൽ
നമ്രരായിടുന്നു നിൻ തൃപ്പദം തന്നിൽ ഞങ്ങൾ
ധർമ്മ മാർഗത്തിലെന്നും തെളിപ്പൂ ചൈതന്യമേ. (ആദ്യത്തെ കവിത)

? സാഹിത്യശാഖയിലെ മിക്ക മേഖലകളും ഒരാൾതന്നെ കൈകാര്യം ചെയ്യുന്ന അവസ്ഥ ഇവിടെ മാത്രം കാണുന്ന സവിശേഷതയാണ്. എന്താണു ഒരു മേഖലയിൽമാത്രം കാലൂന്നി അതിൽവിജയം നേടാൻ ശ്രമിക്കാത്തത്. താങ്കൾഏത് വിഭാഗത്തിൽ പെടുന്നു?.

• കൂടുതലും കവിതയിലും ഗാനങ്ങളിലുമാണ് താത്പര്യമെങ്കിലും ലേഖനങ്ങളും എഴുതാറുണ്ട്

? നിങ്ങൾക്കിഷ്ടമുള്ള സാഹിത്യ കൃതി? എഴുത്തുകാരൻ?

• വ്യത്യസ്ഥത, അനന്യത, അതുല്യത ഇവ ചേർന്നതാണല്ലോ സാഹിത്യം, അതുകൊണ്ട് ഇന്ന കൃതി ഇന്ന സാഹിത്യകാരൻ എന്നു പറയാൻ പ്രയാസമാണ്. എങ്കിലും കുമാരനാശാൻ ഇഷ്ടപ്പെട്ട കവിയാണ്.

? നിങ്ങളുടെ അഭിപ്രായത്തിൽ അമേരിക്കൻ മലയാള സാഹിത്യം എന്നൊന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ പുരോഗതി എവിടെ എത്തിനിൽക്കുന്നു.?

• അമേരിക്കൻ മലയാള സാഹിത്യം എന്നൊന്നില്ല അതുകൊണ്ട് പുരോഗതിയെക്കുറിച്ച് പറയേണ്ട ആവശ്യമില്ലല്ലോ?

? അമേരിക്കൻ മലയാളി എഴുത്തുകാരിൽ ആരുടെ രചനയൊക്കെ വായിച്ചിട്ടുണ്ട്. അവയിൽ ഇഷ്ടമായവ.?

• പലരുടേയും രചനകൾ വായിച്ചിട്ടുണ്ട് പക്ഷെ പേര് എടുത്തു പറയുന്നില്ല അതുപോലെ ഇഷ്ടവും

? ഇവിടെ എഴുത്തുകാരില്ല, വായനക്കാരില്ല.. നിങ്ങളുടെ അഭിപ്രായം?

• ഇവിടെ എഴുത്തുകാരും വായനക്കാരുമുണ്ട്

? ഇമലയാളിയിൽ എഴുതുന്നവരുടെ രചനകളെക്കുറിച്ച് തൂലികനാമത്തിൽ കമന്റ് എഴുതുന്നവരെ കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്. അത് തുടരുന്നത് നല്ലതാണൊ?

• കമന്റ് എഴുതുന്ന കഴിവുറ്റ വിമർശകരും രസികരുമുണ്ട്. തൂലികാനാമം കണ്ട് എഴുത്തുകാർ ചഞ്ചലപ്പെടേണ്ട ആവശ്യം ഇല്ല. അത് തുടരണം എന്നാണ് എന്റെ അഭിപ്രായം പലതും അതിൽ നിന്ന് പഠിക്കാൻ കഴിയും.

? ഇത് വരെ എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു, അല്ലെങ്കിൽ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു.?

• നാൽപ്പത്തിയാറു കവിതകളടങ്ങിയ ഒരു സമാഹാരം, തിരഞ്ഞെടുത്ത പതിനഞ്ചു കവിതകളുടെ ഒരു ഓഡിയോ സീഡി, പത്തു ഗാനങ്ങൾ അടങ്ങിയ വർണ്ണചെപ്പെന്ന ഒരു വിഷ്വൽ ഓഡിയോ.

കവിതകളുടെ മറ്റൊരു സമാഹാരവും, ഖലീൽ ജിബ്രാന്റെ കവിതകളുടെ വിവർത്തനവും പ്രസിദ്ധീകരിക്കണമെന്ന് ആഗ്രഹിക്കുന്നു.

? നിങ്ങൾ പൂർണ്ണസമയ എഴുത്തുകാരനാണോ അതോ സമയമുള്ളപ്പോൾ കുത്തിക്കുറിക്കുന്നയാളോ?

• തിരക്കിട്ട ജീവിതത്തൽ വീണുകിട്ടുന്ന സമയങ്ങളാണ് വായനക്കും രചനയ്ക്കും ഉപയോഗിക്കാറുള്ളു

? നിങ്ങൾ ഇപ്പോൾ വായിച്ച് കൊണ്ടിരിക്കുന്ന പുസ്തകം ഏതാണ്.?

• രാമപുരത്തു വാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ട്.

? ഇമലയാളി സാഹിത്യകാരന്മാരുടെ വളർച്ചക്കായി എന്തു ചെയ്യുന്നു, എന്തു ചെയ്യണം നിങ്ങളുടെ അഭിപ്രായം.?

• ഇമലയാളി മറ്റാരുടേയും ഇഷ്ടമോ അനിഷ്ടമോ നോക്കാതെ എഴുത്തുകാരുടെ രചനകൾ പ്രസിദ്ധീകരിക്കുന്നു എന്നുള്ളത് തന്നെസാഹിത്യകാരൻമാരുടെ വളർച്ചയ്ക്കായി ചെയ്യുന്ന ഒരു വലിയ കാര്യമാണ്.

? നിങ്ങളെ കോപിപ്പിക്കുന്ന തരത്തിൽ നിങ്ങളുടെ രചനകൾക്ക് വിമർശനം/അഭിപ്രായം ഉണ്ടായിട്ടുണ്ടോ?

• ഇന്നുവരെയും കോപിപ്പിക്കതക്ക രീതിയിൽ വിമർശനമോ അഭിപ്രായമോ ഉണ്ടായതായിട്ട് തോന്നിയിട്ടില്ല

? എഴുത്തുകാരുടെ മനസ്സിൽ ഒരു ശൂന്യത വരാറുണ്ട്. അപ്പോൾ അവർക്ക് ഒന്നുമെഴുതാൻ കഴിയുന്നില്ല. നിങ്ങൾക്ക് അങ്ങനെ ഒരു അനുഭവം ഉണ്ടായിട്ടുണ്ടോ? എങ്കിൽ അതിനെ എങ്ങനെ തരണം ചെയ്തു.?

• അങ്ങനെ ഒരു ശൂന്യത ഇതു വരെയും അനുഭവപ്പെട്ടില്ല. വായന ഏതു ശൂന്യതയേയും അകറ്റി നിറുത്തുന്ന ഔഷധമായിട്ട് തോന്നിയിട്ടുണ്ട്

? 200 എഴുത്തുകാരും 7 വായനക്കാരുമാണു അമേരിക്കയിൽഎന്ന് ഒരു എഴുത്തുകാരൻ അഭിപ്രായപ്പെട്ടു. നിങ്ങൾ എന്തു പറയുന്നു?

• അറിയാൻ വയ്യാത്ത കാര്യമായതുകൊണ്ട് അഭിപ്രായം പറയുന്നില്ല

? പ്രതിദിനം അമേരിക്കൻ മലയാളികളിൽ പുതിയ പുതിയ എഴുത്തുകാർ, ചിലരൊക്കെ അറുപതും എഴുപതും കടന്നവർ. അവരൊക്കെ ശരിക്കും സർഗ്ഗ പ്രതിഭയുള്ളവരായിരിക്കുമോ? അത്തരക്കാരുടെ കടന്നാക്രമണം സാഹിത്യത്തെ ദുഷിപ്പിക്കുമോ?

• എഴുത്തിനും വായനക്കും പ്രായ പരിധിയുണ്ടെന്ന് തോന്നുന്നില്ല. തൊണ്ണൂറാം വയസ്സിൽ പുതിയ ഭാഷ പഠിച്ച് ഗ്രന്ഥ രചന നടത്തിയ ഒരു മിഷനറിയെക്കുറിച്ച് വായിച്ചിട്ടുണ്ട്. ആത്മാർത്ഥതയോടും സത്യസന്ധതയോടും എഴുതുന്നതൊന്നും ഒരിക്കലും സാഹിത്യത്തെ ദുഷിപ്പിക്കുമെന്ന് തോന്നിയിട്ടില്ല.

? അമേരിക്കൻ മലയാള സാഹിത്യത്തിൽ ഒരു കോക്കസ്സ് ഉണ്ടോ? അതായത് ചിലർ എഴുതുന്നത് നല്ലത് എന്നു പറ

യാൻ, ചിലർ എത്ര നല്ല രചന നടത്തിയാലും അതിനെക്കുറിച്ച് മോശം പറയുന്നവർ.

• വ്യക്തമായി അറിയില്ല.

? നിരൂപണമെന്നാൽ എഴുത്തുകാരനെ ആക്ഷേപിക്കുന്നതാണോ? രചനയിലെ നന്മകൾ കണ്ടെത്തി എഴുത്തുകാരനു പ്രോത്സാഹനം നൽകുന്ന നിരൂപണരീതി നല്ലതോ ചീത്തയോ?

• ഏതു തരത്തിലുള്ള നിരൂപണങ്ങളേയും നേരിടാൻ തക്കവണ്ണം എഴുത്തുകാരൻ കരുത്തനായിരിക്കണം. അഴുകിയ ഇലകളും വസ്തുക്കളും കമ്പോസ്റ്റാക്കിചെടിക്ക് വളമാക്കുന്നതുപോലെ ചീത്ത നിരൂപണങ്ങളെ ഒരെഴുത്തുകാരൻ അവന്റ വളർച്ചക്ക് വളമാക്കി മാറ്റണം.

? ഇവിടെ നിരൂപണമേയില്ലെന്ന ഒരു മുറവിളി കേൾക്കുന്നു. ഇമലയാളി പ്രതികരണ കോളം എങ്ങനെ?

• ഇമലയാളി പ്രതികരണ കോളം വളരെ താത്പര്യത്തോടെ വായിക്കാറുണ്ട്. രസികരും അറിവുള്ളവരുമായ പല എഴുത്തുകാരും അവിടെയുണ്ട്. പരിഹാസവും ആക്ഷേപവും ആയുധമാക്കി എഴുത്തുകാരെ ചൊടിപ്പിക്കുന്ന തൂലികനാമധാരികളുടെ അഭിപ്രായങ്ങളെ വെറുതെ തള്ളി കളയാനാവില്ല. കാരണം എഴുത്തുകാർ കാണാത്ത അവരുടെ വൈകല്യങ്ങളിലേക്ക് ഇവർ വിരൽ ചൂണ്ടാറുണ്ട്.

? രചനയ്ക്ക് മുമ്പ് വായനയും, ഗവേഷണങ്ങളും നടത്താറുണ്ടോ?

• വായനയും ഗവേഷണവും രചനയ്ക്ക് അനിവാര്യമായ ഒരു ഘടകമാണ്.

? നിങ്ങൾ ഒരു നല്ല വായനകാരനാണൊ? ഒന്നിൽ കൂടുതൽ പ്രാവശ്യംവായിച്ച കൃതിയേത്?

• ഒരു നല്ല വായനക്കാരൻ എന്നവകാശപ്പെടുന്നില്ല. വായന ഇഷ്ടമാണ്. കുമാരനാശാന്റെ കൃതികൾ പല പ്രാവശ്യവും വായിച്ചിട്ടുണ്ട്.

? ഒരു പുസ്തകത്തെപ്പറ്റി ഒരു നിരൂപകനും ഒരു കൂട്ടം വായനക്കാരും പറയുന്ന അഭിപ്രായം സ്വാധീനിക്കാറുണ്ടോ?

• മറ്റുള്ളവർ ഏത് കോണിൽ നിന്ന് ഒരു വിഷയത്തെ കാണുന്നു എന്ന് ശ്രദ്ധിക്കാറുണ്ട്. പക്ഷെ അവയൊന്നും സ്വന്ത അഭിപ്രായത്തെ സ്വാധീനിക്കാറില്ല. കാരണം അതെന്റെ വീക്ഷണകോണത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തി എടുത്തതാണ്.

? അവാർഡുകൾ, അംഗീകാരങ്ങൾ, അനുമോദനങ്ങൾ ഇവ നേടിയവരെ മാദ്ധ്യമങ്ങൾ കൊട്ടിഘോഷിക്കുന്നു. അതവർ അർഹിക്കുന്നില്ല, അർഹിക്കുന്നവർ വേറെ ചിലരാണു എന്ന് തോന്നിയിട്ടുണ്ടോ. ഒരു ഉദാഹരണം. സാഹിത്യ അക്കാദമി അവാർഡ് പോലുള്ളവ.

• തോന്നിയിട്ടുണ്ട്. എങ്കിലും ഇതിന്റെ പിന്നാമ്പുറത്ത് നടക്കുന്നതെന്താണന്ന് ചിന്തിച്ച് സമയം കളയാറില്ല.

? അമേരിക്കൻ മലയാളികളിൽ വായനക്കാരില്ലെന്ന്കേൾക്കുന്നു. അത് ശരിയെങ്കിൽ അതിനു കാരണമെന്തായിരിക്കും.?

• ആ കേട്ടുകേൾവിയോട് യോജിക്കുന്നില്ല. അമേരിക്കയിൽ തീർച്ചയായും നാം അറിയാത്ത അനേകം വായനക്കാർ ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

? ആട് ജീവിതം പോലെ അമേരിക്കയുടെ പാശ്ചാത്തലത്തിൽ എഴുതാൻ മാത്രം ഒരു ജീവിതകഥ അമേരിക്കൻ മലയാളികൾക്കുണ്ടോ?

• ഉണ്ടെന്നാണ് എന്റെ വിശ്വസം. ജീവിത അനുഭവങ്ങൾ ഉള്ളവർക്ക് എഴുതാൻ വാസനയുണ്ടാവണം എന്നില്ല. അനുഭവവും എഴുതാൻ വാസനയുള്ളവർക്ക് അത് തുറന്ന് എഴുതുവാൻ കരുത്തും ഉണ്ടാകണമെന്നുമില്ല.

? ഇവിടത്തുകാരുടെജീവിതം കുത്തഴിഞ്ഞ പുസ്തകം എന്നധാരണ മലയാളികൾ വച്ച് പുലർത്തുന്നുണ്ട്. അതേക്കുറിച്ച് പൊടിപ്പും തൊങ്ങലും വച്ച് എഴുതുന്നതാണോ അമേരിക്കൻകഥകൾ?

• എല്ലാ വിഭാഗത്തിലും കുത്തഴിഞ്ഞ ജീവിതം നയിക്കുന്നവർ ഉണ്ടല്ലോ? പക്ഷെ അമേരിക്കൻ ജീവിതം കാംക്ഷിച്ചിറങ്ങിയ നമ്മൾ ഒരു പൊതു തട്ടകത്തിൽ മറ്റുള്ളവരെ ഉൾകൊണ്ട് ജീവിക്കാൻ പഠിക്കണം. ആരേക്കുറിച്ച് എന്തെഴുതിയാലും അതിൽ ആത്മാർത്ഥത ഇല്ലെങ്കിൽ അതൊന്നും ശാശ്വതമായി നിലനിൽക്കുകയില്ല.

? നാട്ടിലെ ഏതെങ്കിലും എഴുത്തുകാരന്റെ രചനകൾ നിങ്ങളെ സ്വാധീനിച്ചിട്ടുണ്ടോ?

• നാട്ടിലെ പല എഴുത്തുകാരുടേയും കൃതികൾ എഴുത്തിന്റെ ലക്ഷ്യത്തേയും ശൈലിയേയും മറ്റും രൂപപ്പെടുത്തുന്നതിൽ സ്വാധീനിച്ചിട്ടുണ്ട്. ഇവിടെ പല എഴുത്തുകാരും ലക്ഷ്യബോധത്തോടെ എഴുതുന്നവരുണ്ട്. എന്നാൽ ഹൃദയങ്ങളിൽ ആഴ്ന്നിറങ്ങിയ ഏതെങ്കിലും രചന ഇതുവരേയും കണ്ടെത്തിയിട്ടില്ല.

? ഇ മലയാളി ദിവസവും വായിക്കാറുണ്ടോ? എന്ത് മാറ്റങ്ങൾ ശുപാർശ ചെയ്യുന്നു.?

• ഇ മലയാളി മിക്കപ്പോഴും വായിക്കാറുണ്ട്. ഓൺലൈൻ പത്രങ്ങളിൽ ഏറ്റവും അച്ചടക്കത്തോടെ നടത്തപ്പെടുന്ന ഒരു പത്രം എന്ന് തോന്നിയിട്ടുണ്ട്. അതിനു കാരണം അതിന് സാരഥ്യം വഹിക്കുന്ന പത്രാധിപന്റേയോ പത്രാധിപ സമിതിയുടേയോ അർപ്പണ ബോധമായിരിക്കുമെന്ന് കരുതുന്നു. ഏറ്റവും വിജയകരമായി തലമുറകൾക്ക് പ്രയോജനപ്പെടുന്ന ഒരു പത്രമായി നിലകൊള്ളട്ടെ എന്ന് ആശംസിക്കുന്നു.

# എന്റെ എഴുത്ത് എന്റെ സ്വകാര്യം: ലൈല അലക്സ്

(16-ാം പേജിൽ നിന്ന്)

? നിങ്ങൾ പൂർണ്ണസമയ എഴുത്തുകാരിയോ അതോ സമയമുള്ളപ്പോൾ കുത്തിക്കുറിക്കുന്നയാളോ? എഴുത്തിനെ ഗൗരവമായി കാണുന്നുണ്ടോ? അതോ ജോലിതിരക്കിൽ നിന്നും വീണുകിട്ടുന്ന സമയം സാഹിത്യത്തിനു പയോഗിക്കാമെന്ന ചിന്തയാണോ?

• അല്ല. സമയം കിട്ടുമ്പോൾ എല്ലാം കുത്തിക്കുറിക്കാറുമില്ല. എന്തെഴുതണമെന്ന വ്യക്തമായ ധാരണയോടെയാണ് എഴുതി തുടങ്ങാറുള്ളത്. എഴുത്ത് ഒരു പേഴ്സണൽ വിനോദമായിക്കൊണ്ടു നടക്കുന്നതു കൊണ്ട് അത്ര ഗൗരവമായി കാണുന്നില്ല. എന്നാൽ 'ഫിക്ഷൻ' ആയതുകൊണ്ട് എന്തും എഴുതാമെന്ന വിചാരവും ഇല്ല. കഴിയുന്നതും, എഴുതുന്ന വിഷയങ്ങളെക്കുറിച്ച് മനസിലാക്കിയ ശേഷം എഴുതാൻ ശ്രമിക്കാറുണ്ട്. ഫിക്ഷനായാലും 'വിഢ്ഢിത്തങ്ങൾ' എഴുത്തിന്റെ / എഴുത്തുകാരന്റെ ക്രെഡിബിലിറ്റിയെ ബാധിക്കുമല്ലോ.

ഭാഷയോ, സാഹിത്യമോ വളർത്താൻ വേണ്ടിയല്ല ഞാൻ എഴുതുന്നത്. എഴുത്ത് എന്ന പ്രവർത്തിയിൽ നിന്ന് കിട്ടുന്ന സംതൃപ്തിയാണ് എനിക്ക് വലുത്. പബ്ലിഷ് ചെയ്യുമ്പോഴാണ് രചന പൂർണ്ണമായി എന്ന തോന്നൽ ഉണ്ടാവുന്നത്. ഏത് രചനയും പബ്ലിഷ് ചെയ്യപ്പെടുന്നതുവരെ മിനുക്കുപണികൾ നടത്തിക്കൊണ്ടിരിക്കുന്നതാണ് എന്റെ രീതി.

ദൈവാനുഗ്രഹത്താൽ എഴുതിയത് എല്ലാം തന്നെ പബ്ലിഷ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

? നിങ്ങൾ ഇപ്പോൾ വായിച്ച്കൊണ്ടിരിക്കുന്ന പുസ്തകം ഏതാണ്. ഇ മലയാളിയിൽ ഈയിടെ വായിച്ച നിങ്ങൾക്കിഷ്ടപ്പെട്ട രചന?

• ഇപ്പോൾ വായിച്ചുകൊണ്ടിരിക്കുന്ന പുസ്തകം: Bernard Cornwells 'The Empty Throne'. ഇ-മലയാളിയിൽ വായിച്ച ഇഷ്ടപ്പെട്ട രചന: 'ഇറങ്ങിപ്പോകാൻ ലക്ഷ്ണമൊത്ത വീടുകൾ' ജോൺ മാത്യുവിന്റെ ചെറുകഥ.

?നിങ്ങളെ കോപിപ്പിക്കുന്ന തരത്തിൽ നിങ്ങളുടെ രചനകൾക്ക് വിമർശനം/അഭിപ്രായം ഉണ്ടായിട്ടുണ്ടോ? എങ്കിൽ എന്താണു നിങ്ങളെ കോപിപ്പിച്ചത്?

• ഇല്ല. വിമർശനങ്ങൾ എനിക്കിഷ്ടമാണ്. എന്ത്, എന്തു കൊണ്ട്, എന്ന് വ്യക്തമായി പറയാൻ കഴിയണം. വിമർശനങ്ങൾ ശ്രദ്ധിക്കാറുണ്ട്. എന്റെ 'ക്രാഫ്റ്റി'ലെ പോരായ്മകൾ ചൂണ്ടിക്കാണിക്കുന്നത് നന്നാക്കാൻ ശ്രമിക്കാറുമുണ്ട്.

? പ്രതിദിനം അമേരിക്കൻ മലയാളികളിൽ പുതിയ പുതിയ എഴുത്തുകാർ, ചിലരൊക്കെ അറുപതും എഴുപതും കടന്നവർ പ്രത്യക്ഷപ്പെടുന്നു. അവരൊക്കെ ശരിക്കും സർഗ്ഗപ്രതിഭയുള്ളവരായിരിക്കുമോ? അത്തരക്കാരുടെ കടന്നാക്രമണം സാഹിത്യത്തെ ദുഷിപ്പിക്കുമെന്ന് പറഞ്ഞാൽ നിങ്ങൾ എങ്ങനെ പ്രതികരിക്കും.?

റിട്ടയർമെന്റിലെ വിരസത, ഏകാന്തത ഒക്കെ അകറ്റാനായി എഴുതി തുടങ്ങുന്നവരുണ്ട്. തിരക്കുപിടിച്ച ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിക്കുമ്പോൾ, അതുവരെ ഉള്ളിൽ ഉറങ്ങിക്കിടന്ന കഴിവുകൾ പൊടിതട്ടി പുറത്തേക്ക് എടുക്കാൻ ശ്രമിക്കുന്നവരുമുണ്ട്. ആദ്യത്തെ കൂട്ടരെ സംബന്ധിച്ചേടത്തോളം സാഹിത്യവാസനകൊണ്ടല്ല എഴുതുന്നത്. ഏകാന്തത, വിരസത, പെട്ടെന്ന് ഉണ്ടാവുന്ന ഒറ്റപ്പെടലിന്റെ അരക്ഷിതാവസ്ഥ ഇതൊക്കെ മാറ്റാൻ വേണ്ടി, അതായത്, എഴുത്തിന്റെ 'തെറപ്യൂടിക് വാല്യു' വിനുവേണ്ടിയാണ് അവർ എഴുതുന്നത്.

അങ്ങനെ എഴുതുന്നവരുടെ കൂട്ടത്തിൽ സർഗപ്രതിഭ ഉള്ളവർ വളരെ വളരെ കുറച്ചേ കാണൂ. എന്നാലും ആകസ്മികമായി നല്ല കൃതികൾ ആ കൂട്ടത്തിൽ നിന്നു പോലും ഉണ്ടായെന്ന് വരാം.

രണ്ടാമത്തെ കൂട്ടർ, സർഗപ്രതിഭയുള്ളവർ, നല്ല കൃതികൾ രചിക്കും. എന്ന് എഴുതി തുടങ്ങി എന്നത് ബാധകമല്ല. ഏതിന്റെയെങ്കിലും കടന്നാക്രമണം സാഹിത്യത്തെ ദുഷിപ്പിക്കുമെന്ന് പറയുന്നതിനോട് യോജിപ്പില്ല; നല്ല കൃതികൾ കാലത്തെ അതിജീവിക്കുന്നവയാണ്.

? അമേരിക്കൻ മലയാള സാഹിത്യത്തിൽ ഒരു കോക്കസ്സ് വർക്ക് ചെയ്യുന്നുണ്ടോ? അതായത് ചിലർ എഴുതുന്നത് നല്ലത് എന്നു പറയാൻ, അയാളെ സഹായിക്കുന്നവർ. ചിലർ എത്ര നല്ല രചന നടത്തിയാലും അതിനെക്കുറിച്ച് മോശം പറയുന്നവർ. ഇതെപ്പറ്റി എന്താണ് അഭിപ്രായം?



• കോക്കസ് ഉണ്ടായിരിക്കണം. നിലവാരമില്ലാത്ത കൃതികളെ പ്രോത്സാഹിപ്പിക്കാൻ അറിഞ്ഞോ, അറിയാതെയോ, അത് കാരണമാവുന്നുമുണ്ടാവണം. അല്ലെങ്കിൽ, 'അമേരിക്കൻ എഴുത്തുകാരൻ/എഴുത്തുകാരി എന്ന ഒരു തരംതാഴ്ത്തൽ മറ്റു സ്ഥലങ്ങളിൽ ഉണ്ടാവുകയില്ല.

അമേരിക്കയിൽ രചിക്കപ്പെടുന്ന കൃതികൾ എല്ലാം ഒരു പോലെ തരംതാണവയാണെന്ന അഭിപ്രായം എനിക്കില്ല. നല്ല രചനകൾ ഉണ്ടാവാറുണ്ട്. എന്നാൽ അവയ്ക്ക് വേണ്ടുന്ന പ്രചാരം ലഭിക്കുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരുപാട്, സാഹിത്യസംഘങ്ങൾ നിലവിലുള്ള ചർച്ചകൾ നടക്കുന്ന വേദികളിൽ ഒന്നിലും ഇവിടുത്തെ ഏതെങ്കിലും ഒരു കൃതിയെക്കുറിച്ച് ആഴത്തിലുള്ള ഒരു പഠനമോ ഒന്നും ഉണ്ടായതായി അറിവില്ല. ഈ സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പത്രങ്ങളിലും മറ്റും വരുന്ന റിപ്പോർട്ടുകൾ കാണാറുണ്ട്. അവയിലൊന്നും പഠനങ്ങളോ, നിരൂപണങ്ങളോ കണ്ടിട്ടില്ല.

? ആട് ജീവിതം പോലെ അമേരിക്കയുടെ പശ്ചാതലത്തിൽ എഴുതാൻ മാത്രം ഒരു ജീവിതകഥ അമേരിക്കൻ മലയാളികൾക്കുണ്ടോ?

• ഇല്ല. അമേരിക്കൻ പ്രവാസ ചരിത്രത്തിന്, അതായത് അറുപതുകളുടെ അവസാനത്തോടെ ആരംഭിച്ച കുടിയേറ്റത്തിന് മറ്റ് സ്ഥലങ്ങളിൽ പ്രവാസികൾ അനുഭവിച്ച തിക്തത ഒരിക്കലും ഉണ്ടായിരുന്നില്ല. എന്നു മാത്രല്ല, വിട്ടുപോന്ന ഭാഷയെയും സംസ്കാരത്തെയും പാടെ തിരസ്കരിച്ച് കൊണ്ട് ഇവിടുത്തെ ജീവിതസാഹചര്യങ്ങളോട് ഇഴുകിച്ചേരാനുള്ള ആവേശമായിരുന്നു ആദ്യകാല കുടിയേറ്റക്കാർക്ക് എല്ലാം തന്നെ. ആ ആവേശത്തിന്റെ ചരിത്രത്തിന് ജീവിതഗന്ധിയായ ഒരു കഥ മെനയാൻ വേണ്ടുന്ന സൈക്കോളജിക്കൽ ഡെപ്ത് ഇല്ല.

എന്നാൽ, അതിന് എത്രോ മുമ്പേ, തെക്കേ ഇന്ത്യയിൽ നിന്ന് ഇവിടെ ആളുകൾ എത്തിയിരുന്നു. ബ്രിട്ടീഷുകരുടെ അടിമക്കൂട്ടത്തിൽ. ആ സാദ്ധ്യത അംഗീകരിക്കാൻ പോലും മലയാളിയുടെ ദുരഭിമാനം അനുവദിക്കുമെന്നു തോന്നുന്നില്ല. ആ പ്രവാസത്തിന്റെ ചരിത്രം ഉൾക്കൊള്ളുമ്പോഴേ മലയാളിയുടെ അമേരിക്കൻ കുടിയേറ്റകഥകൾക്ക് തീക്ഷ്ണത ഉണ്ടാവൂ.

## ഭാവനയുടെ നിഗൂഢതീരങ്ങളിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്ന കഥാകാരി

ജീവതാളത്തെ കഥാപാത്രങ്ങളിലേക്ക് സന്നിവേശിപ്പിച്ച് വായനക്കാരെ നിഗൂഢതയുടെ തീരങ്ങളിലൂടെ യാത്ര ചെയ്യിക്കുന്നു ലൈല അലക്സ് എന്ന കഥാകാരി. വളരെ വൈയക്തികവും സ്വകാര്യവുമായ ഒരു ഹോബിയാണ് ലൈല അലക്സിന് എഴുത്ത്. ഭാവന ഓരോ ഫ്രെയിമിലും കടന്നുവന്ന് ആ കഥകളെ മനോഹരമാക്കുന്നു. എം കൃഷ്ൻ നായർ 'മലയാളം പത്ര'ത്തിൽ ലൈല അലക്സിന്റെ കഥകളെ അഭിനന്ദിച്ച് പറഞ്ഞത് എഴുത്തുകാരിയുടെ ടാലന്റിനെ അടിവരയിട്ടുറപ്പിക്കുന്നു.

പത്തനംതിട്ട ജില്ലയിലെ കുമ്പനാടാണ് സ്വദേശമെങ്കിലും തിരുവനന്തപുരത്തായിരുന്നു ലൈലാ അലക്സിന്റെ വിദ്യാഭ്യാസകാലം. ട്രിവാൻഡ്രം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ നിന്ന് ഇംഗ്ലീഷ് ലിറ്ററേച്ചറിൽ മാസ്റ്റേഴ്സും ഹൈദരാബാദ് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗുവേജസിൽ നിന്ന് ഇംഗ്ലീഷ് അധ്യാപനത്തിൽ പി.ജി ഡിപ്ലോമയുമെടുത്തു. 1983-1995 കാലഘട്ടത്തിൽ (അമേരിക്കയിലേക്ക് കുടിയേറുംവരെ) കോഴഞ്ചേരി സെന്റ് തോമസ് കോളജിൽ ഇംഗ്ലീഷ് ലക്ചററായിരുന്നു. നിലവിൽ ഫിലഡൽഫിയ സിറ്റിയിലെ ആരോഗ്യവകുപ്പിൽ പബ്ലിക് ഹെൽത്ത് പ്രോഗ്രാം അനലിസ്റ്റായി ജോലി ചെയ്യുന്നു.

ഭർത്താവ് ഫിലഡൽഫിയ സിറ്റിയിൽ നിന്ന് വിരമിച്ച് കേരള ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നു. മകൻ ലോസ് ഏഞ്ചലസിൽ Deutsche ബാങ്ക് വൈസ് പ്രസിഡന്റാണ്.

കടൽ കടന്നെത്തിയ കഥകൾ, ലിലിത് എന്നീ രണ്ട് കഥാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചു. കേരളത്തിൽ കുങ്കുമം, കലാകൗമുദി, കേരള കൗമുദി മാസികകളിലും അമേരിക്കയിൽ മലയാളംപത്രം, കൈരളി, ഇമലയാളി വെബ് സൈറ്റിലും നിരവധി രചനകൾ പ്രസിദ്ധീകരിച്ചു.

ഹിന്ദു പത്രത്തിന്റെ 'Avatars of women's writing ' എന്ന പംക്തിയിൽ Dr ശ്രീദേവി നായർ പ്രസിദ്ധീകരിച്ച Terrains of mystery and horror' , (September 11, 2015) ലൈലയുടെ കൃതികളെ കുറിച്ചുള്ള ശ്രദ്ധേയമായ അവലോകനം ആണ്. എഴുത്തുവഴിയിൽ ഡോ. മാത്യു വെല്ലൂർ, ഡോ.എം ആർ തമ്പാൻ എന്നിവരുടെ പ്രോത്സാഹനങ്ങളെയും കഥാകാരി വിലമതിക്കുന്നു.

> ആട് ജീവിതം പോലെയല്ലെങ്കിലും അമേരിക്കൻ മലയാളിയുടെ ജീവിതത്തെ ചിത്രീകരിച്ച കൃതികൾ ഇവിടെയും ഉണ്ടാകുന്നുണ്ട്, ഉദാഹരണത്തിന് സാംസി കൊടുമൺ അടുത്ത നാളിൽ പ്രസിദ്ധീകരിച്ച നോവൽ അമേരിക്കൻ ജീവിതത്തിന്റെ കഥയാണ് പറയുന്നത്. അമേരിക്കൻ ജീവിതം ആധാരമാക്കിയുള്ള മികച്ച കഥകൾ ഇവിടുത്തെ സാഹചര്യത്തിലും പിറക്കാൻ സാധ്യതകളുണ്ട്.



# അമേരിക്കൻ മലയാളി സാഹിത്യം വളർച്ചയുടെ പാതയിൽ: വാസുദേവ് പുളിക്കൽ

? ആദ്യമായി അഭിനന്ദനം. നിങ്ങൾക്കാണു അംഗീകാരം എന്നറിഞ്ഞപ്പോൾ എന്തു തോന്നി.?

• വളരെ സന്തോഷം തോന്നി. ഇങ്ങനെയൊരു സംരംഭത്തിന് ഈമലയാളിയെ പ്രത്യേകം അഭിനന്ദിക്കുന്നു.

? അമേരിക്കൻ മലയാളി എഴുത്തുകാരൻ എന്ന് അറിയപ്പെടുന്നതോ, മലയാളത്തിലെ എഴുത്തുകാരൻ എന്നു അറിയപ്പെടുന്നതോ തൃപ്തികരമായി കണക്കാക്കുന്നു?

• അമേരിക്കൻ മലയാളി എഴുത്തുകാരൻ എന്നറിയപ്പെടാനാണിഷ്ടം.

? അമേരിക്കൻ മലയാളികൾ ഇവിടത്തെ കഥകൾ എഴുതണം അവർ വിട്ടിട്ട് പോന്ന നാടിനെക്കുറിച്ചുള്ള ഗ്രഹാതുരത്വമല്ല എന്നു പറയുന്നതിനോട് യോജിക്കുന്നുണ്ടോ?

• അമേരിക്കൻ മലയാളികൾ അമേരിക്കൻ ജീവിതവുമായി ബന്ധപ്പെട്ട കഥകൾ എഴുതുന്നതിനോടാണ് താൽപര്യം.

? ഒരു എഴുത്തുകാരനാകണമെന്ന് സ്വയം തോന്നിയതെപ്പോൾ? ആദ്യത്തെ രചന എപ്പോൾ നടത്തി, എവിടെ പ്രസിദ്ധീകരിച്ചു?

• ഹൈസ്കൂൾ ക്ലാസുകളിൽ വച്ചേ എഴുത്തിലും വായനയിലും തൽപരനായിരുന്നു. പത്താം ക്ലാസിൽ പഠിക്കുമ്പോൾ ആദ്യമായി ചെറുകഥയെഴുതി പ്രസിദ്ധീകരിച്ചു. കോളജ് മാഗസിനുകളിലും എഴുതിയിരുന്നു.

? നിങ്ങൾക്കിഷ്ടമുള്ള സാഹിത്യകൃതി? എഴുത്തുകാരൻ?

• പ്രത്യേകിച്ചൊരു കൃതി എടുത്തുപറയുന്നില്ല, എഴുത്തുകാരനെയും. മിക്കവാറും നല്ല രചനകളൊക്കെയും ഇഷ്ടമാണ്.

? നിങ്ങളുടെ അഭിപ്രായത്തിൽ അമേരിക്കൻ മലയാള സാഹിത്യം എന്നൊന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ പുരോഗതി എവിടെ എത്തിനിൽക്കുന്നു.?

• അമേരിക്കൻ മലയാളി സാഹിത്യം എന്നൊന്നുണ്ട്, അതിന്ന് വളർച്ചയുടെ പാതയിലാണ്. പത്ത് പതിനഞ്ച് വർഷം മുമ്പത്തെ സാഹിത്യവും ഇപ്പോഴത്തെ സാഹിത്യവും താരതമ്യം ചെയ്താൽ ഈ പുരോഗതി നമുക്ക് വിലയിരുത്താനാകും.

? 200 എഴുത്തുകാരും 7 വായനക്കാരുമാണു അമേരിക്കൻ മലയാളി സാഹിത്യരംഗത്ത് എന്ന് ഒരു എഴുത്തുകാരൻ അഭിപ്രായപ്പെട്ടു. നിങ്ങൾ അതെക്കുറിച്ച് എന്തു പറയുന്നു?

• അദ്ദേഹം അത് വളരെ വിലയിരുത്തി പറഞ്ഞതാണ്, അദ്ദേഹത്തിന്റെ വാക്കുകളോട് യോജിക്കുന്നു, അദ്ദേഹത്തെ അഭിനന്ദിക്കുന്നു.

? അമേരിക്കൻ മലയാള സാഹിത്യത്തിൽ ഒരു കോക്കസ്സ് വർക്ക് ചെയ്യുന്നുണ്ടോ? അതായത് ചിലർ എഴുതുന്നത് നല്ലത് എന്നു പറയാൻ, അയാളെ സഹായിക്കുന്നവർ. ചിലർ എത്ര നല്ല രചന നടത്തിയാലും അതിനെക്കുറിച്ച് മോശം പറയുന്നവർ. ഇതെപ്പറ്റി എന്തഭിപ്രായം.?

• അങ്ങനെ തോന്നുന്നില്ല, നിഷ്പക്ഷമായ അഭിപ്രായപ്രകടനങ്ങളാണ് ഉണ്ടാകുന്നതെന്നാണ് തോന്നിയിട്ടുള്ളത്. ആരെയും മോശമാക്കുന്ന കമന്റ്സ് പറയുന്ന കോക്കസൊന്നും പ്രവർത്തിക്കുന്നതായി തോന്നിയിട്ടില്ല.

? അമേരിക്കൻ മലയാള സാഹിത്യ രംഗത്ത് നിരൂപണമേയില്ലെന്ന ഒരു മുറവിളി കേൾക്കുന്നു. നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു. തൂലിക നാമത്തിലാണെങ്കിലും ഇ മലയാളിയിൽ നിത്യവും രചനകളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ വരുന്നത് ശ്രദ്ധിച്ചിരിക്കുമല്ലോ?

നിരൂപണമുണ്ട്. എനിക്ക് തോന്നുന്നത് നിരൂപണങ്ങൾക്ക് തുടക്കമിട്ടത് സുധീർ പണിക്കവീട്ടിൽ ആണെന്നാണ്. നിരൂപണങ്ങൾ ഇല്ലന്ന അഭിപ്രായത്തോട് യോജിക്കാനാകുന്നില്ല.

? ആട് ജീവിതം പോലെ അമേരിക്കയുടെ പാശ്ചാതലത്തിൽ എഴുതാൻ മാത്രം ഒരു ജീവിതകഥ അമേരിക്കൻ മലയാളികൾക്കുണ്ടോ?

• ആട് ജീവിതം പോലെയല്ലെങ്കിലും അമേരിക്കൻ മലയാളിയുടെ ജീവിതത്തെ ചിത്രീകരിച്ച കൃതികൾ ഇവിടെയും ഉണ്ടാകുന്നുണ്ട്, ഉദാഹരണത്തിന് സാംസി കൊടുമൺ അടുത്ത നാളിൽ പ്രസിദ്ധീകരിച്ച നോവൽ അമേരിക്കൻ ജീവിതത്തിന്റെ കഥയാണ് പറയുന്നത്. അമേരിക്കൻ ജീവിതം ആധാരമാക്കിയുള്ള മികച്ച കഥകൾ ഇവിടുത്തെ സാഹചര്യത്തിലും പിറക്കാൻ സാധ്യതകളുണ്ട്.



## അമേരിക്കൻ മലയാളസാഹിത്യത്തിന്റെ വളർച്ച ലക്ഷ്യമിടുന്ന ഭാഷാസ്നേഹി

അമേരിക്കൻ മലയാളികൾക്കും നാട്ടിലെ വായനക്കാർക്കും സുപരിചിതനാണ് വാസുദേവ് പുളിക്കൽ. പെരുമ്പാവൂരിൽ ജനിച്ച ഇദ്ദേഹം കോളേജ് അദ്ധ്യാപകനായി സേവനമനുഷ്ഠിച്ച്കൊണ്ട് ജീവിതയാത്ര ആരംഭിച്ചു. വിവാഹിതനായതിനു ശേഷം അമേരിക്കയിലേക്ക് കുടിയേറിയ പുളിക്കൽ ന്യൂയോർക്കിൽ സ്ഥിരതാമസമാക്കുകയും ബാങ്ക് ഓഫീസ്സറായി ജോലിയിൽ നിന്ന് വിരമിക്കയും ചെയ്തു. ബാല്യ കൗമാരങ്ങളിൽ നിന്നാരംഭിച്ച സാഹിത്യതാൽപ്പര്യം അദ്ദേഹം ഇന്നും തുടരുന്നു. കവിത, ലേഖനം, നിരൂപണം, തുടങ്ങിസാഹിത്യത്തിന്റെ വിവിധമേഖലകളിൽ തന്റേതായ വ്യക്തിമുദ്രപതിപ്പിച്ച ഇദ്ദേഹം "കാവ്യസുന്ദരികൾ" എന്ന ഒരു കവിതാസമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആനുകാലിക പ്രശ്ന ങ്ങളെ നിരീക്ഷിക്കുകയും അപഗ്രഥനം ചെയ്യുകയും ചെയ്ത് അതെക്കുറിച്ച് ഈടുറ്റ അനവധി ലേഖനങ്ങൾ അമേരിക്കയിലെ അച്ചടി/ ഓൺലൈൻ മാധ്യമങ്ങളിൽ എഴുതിയിട്ടുണ്ട്. എഴുതുന്ന വിഷയങ്ങളെ ക്കുറിച്ചുള്ള തന്റെ കാഴ്ച്ച്പ്പാട്സുതാര്യതയോടും, ഗവേഷണബുദ്ധിയോടും കൂടി അവതരിപ്പിക്കുന്നത് ഇദ്ദേഹത്തിന്റെ സവിശേഷമായ കഴിവാണ്. തികഞ്ഞ ഒരു ഭാഷാസ്നേഹിയായ ഇദ്ദേഹം എഴുത്തിനോടൊപ്പം തന്നെ മലയാള ഭാഷയുടെ വികാസത്തിനും പുരോഗതിയ്ക്കും വേണ്ടി അക്ഷീണം യത്നിക്കുന്നു. അമേരിക്കൻമലയാളികളുടെ മത-സാമൂഹ്യ-കലാ-സാംസ്കാരിക മേഖകളിൽ തന്റെ അനിഷേധ്യസാന്നിദ്ധ്യം ഇദ്ദേഹം ഉറപ്പ്‌വരുത്തുന്നു. സുഹൃദ്‌വലയങ്ങളിൽ സൗമ്യസുന്ദരൻ എന്നറിയപ്പെടുന്ന ഇദ്ദേഹം മിതഭാഷിയും സൗഹൃദബന്ധങ്ങളുടെ കൂട്ടുകാരനുമാണ്.

ഏതൊരുപ്രസ്ഥാനത്തിന്റേയും നേതൃത്വം ഏറ്റെടുക്കുമ്പോൾ അത്തരം പ്രസ്ഥാനങ്ങളുടെ ലക്ഷ്യനിർവ്വഹണത്തിനായി നിസ്വാർത്ഥസേവനം അനുഷ്ഠിക്കുക എന്ന വ്രതമുള്ളയാ ളാണ് വാസുദേവ്. ന്യൂയോർക്കിലെ കേരളസമാജം, ശ്രീനാരായണ അസ്സോസിയേഷൻ, എസ്. എൻ.ഡി.പി, വിചാരവേദി തുടങ്ങിയ സംഘടനകളുടെ തലപ്പത്തിരുന്ന് നയചാതുര്യത്തോടെ നയിക്കുകയും, പുതിയപുതിയ ആശയങ്ങൾ നടപ്പിൽവരുത്തി അവയെ അഭിവൃദ്ധിപ്രാപിപ്പിക്കുകയും ചെയ്യുന്നതിൽ വിജയം കൈവരിച്ചയാളാണ്. അമേരിക്കൻ മലയാളസാഹിത്യത്തിന്റെ വികാസവും പുരോഗതിയും ലക്ഷ്യമാക്കി പല പദ്ധതികളും ഇദ്ദേഹം നടപ്പാക്കി. അമേരിക്കൻമലയാളി എഴുത്തുകാരുടെ സംഘടനയായ ലാനയുടെ പ്രസിഡണ്ടായിരുന്നപ്പോൾ അദ്ദേഹം കൊണ്ടുവന്ന ആശയമായിരുന്നു ആഗോളപ്രവാസ അക്കാദമി. ഇത് എഴുത്തുകാർക്ക്‌വേണ്ട പ്രോത്സാഹനവും, അവരുടെ സൃഷ്ടികൾക്ക് അർഹിക്കുന്ന അംഗീകാരവും നൽകുന്നതിൽ ശ്രദ്ധപതിപ്പിക്കുന്നു. സാഹിത്യത്തിലെ ആധുനിക പ്രവണതയോട് എതിർപ്പില്ലെങ്കിലും ഭാഷയെ നഗ്നയും, വിരൂപയുമാക്കുന്ന രചനകൾ അദ്ദേഹം ഇഷ്ടപ്പെടുന്നില്ല. അദ്ദേഹത്തിന്റെ ഒരു കവിതയിൽ മലയാളഭാഷ ദേവതയെകൊണ്ട് ഇങ്ങനെചോദിപ്പിക്കുന്നു.

എന്നിലെയിതളുകൾനുള്ളിയെറിഞ്ഞും
എന്നിലെ ഗന്ധം കാറ്റിലെറിഞ്ഞും
വാക്കുകൾവെട്ടി, കുത്തിമലർത്തി
ശവമാക്കുന്നു നൂതന കവികൾ
കടലാസ്സ് പൂവായിമാറ്റുന്നു ചിലർ
എന്നെ, കവികൾ കലയില്ലാത്തോർ
പഴമയിലെന്നും പുണ്യം പുലരുമൊരനർഘ
സുന്ദര കവിതകൾ എവിടെ?

വിചാരവേദിയെന്ന സാഹിത്യസംഘടന പ്രതിമാസസാഹിത്യചർച്ചയായ് മാത്രം ചുരുങ്ങാതെ, അമേരിക്കൻമലയാളി എഴുത്തുകാരുടെ തിരഞ്ഞെടുത്ത രചനകൾ പ്രശസ്തരായ നിരൂപകരെകൊണ്ട് അപഗ്രഥനം നടത്തി അവരുടെ അഭിപ്രായങ്ങൾ അവതരിപ്പിക്കുകയും അതെക്കുറിച്ചുള്ള ചർച്ചകളുടേയും, അഭിപ്രായങ്ങളുടേയും പൂർണ്ണരൂപം നിരൂപണലേഖനമാക്കി മാദ്ധ്യമങ്ങളിൽ ആദ്യമായി പ്രസിദ്ധീകരിക്കയും ചെയ്തത് വാസുദേവാണ്. അതേപോലെ വിചാരവേദി ആദ്യമായി ഇവിടത്തെ എഴുത്തുകാരെ അംഗീകരിക്കാനും അഭിനന്ദിക്കാനുമുള്ള ഒരു വേദിയായിയൊരുക്കിയെന്നതും ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലെ സുവർണ്ണരേഖകളാണ്. നാട്ടിലെപ്രസിദ്ധീകരണങ്ങളിൽ എഴുതുന്നതിനെക്കാൾ അമേരിക്കയിലെ മലയാള പ്രസിദ്ധീകരണങ്ങളിൽ എഴുതുകയും മറ്റുള്ളവരെ എഴുതാൻ പ്രോത്സാഹിപ്പിക്കയും ചെയ്യുന്നു. ആദ്യമായി അമേരിക്കൻമലയാളസാഹിത്യത്തെക്കുറിച്ച് ഒരു ദീർഘലേഖനം എഴുതിയ ഇദ്ദേഹത്തിനു അമേരിക്കൻ മലയാള സാഹിത്യത്തിന്റെ വളർച്ചയും, പ്രശസ്തിയുമാണ് പ്രവർത്തനലക്ഷ്യം. കൈരളി അവാർഡ്, ഫൊക്കാന അവാർഡ് (രണ്ട് തവണ) കെ.എച്.എൻ.എ അംഗീകാരം, എസ്.എൻ.ഡി.പി അംഗീകാരം, കനേഡിയൻ മലയാളി പുരസ്കാരം എന്നീ ബഹുമതികൾ കിട്ടിയിട്ടുണ്ട്.

# വിശ്രമവേളയിലെ വിനോദമല്ല എനിക്ക് എഴുത്ത്: പ്രിൻസ് മർക്കോസ്



എഴുത്തുകാരന്റെ മനസ്സിൽ ശൂന്യത നിറഞ്ഞ് എഴുതാൻ പറ്റാത്ത അവസ്ഥയെ റൈറ്റേഴ്സ് ബ്ലോക്ക് എന്ന് പറയാറുണ്ട്. വാജീകരണക്ഷമമായ പുതകണ്ണുകളോടെ ലോകത്തെ നോക്കിക്കാണുന്നതാണ് റൈറ്റേഴ്സ് ബ്ലോക്ക് ഒഴിഞ്ഞ് കിട്ടാൻ ഏറ്റവും നല്ല മാർഗ്ഗം.

? ആദ്യമായി അഭിനന്ദനം. നിങ്ങൾക്കാണു അംഗീകാരം എന്നറിഞ്ഞപ്പോൾ എന്തു തോന്നി.

• അംഗീകാരം ലഭിച്ചെന്നറിഞ്ഞപ്പോൾ എന്ത് തോന്നി തുടങ്ങിയ ചോദ്യങ്ങൾ വല്ല മിമിക്രി ആർട്ടിസ്റ്റുകളോടോ മറ്റോ ചോദിച്ചു കൊള്ളു. എഴുത്തുകാരെ അത്തരം മണ്ടൻ അന്വേഷണങ്ങളിൽ നിന്ന് ഒഴിവാക്കണം.

?എഴുത്തുകാർക്ക് അവാർഡ്/അംഗീകാരം കൊടുക്കുന്നതിനെ അമേരിക്കൻ മലയാളികൾ എതിർക്കുകയോ, പരിഹസിക്കുകയോ ചെയ്യുന്നുണ്ടല്ലോ? അതേക്കുറിച്ച് എന്തു പറയുന്നു.?

•എഴുത്തുകാർക്ക് കിട്ടുന്ന അവാർഡുകൾ എന്ന് പറഞ്ഞാൽ മനുഷ്യന്റെ മസ്തിഷ്കപ്രവർത്തനത്തിനുള്ള അംഗീകാരമാണ്. എന്നുവെച്ചാൽ മറ്റു ജീവജാലങ്ങളേക്കാൾ മനുഷ്യൻ ഉന്നതനാണെന്ന വസ്തുതയെ ഒന്നുകൂടി അരക്കിട്ടുറപ്പിക്കുന്ന വ്യവഹാരം. ഇതിനെ ആരെങ്കിലും എതിർക്കുകയും പരിഹസിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അവർ അവരുടെ മനുഷ്യസ്വത്വം റദ്ദാക്കുകയാണെന്നർഥം. യാന്ത്രികമായ തൊഴിലുകളിൽ പെട്ട് സർഗ്ഗപരമോ ചിന്താപരമോ ആയ ശേഷികൾ മുരടിച്ചതിന്റെ അപകർഷതാബോധത്തിൽ നിന്ന് കൂടിയാണ് ചിലർ ഇത്തരം പ്രലപനങ്ങൾ നടത്തുന്നത്. നമുക്ക് അവരോട് സഹതപിക്കാം.

? പ്രസ്തുത മനോഭാവമുള്ള ഒരു സമൂഹത്തിൽ ഇത്തരം അംഗീകാരങ്ങൾ നിരസിക്കണമെന്നു തോന്നിയിട്ടുണ്ടോ?

• പ്രസ്തുത മനോരോഗം ഏതെങ്കിലും മലയാളി സമൂഹത്തിനുണ്ടെങ്കിൽ അതിനെ ചികിത്സിക്കുകയാണ് നമ്മൾ വേണ്ടത്.

? അമേരിക്കൻ മലയാളി എഴുത്തുകാരൻ എന്ന് അറിയപ്പെടുന്നതോ, മലയാളത്തിലെ എഴുത്തുകാരൻ എന്നു അറിയപ്പെടുന്നതോ തൃപ്തികരമായി കണക്കാക്കുന്നു?

•മലയാളത്തിൽ എഴുതുന്നതിനാൽ ഞാനൊരു മലയാളം റൈറ്ററാണ്. അമേരിക്കൻ മലയാളി എഴുത്തുകാരൻ എന്നത് ഒരു നിന്ദാവിശേഷണമായി ഉപയോഗിക്കാറുണ്ട്. ഞാനത് സ്വീകരിക്കുന്നില്ല.

? അംഗീകാരങ്ങൾ/വിമർശനങ്ങൾ/നിരൂപണങ്ങൾ/പരാതികൾ/അഭിനന്ദനങ്ങൾ ഇവയിൽ ഏതാണു നിങ്ങളുടെ അഭിപ്രായത്തിൽ ഒരു എഴുത്തുകാരനു പ്രോത്സാഹനമാകുക?

• സത്യസന്ധമായ വിമർശനങ്ങളും നിരൂപണങ്ങളുമാണ് സത്യത്തിൽ ഒരു എഴുത്തുകാരനെ വളർത്തുന്നത്. സത്യസന്ധമല്ലെങ്കിൽ അവ വിപരീതഫലം ചെയ്യും. ഉള്ളിൽ തട്ടിയുള്ള അഭിനന്ദനങ്ങൾ അംഗീകാരങ്ങളേക്കാൾ ഊർജ്ജദായകമാണ്.

? അമേരിക്കൻ മലയാളികൾ ഇവിടത്തെ കഥകൾ എഴുതണം അവർ വിട്ടിട്ട് പോന്ന നാടിനെക്കുറിച്ചുള്ള ഗ്രഹാതുരത്വമല്ല എന്നു പറയുന്നതിനോട് യോജിക്കുന്നുണ്ടോ?

• അങ്ങനെയൊരു നിയമമൊന്നും വെക്കുന്നതിൽ അർഥമില്ല. എന്നാലും പ്രവാസികളായ മലയാളികൾ തങ്ങളുടെ പ്രവാസജീവിത പരിസരങ്ങളെ സാഹിത്യമാക്കുമ്പോഴാണ് അപൂർവ്വതയുടെ ചാരുത ലഭിക്കുന്നത്. വ്യത്യസ്ത കൾച്ചറൽ റജിസ്റ്ററുകൾ ആവിഷ്ക്കരിക്കുന്നതിലൂടെ മലയാള ഭാഷയുടെ ശേഷിയും വർദ്ധിക്കുന്നു. അമേരിക്കൻ ലോകം മലയാളത്തിലൂടെ പൊട്ടിവിടരുമ്പോഴാണ് നാം അമേരിക്കയെ ശരിക്കും സ്വന്തമാക്കി അനുഭവിക്കുന്നത്. അതുവരെ എന്ത് ഗ്രീൻ കാർഡുണ്ടായാലും അത് സായിപ്പിന്റേത് മാത്രമാണ്.

? കഥ, കവിത, ലേഖനം, നിരൂപണം, സഞ്ചാരസാഹിത്യം, നർമ്മം അങ്ങനെ സാഹിത്യശാഖയിലെ മിക്ക മേഖലകളും ഒരാൾ തന്നെ കൈകാര്യം ചെയ്യുന്ന അവസ്ഥ അമേരിക്കൻ മലയാളി എഴുത്തുകാരിൽ മാത്രം കാണുന്ന ഒരു വിശേഷതയാണു എന്താണു ഒരു മേഖലയിൽ മാത്രം കാലൂന്നി അതിൽ വിജയം നേടാൻ ശ്രമിക്കാത്തത്. താങ്കൾ ഏത് കാറ്റഗറിയിൽപ്പെടുന്നു.

• വ്യത്യസ്ത സാഹിത്യശാഖകൾ ഒരേ എഴുത്തുകാരൻ തന്നെ കൈകാര്യം ചെയ്യുന്ന രീതി ഇന്ത്യയിലെ മറ്റ് ഭാഷകളിലെല്ലാം സർവ്വസാധാരണമാണ്. മലയാളം എഴുത്തുകാരാണ് സ്പെഷലൈസേഷന്റെ രീതിയിലേക്ക് പെട്ടെന്ന് പ്രവേശിക്കുന്നത്. തനിക്ക് അനുയോജ്യമായ സാഹിത്യരൂപത്തെ കണ്ടെത്തി അതിലൂടെ സ്വയം ആവിഷ്ക്കരിക്കുന്നതിൽ സർഗ്ഗാത്മകമായൊരു അനുഭൂതിയുണ്ട്. ഒന്നിലധികം രൂപങ്ങളിൽ സർഗ്ഗാത്മകമായ അനുഭൂതി ലഭിക്കുമെങ്കിൽ വ്യത്യസ്ത സാഹിത്യശാഖകൾ കൈകാര്യം ചെയ്യുന്നതിൽ തെറ്റില്ല. അല്ലാതെ ഓരോന്നിലും മാറി മാറി ഭാഗ്യം പരീക്ഷണം നടത്തുന്നവർ എവിടെയും എത്തുകയില്ല. അമേരിക്കൻ മലയാളി എഴുത്തുകാർ കഥയും കവിതയും ലേഖനവും നിരൂപണവും സഞ്ചാരസാഹിത്യവുമെല്ലാം പയറ്റുന്നതിൽ ഏതെങ്കിലും ഒന്നിൽ സർഗ്ഗാത്മകനിർവ്വഹണം കണ്ടെത്താൻ പറ്റാത്ത പരിമിതികൾ കൊണ്ടാണ്.

? നിങ്ങൾക്കിഷ്ടമുള്ള സാഹിത്യകൃതി? എഴുത്തുകാരൻ?

സൂഫി പറഞ്ഞ കഥ, ജീവിതത്തിന്റെ പുസ്തകം, ദൈവത്തിന്റെ പുസ്തകം. എഴുത്തുകാരൻ - കെ.പി രാമനുണ്ണി.

?നിങ്ങളുടെ അഭിപ്രായത്തിൽ അമേരിക്കൻ മലയാള സാഹിത്യം എന്നൊന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ പുരോഗതി എവിടെ എത്തിനിൽക്കുന്നു?

• അമേരിക്കയെ ശരിക്കും സ്വന്തമാക്കി അനുഭവിപ്പിക്കുന്ന മലയാള സാഹിത്യം ഇനിയും വളർച്ച പ്രാപിക്കേണ്ടതുണ്ട്.

? അമേരിക്കൻ മലയാളി എഴുത്തുകാരിൽ ആരുടെ രചനയൊക്കെ നിങ്ങൾ വായിച്ചിട്ടുണ്ട്. അവയിൽ നിങ്ങൾക്കിഷ്ടമായവ.?

•ഇവിടെ നല്ല എഴുത്തുകാരും നല്ല വായനക്കാരുമുണ്ട്. പക്ഷെ കൊട്ടിഘോഷിക്കപ്പെടുന്നത് മിമിക്രിക്കാരും വളിപ്പ് വിൽക്കുന്നവരുമാണ്.

? ഇ മലയാളിയിൽ എഴുതുന്നവരുടെ രചനകളെക്കുറിച്ച് തൂലികനാമത്തിൽ കമന്റ് എഴുതുന്നവരെകുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്? അത് തുടരുന്നത് നല്ലതാണൊ? അതോ നിറുത്തണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവൊ?

ഒളിച്ചിരുന്ന് കല്ലെറിയാനായി തൂലികാനാമം ഉപയോഗിക്കുന്നത് ആശാവഹമല്ല. സ്വന്തം കർതൃത്വം ഉയർത്തിപ്പിടിക്കാൻ ധൈര്യമില്ലാത്തവൻ എഴുത്തുകാരനല്ല, ഭീരുവാണ്.

? നിങ്ങൾ പൂർണ്ണസമയ എഴുത്തുകാരനോ അതോ സമയമുള്ളപ്പോൾ കുത്തിക്കുറിക്കുന്നയാളോ? എഴുത്തിനെ ഗൗരവമായി കാണുന്നുണ്ടോ? അതോ ജോലിതിരക്കിൽ നിന്നും വീണുകിട്ടുന്ന സമയം സാഹിത്യത്തിനു പയോഗിക്കാമെന്ന ചിന്തയാണോ?

• മറ്റ് മേഖലകളിലെല്ലാം ജോലിയെടുക്കുന്നുണ്ടെങ്കിലും എഴുത്തിനെ ഗൗരവമായാണ് കാണുന്നത്. വിശ്രമവേളയിലെ വിനോദപ്രവൃത്തിയല്ല എനിക്ക് എഴുത്ത്.

? എഴുത്തുകാരുടെ മനസ്സിൽ ഒരു ശൂന്യത വരാറുണ്ട്. അപ്പോൾ അവർക്ക് ഒന്നുമെഴുതാൻ കഴിയുന്നില്ല. നിങ്ങൾക്ക് അങ്ങനെ ഒരു അനുഭവം ഉണ്ടായിട്ടുണ്ടോ? എങ്കിൽ അതിനെ എങ്ങനെ തരണം ചെയ്തു?

എഴുത്തുകാരന്റെ മനസ്സിൽ ശൂന്യത നിറഞ്ഞ് എഴുതാൻ പറ്റാത്ത അവസ്ഥയെ റൈറ്റേഴ്സ് ബ്ലോക്ക് എന്ന് പറയാറുണ്ട്. വാജീകരണക്ഷമമായ പുതകണ്ണുകളോടെ ലോകത്തെ നോക്കിക്കാണുന്നതാണ് റൈറ്റേഴ്സ് ബ്ലോക്ക് ഒഴിഞ്ഞ് കിട്ടാൻ ഏറ്റവും നല്ല മാർഗ്ഗം.

? 200 എഴുത്തുകാരും 7 വായനക്കാരുമാണു അമേർക്കൻ മലയാളി സാഹിത്യരംഗത്ത് എന്ന് ഒരു എഴുത്തുകാരൻ അഭിപ്രായപ്പെട്ടു. നിങ്ങൾ അതെക്കുറിച്ച് എന്തു പറയുന്നു?

•എന്നാൽ 200 എഴുത്തുകാരും 207 വായനക്കാരും എന്ന് പറയേണ്ടിവരും. എഴുത്തുകാർ ചുരുങ്ങിയ പക്ഷം അവർ എഴുതിയതെങ്കിലും വായിക്കുമല്ലോ.

? പ്രതിദിനം അമേരിക്കൻ മലയാളികളിൽ പുതിയ പുതിയ എഴുത്തുകാർ, ചിലരൊക്കെ അറുപതും എഴുപതും കടന്നവർ പ്രത്യക്ഷപ്പെടുന്നു. അവരൊക്കെ ശരിക്കും സർഗ്ഗപ്രതിഭയുള്ളവരായിരിക്കുമോ? അത്തരക്കാരുടെ കടന്നാക്രമണം സാഹിത്യത്തെ ദുഷിപ്പിക്കുമെന്ന് പറഞ്ഞാൽ നിങ്ങൾ എങ്ങനെ പ്രതികരിക്കും.

• പ്രായമേറിയ ശേഷം എഴുത്തിലേക്ക് വരുന്നതിൽ കാര്യമില്ലെന്ന് പറയരുത്. കസാന്റ് സാക്കീസെല്ലാം അറുപതിനോടടുത്താണ് എഴുത്ത് തന്നെ തുടങ്ങി ലോകക്ലാസിക്കുകൾ രചിച്ചത്.

?അമേരിക്കൻ മലയാള സാഹിത്യത്തിൽ ഒരു കോക്കസ്സ് വർക്ക് ചെയ്യുന്നുണ്ടോ? അതായത് ചിലർ എഴുതുന്നത് നല്ലത് എന്നു പറയാൻ, അയാളെ സഹായിക്കുന്നവർ. ചിലർ എത്ര നല്ല രചന നടത്തിയാലും അതിനെക്കുറിച്ച് മോശം പറയുന്നവർ. ഇതെപ്പറ്റി എന്തഭിപ്രായം.?

കോക്കസ്സു കളി അമേരിക്കൻ മലയാളസാഹിത്യത്തിലും കേരള മലയാള സാഹിത്യത്തിലും എല്ലാം ഉണ്ട്. അതുകൊണ്ടൊന്നും കാര്യമില്ല. നല്ല എഴുത്ത് മാത്രമേ രക്ഷപ്പെടൂ. ദോഷൈകദൃക്കുകൾ എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്.

? നിരൂപണമെന്നാൽ എഴുത്തുകാരനെ ആക്ഷേപിക്കുന്നതാണോ? രചനയിലെ നന്മകൾ കണ്ടെത്തി എഴുത്തുകാരനു പ്രോത്സാഹനം നൽകുന്ന നിരൂപണരീതി നല്ലതോ ചീത്തയോ? ചീത്തയെങ്കിൽ എന്തുകൊണ്ട്?

• നിരൂപണമെന്ന് പറഞ്ഞാൽ എഴുത്തുകാരനെ അധിക്ഷേപിക്കലോ പുകഴ്ത്തലോ അല്ല. സർഗ്ഗാത്മകമായ പുതിയൊരു വായന സൃഷ്ടിക്കലാണ്. അത്തരം നിരൂപണങ്ങൾ എഴുത്തുകാരനും സമൂഹത്തിനും ഗുണം ചെയ്യും.

? ഒരു പുസ്തകത്തെപ്പറ്റി ഒരു നിരൂപകനും ഒരു കൂട്ടം വായനക്കാരും പറയുന്ന അഭിപ്രായം നിങ്ങളെ സ്വാധീനിക്കാറുണ്ടോ? അതോ നിങ്ങൾ നിങ്ങളുടേതായ അഭിപ്രായം രൂപികക്കാറുണ്ടോ?

• ഒരു പുസ്തകത്തെക്കുറിച്ച് മറ്റുള്ളവർ പറയുന്ന അഭിപ്രായങ്ങൾ നമ്മെ അത് വായിക്കാൻ പ്രേരിപ്പിച്ചേക്കാം. പക്ഷെ സ്വയം വായിച്ച് അഭിപ്രായം രൂപീകരിക്കുമ്പോൾ മാത്രമാണ് ആ പുസ്തകം നിങ്ങളുടേതാകുന്നത്.

? അവാർഡുകൾ, അംഗീകാരങ്ങൾ, അനുമോദനങ്ങൾ ഇവ നേടിയവരെ മാദ്ധ്യമങ്ങൾ കൊട്ടിഘോഷിക്കുന്നു. അതവർ അർഹിക്കുന്നില്ല, അർഹിക്കുന്നവർ വേറെ ചിലരാണു എന്ന് തോന്നിയിട്ടുണ്ടോ. ഒരു ഉദാഹരണം. സാഹിത്യ അക്കാദമി അവാർഡ് പോലുള്ളവ?

• അവാർഡുകൾക്കും അംഗീകാരങ്ങൾക്കും അമിതമായ പ്രാധാന്യം നൽകേണ്ടതില്ല. അവാർഡുകൾ പലപ്പോഴും ഒരു ചാൻസാണ്. കാലഘട്ടം, കൂടെയുള്ള കൃതികൾ എല്ലാം വളരെ നിർണ്ണായകമാണ്. വിശ്വവിഖ്യാതമായ പല എഴുത്തുകാർക്കും നോബൽ സമ്മാനം കിട്ടിയിട്ടില്ല. അതേസമയം ഒരുത്തനും അറിയാത്ത പേരുകൾ ആ ലിസ്റ്റിൽ കാണുകയും ചെയ്യാം.

*With Best Compliments from*
*Thampy Chacko, Philadelphia*



## ഫൊക്കാന പ്രസിഡന്റായി തമ്പി ചാക്കോയെ വിജയിപ്പിക്കുക

ഫോക്കാനയുടെ തുടക്കം മുതൽ മികവാർന്ന സേവനം.
പുത്തൻ ദിശാബോധവും പുത്തനുണർവും നൽകി
ഫൊക്കാനയെ അമേരിക്കൻ മലയാളികളുടെ ജിഹ്വയായി മാറ്റും.
നിക്ഷിപ്ത താല്പര്യങ്ങളോ ഹിഡൻ അജൻഡയോ ഇല്ലാതെ
അമേരിക്കൻ മലയാളികള്ക്കു സേവനമെത്തിക്കുക ദൗത്യമാക്കും.

*With Best Compliments from*
*Jose & Laly Kalapurackal*



## ഫോമാ വൈസ് പ്രസിഡന്റായി ലാലി കളപ്പുരക്കലിനെ വിജയിപ്പിക്കുക

*സേവന രംഗത്തെ മികവ്;*
*വിവിധ കർമ്മ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച നേത്രുപാടവം.*
*ഫോമയിൽ വനിതകളുടെ ശക്തമായ പ്രാതിനിധ്യം*

ASSOCIATION OF KERALA MEDICAL GRADUATES

*With Best Compliments from*

# Association of Kerala Medical Graduates
# Greater New York Chapter

## SWAD INDIAN CUISINE

BEST TASTE OF INDIA

*20 Years In Restaurant Business*

**LUNCH Buffet**

Tues- Fri $7.99 plus tax
Sat-Sun $10.99 Plus tax

**Tues- Sunday**

Express Lunch Combo $4.99
2 Meats, Plus 1 Veg, with Rice

FREE DELIVERY
$ 25.00 OR MORE
WITHIN A 5 MILE RADIUS




4 Bedford Ave,
Bergenfield, NJ
201-387-6800

**Hours**

Tues - Fri: 11:30 - 03:00pm Lunch Buffet, 05:00 - 08:30pm
Sat: 12:00 - 03:00pm Lunch Buffet, 05:00 - 8:00pm
Sun: 12:00 - 04:00pm Lunch Buffert Only



**$5.00 OFF**
Any order
of $30.00 or more
Excludes Buffet
Can not be combined
with any other offer. Exp 6/30/16_PS

**$10.00 OFF**
Any order
of $40.00 or more
Excludes Buffet
Can not be combined
with any other offer. Exp 6/30/16_PS

## Florida Realty Investments

1858 North Alafaya Trail
Suite 201
Orlando, Florida 32826

- Beautiful Summer Homes
- Single Family Homes
- Town Houses Condos
- Lakefront Homes in Orlando
- Osiola
- Seminole and Lake countries



**CHACKO KURIAN**
Tel: 321-663-8072
Email: chackomkurian@hotmail.com

EYE CARE

## Garden City Ophthalmology, P.C

**Srilata S. Naidu. M.D., F.A.A.O.**
Cornea, Refractive &
General Surgical Ophthalmology

Tel: (516) 665-9661, Fax: (516) 208-3506

877 Stewart Avenue, Suite 12
Garden City, NY 11530

## Garden City Cardiology

**Sriram Naidu. M.D.**
FACC, FACP, FCCC, FRCP (C)

Associate Professor of Clinical Medicine
877 Stewart Avenue, Suite 12
Garden City, NY 11530
Tel: 516 222 - 0838, Fax: 516 745 - 1573
snaidumd@yahoo.com, gardencitycardiologist.com

അമേരിക്കയിലെ ആദ്യത്തെ
കേരള ബ്രാന്റ് ജ്വല്ലറി
പ്രവർത്തനമാരംഭിച്ചു.

812 Km. Run Unique World Record Holder



Dr. Boby Chemmanur
(Chairman & MD)

UPTO 50% DISCOUNT
ON DIAMONDS
&
LOW GOLD RATE

Football Legend & Gold Partner



Maradona

**ATTRACTIVE LOAN RATES & EXCELLENT RETURNS ON YOUR INVESTMENT.**

*T&C Apply.

**LAYAWAY PLAN AVAILABLE.**
Gold Coin Free when you join Layaway Plan.
No need to remit last instalment (FREE)

**EMPLOYMENT & BUSINESS OPPORTUNITIES**
Full Time / Part Time (Commission & Profit Sharing)/Freelance
Opportunity for nurses, teachers, agents, insurance advisors, non teaching staff, financial consultants, retired personnel, housewives etc. to earn an extra income by becoming an

**EXECUTIVE BUSINESS PARTNER**

Interested candidates may contact: cijhouston@gmail.com

CHEMMANUR INTERNATIONAL JEWELLERS
22 & 24 KARAT GOLD AND DIAMOND JEWELLERY

BOBY & MARADONA Finance & Investment Inc.
ATTRACTIVE LOAN RATES & EXCELLENT RETURNS ON YOUR INVESTMENT

INDIA • UAE • KUWAIT • MALAYSIA • USA

5711 Hillcroft Ave STE A1, Houston, TX 77036. Phone: 713 532 2974.

Follow us on bobychemmanurofficial bobychemmanurchannel www.chemmanurinternationalgroup.com

TRADITIONALLY TRUSTED FOR 153 YEARS.

# Laxmi Sharbati Chappati Flour




*aapki roti rahe ekdam soft aur fresh*
*8 ghante baad bhi...*




## House of Spices

127-40, Willets Point Blvd., Flushing, NY 11368
E-mail: customerservice@hosindia.com, www.hoseindia.com

# Entertainment means FREEDIA!

FREEDIA ENTERTAINMENT












**www.freediaentertainment.com**